www.malankaralibrary.com

ഒക്ടോബർ 2025

# ക്രൈസ്തവ കാഹളം



മേജർ ആർച്ചുബിഷപ്പ്
കാതോലിക്കോസ്
മലങ്കര സഭയിൽ

മലങ്കര സുറിയാനി
കത്തോലിക്കാ സഭയ്ക്ക്
രണ്ടു പുതിയ മെത്രാൻമാർ

## പ്രൗഢഗംഭീരമായ പുനരൈക്യ സഭാസംഗമം

www.malankaralibrary.com




കൃപ നിറഞ്ഞ മറിയമേ, നീ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ, ജാഗരണത്തിലും വിശപ്പിലും ശുദ്ധതയിലും ജ്ഞാനത്തിലും ദീർഘക്ഷമയിലും ദയയിലും പരിശുദ്ധാത്മാവിലും നിഷ്കളങ്കസ്നേഹത്തിലും എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസിയും സഹപ്രവർത്തകയുമാണെന്നു നീ കാണിച്ചുകൊണ്ടിരുന്നു. പുനരൈക്യത്തിൻ മാതാവേ, ഞങ്ങൾ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസരും സഹപ്രവർത്തകരുമായിരിക്കാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. ആമ്മേൻ.

www.malankaralibrary.com

ഒക്ടോബർ 10


# ഓർമപ്പെരുന്നാൾ



ഭാഗ്യസ്മരണാർഹനായ ആർച്ചുബിഷപ്
ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ
ദീപ്തമായ ഓർമകൾക്കു മുന്നിൽ പ്രണാമം

www.malankaralibrary.com

ക്രൈസ്തവ കാഹളം
ഒക്ടോബർ 2025 വാല്യം 86 ലക്കം 10



# ഉള്ളടക്കം


എഡിറ്റോറിയൽ 05

പിതൃമൊഴി 06

സഭയുടെ തലവനും പിതാവുമായ മേജർ ആർച്ചുബിഷപ് - കാതോലിക്കോസ് 10

പൗരസ്ത്യ സഭകളിലെ മേജർ ആർച്ചുബിഷപ് 17

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ കാതോലിക്കാ സ്ഥാനം 25

മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് രണ്ട് പുതിയ മെത്രാന്മാർ 30

പുനരൈക്യ വാർഷികവും സഭാസംഗമവും 33

കേരള സമൂഹ നിർമിതിയിൽ ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായ്ക്ക് നിർണായക പങ്ക് 35

എല്ലാവരും ക്രിസ്തുവിൽ ഒന്നാകുവാൻ 38

പുനരൈക്യ വാർഷികാഘോഷ ദൃശ്യങ്ങൾ 43

നയതന്ത്രം പിഴയ്ക്കുന്നുവോ 49

ശ്റോഗോ ദ് ഉറ്ഹോ (വഴിവിളക്ക്) 54



രക്ഷാധികാരി
മോറാൻ മോർ ബസേലിയോസ്
കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ

പ്രിന്റർ ആന്റ് പബ്ലിഷർ
റൈറ്റ് റവ. ജെയിംസ് പാറവിള
കോർ എപ്പിസ്കോപ്പാ

എഡിറ്റർ
റവ. ഫാ. ഷീൻ പാലക്കുഴി

ചീഫ് എഡിറ്റർ
റവ. ഫാ. ബോവസ് മാത്യു
ഫോൺ: 9447661943
bovasmathew@gmail.com

പത്രാധിപ സമിതി
റവ. ഡോ. ജോൺ പടിപ്പുരക്കൽ
റവ. ഫാ. ജോസഫ് വള്ളിയാട്ട്
റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ
റവ. ഫാ. ഗീവർഗീസ് വലിയചാങ്ങവീട്ടിൽ
റവ. ഫാ. വർഗീസ് വിനയാനന്ദ് ഒ.ഐ.സി
ഡോ. കെ. വി. തോമസ്കുട്ടി
റവ. സി. ഡോ. ആർദ്ര എസ്.ഐ.സി.
റവ. സി. ഡോ. അഞ്ജലി തെരേസ് ഡി.എം.
ഡോ. ഷേർളി സ്റ്റുവർട്ട്
ശ്രീ. രാജു മാത്യു

ഉപദേശക സമിതി
ശ്രീ. ജേക്കബ് പുന്നൂസ്
റവ. ഫാ. വിൽസൺ തട്ടാരുതുണ്ടിൽ
റവ, ഫാ. തോമസ് കയ്യാലക്കൽ
ഡോ. തോമസ്കുട്ടി പനച്ചിക്കൽ
ശ്രീ. ബോബി എബ്രഹാം

സർക്കുലേഷൻ മാനേജർ
റവ. ഫാ. തോമസ് മുകളുംപുറത്ത്
9446703056

കവർ & ലേഔട്ട്
Fingraph - 9387811920
fingraphtvm@gmail.com

പ്രിന്റിംഗ്
സെന്റ് മേരീസ് പ്രസ്,
പട്ടം, തിരുവനന്തപുരം-4

വിലാസം
ക്രൈസ്തവ കാഹളം,
സമന്വയ പാസ്റ്ററൽ സെന്റർ
സെന്റ് മേരീസ് കാമ്പസ്,
പട്ടം, തിരുവനന്തപുരം-4

www.malankaralibrary.com



# റോമിലില്ലാത്തതും ഇവിടെയുള്ളതും

സീറോ മലബാർ സഭയുടെ സ്ഥാനമൊഴിഞ്ഞ മേജർ ആർച്ചുബിഷപ്പ് അത്യഭിവന്ദ്യ കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് നടത്തിയ ഒരു പ്രസംഗത്തിന്റെ ചില ഭാഗങ്ങൾ അടുത്തിടെ സോഷ്യൽ മീഡിയയിൽ കണ്ടു. വേദിയിൽ അഭിവന്ദ്യ പിതാവിനോടൊപ്പം സഹോദരീ സഭകളിലെ മറ്റ് പല പിതാക്കന്മാരും ഉണ്ടായിരുന്നു. പിതാവ് പ്രസംഗിച്ചത് അദ്ദേഹം അടുത്തിടെ ധരിച്ചുതുടങ്ങിയ കറുത്ത പുറം കുപ്പായത്തെക്കുറിച്ചും തലയിൽ വച്ചിരുന്ന മുടിത്തൊപ്പിയെക്കുറിച്ചും ആയിരുന്നു. അത്തരമൊരു വേഷവിധാനം ധരിക്കുവാനിടയായ പശ്ചാത്തലവും സാഹചര്യവും അഭിവന്ദ്യ പിതാവ് വിവരിക്കുകയായിരുന്നു. അതിനിടയിൽ 'സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് യാക്കോബായ ഓർത്തഡോക്സ് സഭകളിലെ സഭാ തലവന്മാരെപ്പോലെ കാതോലിക്കാ ബാവ എന്നാണ് വിളിക്കപ്പെടേണ്ടിയിരുന്നത്. എന്നാൽ ഞങ്ങൾക്ക് റോമിൽ നിന്ന് അത് കിട്ടാത്തതുകൊണ്ട് ഉപയോഗിക്കുന്നില്ല എന്നേ ഉള്ളൂ' എന്ന് അദ്ദേഹം പരാമർശിക്കുകയുണ്ടായി. വേദിയിൽ അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്ന മറ്റ് പിതാക്കന്മാരോടാണ് അദ്ദേഹമിത് പറഞ്ഞത്.

2005 ൽ മലങ്കര സുറിയാനി കത്തോലിക്കാ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തപ്പെട്ടപ്പോൾ പുതിയ മേജർ ആർച്ചുബിഷപ്പിന്റെ സ്ഥാനാരോഹണ ശുശ്രൂഷയിൽ അന്ന് മുഖ്യാതിഥിയായിരുന്ന സീറോ മലബാർ സഭയുടെ അന്നത്തെ മേജർ ആർച്ചുബിഷപ് അത്യഭിവന്ദ്യ കർദിനാൾ മാർ വർക്കി വിതയത്തിൽ പിതാവ് സിറിൽ ബസേലിയോസ് ബാവാ തിരുമേനിയെ കാതോലിക്കാ ബാവ എന്ന് അഭിസംബോധന ചെയ്തുകൊണ്ട് പരസ്യമായി പ്രസംഗിച്ചു 'മലങ്കര സഭയുടെ പാരമ്പര്യമനുസരിച്ച് ഈ സഭയുടെ പുതു തലവൻ കാതോലിക്കാ ബാവ എന്ന് തന്നെയാണ് വിളിക്കപ്പെടേണ്ടത്'

ഈ രണ്ട് സാഹചര്യവും ഇവിടെ വിവരിക്കുവാൻ ഇടയായത് ചില കേന്ദ്രങ്ങളിൽ നിന്നും ഉത്തരവാദിത്വപ്പെട്ടവർ തന്നെ ചില സന്ദേഹങ്ങൾ ഉന്നയിക്കുന്നതുകൊണ്ടും അർധസത്യങ്ങൾ പ്രചരിപ്പിക്കുന്നതുകൊണ്ടുമാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തപ്പെട്ട നാൾ മുതൽ അതിന്റെ തലവനും പിതാവുമായ മേജർ ആർച്ചുബിഷപ്പിനെ 'കാതോലിക്കാ ബാവ' എന്നാണ് സഭാമക്കൾ ഏവരും

www.malankaralibrary.com

വിളിക്കുന്നത്. അന്ന് അത്യഭിവന്ദ്യ സിറിൽ ബസേലിയോസ് ബാവാ തിരുമേനിയോട് മാധ്യമപ്രവർത്തകർ ചോദിച്ചു റോമിൽ നിന്ന് ലഭിക്കാതെ എങ്ങനെയാണ് 'കാതോലിക്കാ ബാവ' എന്ന് വിളിക്കുന്നത്. അന്ന് അദ്ദേഹം ആ ചോദ്യത്തിന് കൊടുത്ത മറുപടി ശ്രദ്ധേയമാണ്: 'റോമിൽ നിന്ന് കിട്ടിയില്ല എന്നത് ഒരു അർദ്ധസത്യം മാത്രമാണ്. കാരണം റോമിൽ നിന്ന് കിട്ടാൻ റോമിനോട് ആരും ചോദിച്ചില്ല. അതിന് ഇത് റോമിലില്ല എടുത്തു തരാൻ. അത് ഇവിടെയാണ് ഉള്ളത്. അത് എടുത്ത് ഉപയോഗിക്കാനുള്ള അധികാരവും സ്വാതന്ത്ര്യവുമാണ് മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലൂടെ ഈ സഭയ്ക്ക് ലഭിച്ചിരിക്കുന്നത്'.

കത്തോലിക്കാ സഭയുടെ പൗരസ്ത്യ കാനൻ നിയമമനുസരിച്ച് പാത്രിയായർക്കൽ സഭകൾക്ക് ഒപ്പം വളർച്ചയും പാരമ്പര്യവും പക്വതയും പ്രകടമാക്കുമ്പോൾ വിവിധ സഭകളെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭകളായി ഉയർത്തും. പൗരസ്ത്യ കാനൻ നിയമമനുസരിച്ച് ഇത്തരം സഭകൾ പാത്രിയാർക്കൽ സഭകൾക്ക് തുല്യവും മേജർ ആർച്ചുബിഷപ്പ്, പാത്രീയാർക്കീസിന് തുല്യവുമാണ്. ഇത്തരം നിയമ കാര്യങ്ങളിൽ അവഗാഹമില്ലാത്തവരാണ് അനാവശ്യ വിവാദങ്ങൾക്ക് താൽപര്യമെടുക്കുന്നത്. അത് മാത്രവുമല്ല മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ അതിന്റെ പ്രത്യേക നിയമങ്ങൾ ക്രോഡീകരിക്കപ്പെട്ടപ്പോൾ 'സഭയുടെ തലവൻ മേജർ ആർച്ചുബിഷപ്പ് കാതോലിക്കോസ് എന്ന് വിളിക്കപ്പെടും' എന്ന കാര്യം എഴുതിച്ചേർക്കപ്പെട്ടിട്ടുണ്ട്. പൗരസ്ത്യ തിരുസംഘം വഴി പരിശുദ്ധ മാർപാപ്പ തിരുമേനി ഈ പ്രത്യേക നിയമ സംഹിതയ്ക്ക് അംഗീകാരം നൽകിയിട്ടുള്ളതുമാണ്. മലങ്കരയിലെ ഇതര സഭാതലവൻമാർ കാതോലിക്കാ ബാവാ എന്ന് അറിയപ്പെടുന്നതുപോലെയും വിളിക്കപ്പെടുന്നതുപോലെയും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മേജർ ആർച്ചുബിഷപ്പ് ഈ സഭയിൽ കാതോലിക്കാ ബാവ എന്ന് അറിയപ്പെടും, വിളിക്കപ്പെടും!



**ഫാ. ബോവസ് മാത്യു**
ഫോൺ: 9447661943
bovasmathew@gmail.com

www.malankaralibrary.com

# പിതൃമൊഴി

## മെത്രാഭിഷേക ശതാബ്ദി നിറവിൽ ധന്യൻ മാർ ഈവാനിയോസ്

മലങ്കരയുടെ സൂര്യതേജസ്, ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത വിശുദ്ധ ശ്ലീഹൻമാരുടെ പിൻഗാമിയായി, ഒരു മേൽപ്പട്ടക്കാരനായി അഭിഷേകം ചെയ്യപ്പെട്ടതിന്റെ നൂറാം വർഷത്തിൽ, തപോധനനായ ഭാഗ്യസ്മരണാർഹനായ ജേക്കബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ തിരുമേനിയുടെ വൈദികപട്ടത്തിന്റെ നൂറാം വർഷത്തിൽ, മലങ്കരയുടെ സാർവത്രിക ബന്ധം വിളിച്ചറിയിച്ച പുനരൈക്യ സംഭവത്തിന്റെ തൊണ്ണൂറ്റിയഞ്ചാം വാർഷിക സംഗമം ഏതാനും ദിവസങ്ങൾക്കു മുൻപ് നാം ആഘോഷിക്കുകയുണ്ടായി. ഈ കാലയളവ് ദൈവത്തോടു നന്ദി പറയാനും നാളിതു വരെ അവിടുന്നു തന്ന അനുഗ്രഹങ്ങൾക്കായി അവിടുത്തെ മുമ്പിൽ കരങ്ങൾ കൂപ്പാനുമുള്ള സമയമാണ്. 'എന്റെ കർത്താവും എന്റെ ദൈവവുമേ' എന്നു വിളിക്കാൻ സ്വർഗത്തിലെ ദൈവം നമുക്കു വലിയ കരുണ ചെയ്യുന്നു.

കന്യാകുമാരി മുതൽ കർണാടകത്തിന്റെ അതിർത്തി വരെ തിരുവനന്തപുരത്തെ ആർച്ചുബിഷപ് ഭാഗ്യസ്മരണാർഹനായ ആർച്ചുബിഷപ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായും തിരുവല്ലാ രൂപതയുടെ ഭാഗ്യസ്മരണാർഹനായ മാർ അത്തനാസിയോസ് തിരുമനസ്സു കൊണ്ടും ശുശ്രൂഷ നിർവഹിച്ചിരുന്ന ബൃഹത്തായ ഒരു ഭൂപ്രദേശം ഉൾക്കൊള്ളുന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭയെ ദൈവം ഇന്നു കാണുന്ന സഭാ ഔന്നത്യത്തിലേക്കും വിവിധ ശുശ്രൂഷകളിലേക്കും വഴിനടത്തിയതിന് എത്ര നന്ദി പറഞ്ഞാലാണ് മതിയാവുക.



ഭാഗ്യമോടെ സാർവത്രിക സഭയെ നയിച്ച് നമ്മുടെ ആസ്ഥാന ദൈവാലയമായ പട്ടത്തെ സെന്റ് മേരീസ് കത്തീഡ്രലിലെത്തി പരിശുദ്ധ മദ്ബഹാ ചുംബിച്ച ഭാഗ്യസ്മരണാർഹനായ വിശ്വപൗരൻ വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പാ 2005 ഫെബ്രുവരി 10 ന് നമ്മുടെ സഭയെ പാത്രിയാർക്കൽ സംവിധാനത്തോടു ചേർന്നു നിൽക്കുന്ന മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തി. പാത്രിയർക്കീസ് കഴിഞ്ഞാൽ സഭയിലെ രണ്ടാമത്തെ സ്ഥാനമായ മേജർ ആർച്ചുബിഷപ് എന്ന പരമാന്നതമായ സ്ഥാനം സഭാതലവനു നൽകി. അപ്പസ്തോലിക മലങ്കര സഭ ആർജ്ജിച്ചെടുത്ത 'കാതോലിക്കോസ്' എന്ന പ്രാദേശികവും സഭാപരവുമായ പദവി സ്വാംശീകരിച്ച് മേജർ ആർച്ചുബിഷപ് - കാതോലിക്കോസ് എന്ന നാമധേയത്തിൽ സഭാ ശുശ്രൂഷ നിർവഹിക്കാനുള്ള അവസരവും കൃപയും നൽകി മലങ്കര സുറിയാനി കത്തോലിക്കാ സഭയെ സാർവത്രിക സഭാബന്ധത്തിൽ അനുദിനം വളർത്തിക്കൊണ്ടിരിക്കുന്നു. നമ്മുടെ പാരമ്പര്യങ്ങൾ നിലനിർത്തിക്കൊണ്ടു തന്നെ സാർവ്വത്രിക സഭാകൂട്ടായ്മയിൽ, മലങ്കര സഭയുടെ തനിമയിൽ നമ്മെ ചേർത്തു നിർത്തുകയും സ്വയംഭരണാവകാശത്തെ അംഗീകരിക്കുകയും ചെയ്തത് സഭാബന്ധത്തിന്റെ സജീവ അടയാളമാണ്.

ഇത്തരുണത്തിൽ നമ്മോടു ചേർന്നു നിൽക്കുന്ന എല്ലാ വിശുദ്ധ ജീവിതങ്ങളെയും നന്ദിയോടെ ഓർക്കുന്നു. അഭിവന്ദ്യരായ നമ്മുടെ പിതാക്കൻമാർ, വൈദികർ, സന്യസ്തർ, വൈദിക വിദ്യാർത്ഥികൾ, അൽമായ പ്രേഷിതർ, നമ്മുടെ കുടുംബങ്ങൾ തുടങ്ങി എല്ലാവരെയും നന്ദിയോടെ ദൈവസന്നിധിയിൽ ഓർക്കുന്നു. നമ്മെ സാർവത്രിക സഭാ ബന്ധത്തിൽ എത്തിക്കുന്നതിനുള്ള ഊഷ്മളമായ ബന്ധം നമുക്കു നൽകുന്ന സീറോ മലബാർ സഭയും പുനരൈക്യപ്രസ്ഥാനത്തിന് എപ്പോഴും ബലവും ധൈര്യവും നൽകുന്ന ലത്തീൻ സഭയും നമുക്കു നൽകുന്ന അതുല്യമായ സഭാബന്ധവും നൽകിയിട്ടുള്ള പരിധിവയ്ക്കാത്ത പ്രോത്സാഹനവും കൃതജ്ഞതയോടെ ഓർക്കുന്നു. സഹോദരീ സഭകൾ, ഇതര മതങ്ങൾ, സമുദായങ്ങൾ, ജനാധിപത്യ രാഷ്ട്രീയ സാംസ്കാരിക പ്രക്രിയകളിൽ ഉൾപ്പെട്ടുനിൽക്കുന്നവർ തുടങ്ങി എല്ലാവരോടും സൗഹാർദ്ദത്തോടെ നന്ദിപറയുന്നു.

പുനരൈക്യ ശതാബ്ദിയിലേക്ക് നമുക്കിനി അഞ്ചു വർഷം മാത്രമാണ് ബാക്കിയുള്ളത്. ഇത് തീവ്രമായ ഒരുക്കത്തിന്റെ കാലഘട്ടമാണ്. അതിന്റെ ഭാഗമായി കഴിഞ്ഞ ഒരു വർഷക്കാലം നാം വചന വർഷമായി ആചരിച്ചു. വിശുദ്ധ വചനത്തിലൂടെ യേശുവിനെ കൂടുതൽ അറിയുവാനും കണ്ടുമുട്ടുവാനും വചനവർഷത്തിൽ നാം ശ്രമിച്ചു. ഈ വർഷം ആരാധനയുടെ വിവിധ തലങ്ങളെക്കുറിച്ച് കൂടുതൽ അറിയുവാനും ആരാധനയിലൂടെ യേശുവിനെ കൂടുതൽ അനുഭവിക്കുവാനും ജീവിതത്തിന്റെ ഭാഗമാക്കുവാനും നാം പരിശ്രമിക്കുകയാണ്. ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുക (യോഹ 4: 23) എന്ന ആപ്തവാക്യത്തിലധിഷ്ഠിതമായാണ് ആരാധനക്രമവർഷത്തിന്റെ പഠനരേഖയും കർമപദ്ധതിയും വിഭാവനം ചെയ്തിരിക്കുന്നത്.

ആരാധനക്രമം മലങ്കരസഭയുടെ സ്വത്വത്തെ വെളിപ്പെടുത്തുന്ന അടിസ്ഥാന യാഥാർത്ഥ്യമാണ്. ആരാധനക്രമത്തിലധിഷ്ഠിതമായ ആദ്ധ്യാത്മികത മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ആത്മീയതയുടെ മർമ്മമാണ്. ആരാധനക്രമ

www.malankaralibrary.com

ആദ്ധ്യാത്മികതയിലൂടെ യേശുവിനെ കൂടുതൽ അനുഭവിക്കുവാനും യേശുവുമായി ആഴപ്പെട്ട വ്യക്തിബന്ധത്തിൽ വളരുവാനും സാധിക്കും. ഈ പശ്ചാത്തലത്തിൽ ആരാധനകമ ആധ്യാത്മികതയിലെ കൂദാശകൾ, (പ്രത്യേകിച്ച് കുർബാന, കുമ്പസാരം, മാമോദീസ, സ്ഥൈര്യലേപനം, രോഗീലേപനം (വിവാഹം എന്ന കൂദാശയെക്കുറിച്ച് കുടുംബ വർഷത്തിലും, പട്ടത്വത്തെക്കുറിച്ച് ദൈവവിളി വർഷത്തിലും ചർച്ച ചെയ്യുന്നതാണ്) യാമപ്രാർത്ഥനകൾ, നോമ്പിലെ വർജന-ഉപവാസം, നമ്മുടെ കർത്താവിന്റെ പെരുന്നാളുകൾ, എന്നിവയെക്കുറിച്ച് വിശ്വാസികൾക്ക് വ്യക്തമായ അറിവും ബോധ്യവും ആരാധനയിലുള്ള അനുഭവവും നൽകുവാൻ ആരാധനക്രമ വർഷം ലക്ഷ്യം വയ്ക്കുന്നു. എല്ലാവരുടെയും സമർപ്പണവും ശ്രദ്ധയും ഈ വർഷാചരണത്തിൽ ഉണ്ടാകേണ്ടതാണ്.

ആരാധനാക്രമത്തിൽ അധിഷ്ഠിതമായ ജീവിതം എന്നു പറയുന്നത് ഏതോ കർമവിധികളുടെ കാര്യമാണെന്ന് വളരെ പരിമിതമായി ചിന്തിക്കുന്നവരുണ്ടാകും. വിശ്വസിക്കുന്നത് പ്രാർത്ഥിക്കുന്ന, പ്രാർത്ഥിക്കുന്നത് ആഘോഷിക്കുന്ന ഒരു ജീവിതശൈലിയും സംസ്കാരവുമാണ് നമ്മുടേത്. ആരാധനയുടെ മർമ്മം തിരിച്ചറിയുവാൻ പഠനം വേണം. ആരാധനയുടെ വേദശാസ്ത്രം നമുക്ക് സ്വാംശീകരിക്കേണ്ടതുണ്ട്. അറിവുള്ളത് ആകെയുള്ളതിന്റെ ഒരംശം മാത്രവും ഏറിയ പങ്ക് അജ്ഞതയുമാണെന്ന സത്യം മറക്കാതെയിരിക്കാം. പഠനവും ധ്യാനവും പ്രാർത്ഥനയും അതിന് വ്യത്യാസം വരുത്തും.

ഈ നന്മകൾക്കെല്ലാം മകുടം ചാർത്തുന്ന തരത്തിൽ ദൈവം നമ്മെ അനുഗ്രഹിച്ചതിന്റെ ഭാഗമായി നമ്മുടെ സഭയ്ക്ക് രണ്ടു പുതിയ മേൽപ്പട്ടക്കാരെക്കൂടി ലഭിച്ചിരിക്കുന്നു. സഭയുടെ യൂറോപ്പിലെ അപ്പസ്തോലിക ശുശ്രൂഷകൾക്കായി യുകെയിലെ സഭാതല കോ ഓർഡിനേറ്റർ മോൺ. ഡോ. കുരിയാക്കോസ് തടത്തിൽ യൂറോപ്പിലെ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അപ്പസ്തോലിക വിസിറ്റേറ്ററായും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ ചാൻസിലർ മോൺ. ഡോ. ജോൺ കുറ്റിയിൽ മേജർ അതിഭദ്രാസന സഹായമെത്രാനായും നിയമിതനായി. നിയുക്ത മെത്രാൻമാരുടെ അഭിഷേക ശുശ്രൂഷകൾ 2025 നവംബർ 22 ന് പട്ടം സെന്റ് മേരീസ് ആർക്കി എപ്പാർക്കിയൽ കത്തീഡ്രലിൽ വച്ച് നടക്കുന്ന കാര്യം കൂടി എല്ലാവരേയും അറിയിക്കുന്നു. ഇവരെ രണ്ടു പേരെയും അവരിൽ ഭരമേൽപ്പിക്കപ്പെടാൻ പോകുന്ന ശുശ്രൂഷകളെയും നമുക്ക് പ്രാർത്ഥനയിൽ ബലപ്പെടുത്തണമെന്ന് സ്നേഹത്തോടെ എല്ലാവരേയും ഞാൻ ഓർമപ്പെടുത്തുന്നു. ദൈവം എല്ലാവരേയും അനുഗ്രഹിക്കട്ടെ!

നിങ്ങളുടെ പിതാവ്

✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവ
മേജർ ആർച്ചുബിഷപ്-കാതോലിക്കോസ്

www.malankaralibrary.com



# സഭയുടെ തലവനും പിതാവുമായ മേജർ ആർച്ചുബിഷപ് – കാതോലിക്കോസ്



ആർച്ചുബിഷപ് തോമസ് മാർ കൂറിലോസ്
തിരുവല്ലാ അതിഭദ്രാസനാദ്ധ്യക്ഷൻ, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരിശുദ്ധ എപ്പിസ്കോപ്പൽ സൂനഹദോസ് സെക്രട്ടറി

പരിശുദ്ധ മലങ്കര കത്തോലിക്കാസഭയെക്കുറിച്ചുള്ള ദൈവപദ്ധതി അനുദിനം ചുരുളഴിഞ്ഞു കൊണ്ടിരിക്കുകയാണ്. മാർതോമാശ്ലീഹായുടെ ശ്ലൈഹിക പിന്തുടർച്ചയും കത്തോലിക്കാസഭയിലെ സംസർഗ്ഗവും പുരാതനമായ ആരാധനാപാരമ്പര്യവും നമ്മെ ഏറെ അഭിമാനപുളകിതരും എന്നാൽ വിനയാന്വിതരുമാക്കുന്നു. പുണ്യശ്ലോകനും മാനവ പരിഷ്കർത്താവും ക്രാന്തദർശിയുമായിരുന്ന ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ അതിശ്രേഷ്ഠവും അതുല്യവുമായ നേതൃത്വവും



സമർപ്പണവും നമ്മെ എല്ലാവരുടെയും മുമ്പിൽ സ്വീകാര്യരാക്കുന്നു. പരി. മാർപ്പാപ്പ തിരുമേനിയാൽ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി നാം 2005 ൽ ഉയർത്തപ്പെട്ടുവല്ലോ. ഒരു സഭയുടെ വ്യക്തിത്വവും പാരമ്പര്യവും സുവിശേഷശുശ്രൂഷയും കാത്തുപരിപാലിക്കുന്നതിനും പൊതുവിൽ സഭാഗാത്രത്തെ പടുത്തുയർത്തുന്നതിനുംവേണ്ടിയാണ് ഓരോ സഭയ്ക്കും അതതിന്റേതായ സ്വാതന്ത്ര്യവും നിയോഗവും ലഭിക്കുന്നത്. നമ്മുടെ സഭയുടെ തലവനും പിതാവുമായി സഭകളും പൊതുസമൂഹവും ഇന്നോളം അംഗീകരിച്ചുവന്നത് മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാ എന്ന നാമമാണ്. സൗകര്യത്തെപ്രതി നാം കാതോലിക്കാ ബാവ എന്ന് സംബോധന ചെയ്യുന്നു. പാത്രിയർക്കീസിനുള്ള അധികാരമാണ് ഈ മേജർ ആർച്ചുബിഷപ്പ്-കാതോലിക്കായ്ക്കുള്ളത്. ഒരു സ്വയം ഭരണാധികാരമുള്ള സഭ ശ്രദ്ധിക്കേണ്ടത് അതിന്റെ തനതു പാരമ്പര്യങ്ങളെ സംരക്ഷിക്കുന്നതിനും ഊട്ടിവളർത്തുന്നതിനുമാവണം. കത്തോലിക്കാസഭ എന്നത് വിവിധ വ്യക്തിഗതസഭകളുടെ കൂട്ടായ്മയാണ്. 24 വ്യക്തിഗത സഭകൾ ഒരുമിച്ച് ഈ കത്തോലിക്കാ പൈതൃകത്തിൽ തങ്ങളുടെ സമാധാനവും നിയോഗവും ജീവിക്കുന്നു.

സഭ എന്നത് യേശുക്രിസ്തുവിന്റെ പിന്തുടർച്ചയാണ്. യേശുക്രിസ്തു പിതാവായ ദൈവത്തിന്റെ കൂദാശ ആയിരിക്കുന്നതുപോലെ ക്രിസ്തുവിന്റെ കൂദാശയാണ് സഭ. ക്രിസ്തുവിനെ കണ്ടുമുട്ടുന്നതും രക്ഷ അനുഭവിക്കുന്നതും സഭയിലൂടെയും അവളുടെ കൂദാശയിലൂടെയുമാണ്. ക്രിസ്തുവിനെ പോലെ ദൈവികവും മാനുഷികമായ ഘടകങ്ങൾ ഒന്നുചേർന്ന് സങ്കീർണമായ യാഥാർത്ഥ്യമാണ് സഭ. കാതോലികവും ശ്ലൈഹീകവും ഏകവും വിശുദ്ധവുമായതാണ് സഭ. ക്രിസ്തുനാഥൻ സ്ഥാപിച്ച സഭയാണ് കത്തോലിക്കാ സഭ. വിശുദ്ധ കുർബ്ബാനയുടെ തനിമയും പട്ടത്വവും ഉൾക്കൊണ്ടിരിക്കുന്ന ഓർത്തഡോക്സ് സഭകളെ കത്തോലിക്കാ സഭ സഭകളായി അംഗീകരിക്കുന്നു. രക്ഷയുടെ മാർഗ്ഗം ഇവയിൽ ഉണ്ടെന്നും എന്നാൽ ക്രിസ്തു ആഗ്രഹിച്ച സഭകളുടെ ഐക്യത്തിലേക്ക് എല്ലാവരും കടന്നുവരണമെന്നും കത്തോലിക്കാ സഭ ആഗ്രഹിക്കുന്നു. വിശ്വാസ കൂട്ടായ്മയും ദൃശ്യമായ ഐക്യവും നിലനിർത്തപ്പെടുന്നത് പൗരോഹിത്യത്തിലൂടെയാണ്. 'അപ്പസ്തോലന്മാരും പ്രവാചകന്മാരുമായ അടിത്തറമേൽ നിങ്ങൾ പണിയപ്പെട്ടിരിക്കുന്നു' (എഫ: 2:20). വീണ്ടും വി. യോഹന്നാൻ ഒന്നാം ലേഖനത്തിൽ പറയുന്നു: 'ആദിയിൽ ഉണ്ടായിരുന്നതും ഞങ്ങൾ കണ്ടതും കേട്ടതും സൂക്ഷിച്ചു വീക്ഷിച്ചതും സ്വന്തം കരങ്ങൾ കൊണ്ട് സ്പർശിച്ചതുമായ ജീവന്റെ വചനത്തെ നിങ്ങളെ അറിയിക്കുന്നു. എന്തെന്നാൽ അങ്ങനെ നിങ്ങൾക്ക് ഞങ്ങളോടു കൂട്ടായ്മ ഉണ്ടാകുവാൻ. ഞങ്ങളുടെ കൂട്ടായ്മയാകട്ടെ യേശുക്രിസ്തുവിനോടും അവന്റെ പിതാവായ ദൈവത്തോടും'. അപ്പോസ്തോലന്മാർ വിവിധ സ്ഥലങ്ങളിൽ സുവിശേഷം പ്രഘോഷിക്കുകയും കർത്താവ് കല്പ്പിച്ചവ പഠിപ്പിക്കുകയും ആവിഷ്കരിക്കുകയും ചെയ്തു. അങ്ങനെ വിവിധ സംസ്കാരങ്ങളിൽ സഭയും, ആരാധനയും നിലവിൽ വന്നു. എന്നാൽ അവരെല്ലാവരും ഒരുമയിൽ ആയിരുന്നു. മിലാൻ വിളംബരത്തിനു ശേഷം റോമിന്റെ ഔദ്യോഗിക മതമായി ക്രിസ്തുമതം പരിണമിക്കുകയും തുടർന്ന് സാമ്രാജ്യവുമായി ബന്ധപ്പെട്ട് സഭകൾ വളരുവാനും പിളരുവാനും ഇടയായി.

പൗരസ്ത്യസഭകളുടെ പാരമ്പര്യങ്ങളും ഉൾഭരണസ്വാതന്ത്ര്യവും അംഗീകരിച്ച് സഭകളെ പാത്രിയാർക്കൽ, സഭകളായി ഉയർത്തണം എന്ന് സഭാപിതാക്കന്മാർ തീരുമാനിച്ചു (Vat II :). അതനുസരിച്ചുള്ള നിയമനിർമ്മാണങ്ങൾ ആണ് നടത്തപ്പെട്ടതും. 1991 ൽ CCEO എന്ന പേരിൽ പൗരസ്ത്യ സഭാനിയമസംഹിത പ്രാബല്യത്തിൽ വന്നു. സാധിക്കുന്നത്രയും സഭകളെ പൂർണ്ണ സ്വാതന്ത്ര്യത്തിലേക്കു എത്തിക്കണം എന്ന ആശയത്തിന് കൗൺസിലിൽ പ്രാബല്യം ലഭിച്ചു. സഭയുടെ ഘടനയേയും ഹൈറാർക്കിയേയും സംബന്ധിക്കുന്ന കാര്യത്തിൽ വിവിധ സ്ഥാനങ്ങളെക്കുറിച്ചും അതിന്റെ തലവന്മാർക്ക് ലഭിക്കേണ്ട പദവികളെക്കുറിച്ചും സഭയുടെ സ്വാതന്ത്ര്യത്തെപ്പറ്റിയുമുള്ള ചർച്ചകളിൽ മുഖ്യമായത് 4 തരത്തിലുള്ള സഭാവിഭാഗങ്ങളെയാണ്. സഭയുടെ തലവനെ ആശ്രയിച്ച് അതിന്റെ പേരും അപ്രകാരം അറിയപ്പെട്ടു. അങ്ങനെ പാത്രിയർക്കൽ, മേജർ ആർക്കി എപ്പിസ്കോപ്പൽ, മെത്രാ

പ്പോലീത്തൻ, മറ്റു സഭാവിഭാഗങ്ങൾ എന്ന പേരുകൾ നിർദ്ദേശിക്കപ്പെടുകയും അവ പൊതുവിൽ അംഗീകരിക്കപ്പെടുകയും ചെയ്തു. ഇവയ്ക്കുപുറമെയുള്ള മറ്റു സംജ്ഞകളെയും പദവികളെയും പ്രത്യേക കാനോനകളിൽ ചിട്ടപ്പെടുത്തുവാൻ സഭാപിതാക്കന്മാർ തീരുമാനിച്ചു. പൊതുവിൽ സഭകൾ പാലിക്കേണ്ട അത്യാവശ്യ നിയമങ്ങൾ അല്ലാതെ മറ്റൊന്നും പൊതുനിയമ സംഹിതയിൽ തീരുമാനിച്ചില്ല. ഏതെങ്കിലും ഒരു പ്രത്യേക പാരമ്പര്യമോ കീഴ്വഴക്കമോ പ്രത്യേക നിയമസംഹിതയുടെ പരിധിയിൽ കൊണ്ടുവരാതെ സഭകളുടെ കെട്ടുറപ്പും ഐക്യവും നിലനിർത്താൻ ശ്രമിച്ചു. ഈ പശ്ചാത്തലത്തിൽ ആണ്





പൊതുനിയമത്തിൽ പറഞ്ഞിട്ടില്ലാത്തതും എന്നാൽ മലങ്കരയുടെ പൈതൃകത്തിലെ അവിഭാജ്യവുമായ കാതോലിക്ക എന്ന നാമത്തെപ്പറ്റി ചിന്തിച്ചത്. ഈ കാര്യമാണ് കാനൻ നിയമത്തിലും സഭാ ശാസ്ത്രത്തിലും പ്രാവീണ്യമുണ്ടായിരുന്ന ന്യൂൺഷിയോ പെദ്രോ ലോപ്പസ് ക്വിന്താന തിരുമേനി 2005 മലങ്കര കത്തോലിക്കാ സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തിയ പ്രഖ്യാപന വേളയിൽ സ്ഥിരീകരിച്ചു പറഞ്ഞത്. പൗരസ്ത്യസഭകളുടെ മുൻ നിയമസംഹിതയിൽ കാതോലിക്കോസ് എന്ന നാമം ഉപയോഗിച്ചിരുന്നു. തികച്ചും ഗ്രീക്കുപാരമ്പര്യത്തിൽ ഉപയോഗിച്ചുവന്ന സംജ്ഞ നമ്മുടെ നാടിനും സഭാമക്കൾക്കും അന്യമാണെന്ന കാര്യം മനസിലാക്കിയാണ് ഇപ്രകാരം കാതോലിക്ക എന്ന പദം ഉപയോഗിച്ചത്. ഈ വിഷയങ്ങൾ അതിന്റെ സമഗ്രതയിൽ പഠിച്ച് മലങ്കര സഭ നിർമ്മിച്ച പ്രത്യേക കാനൻ നിയമങ്ങൾ, 'മലങ്കര കത്തോലിക്കാസഭയുടെ പ്രത്യേക കാനോനകൾ' എന്ന സംഹിത മാർപ്പാപ്പ അംഗീകരിച്ച് അതിനെ പൊതുകാനോന സമ്പത്തിലേക്കു ഉൾച്ചേർത്തു. റോം തന്നിട്ടില്ലെന്നും വെറുതെ ഉപയോഗിക്കുകയാണെന്നുമുള്ള അഭിപ്രായപ്രകടനങ്ങൾ കേൾക്കുമ്പോൾ നാം എന്താണ് മനസിലാക്കേണ്ടത്. അങ്ങനെ ഒരാൾക്കിഷ്ടമുള്ള രീതിയിൽ സഭയിൽ പ്രവർത്തിക്കുവാൻ സാധിക്കുമോ? ഓർത്തഡോക്സ് സഭ ഈ കാര്യങ്ങളിൽ അവരുടെ രേഖാമൂലമായ പരാതി Pont. Council for Christian Unity യുടെ പ്രസിഡന്റായ കാർഡിനൽ വാൾട്ടർ കാസ്പറിനെ ബോധിപ്പിക്കുകയും അദ്ദേഹം തന്റെ വ്യക്തിപരമായ അഭിപ്രായം പരാതി അയച്ചവർക്കു നൽകുകയും ചെയ്തു. അതു സ്ഥായിയായതും നിലനിൽക്കുന്നതുമായ ഒരു പരാതി ആയിരുന്നു എങ്കിൽ മാർപ്പാപ്പ ഈ പ്രത്യേക നിയമ സംഹിത അംഗീകരിക്കുമായിരുന്നുവോ? ഈ കാര്യങ്ങളെപ്പറ്റി ആധികാരികതയുണ്ടായിരുന്ന ദിമിത്രി സാലാക്കാസ് എന്ന പൗരസ്ത്യ കാനൻ, ദൈവശാസ്ത്ര സഭാ ചരിത്രപണ്ഡിതനാണ് വാൾട്ടർ കാസ്പർ ഉൾപ്പെടെയുള്ളവരെ ബോധവൽക്കരിച്ചത്. സുറിയാനി സഭയുടെ പൈതൃകംകാത്തു സൂക്ഷിച്ചതിൽ മലങ്കര കത്തോലിക്കാസഭയെ ഇന്ത്യയിലെ ഓർത്തഡോക്സ് സഭ അനുമോദിക്കേണ്ടതുണ്ട്. മലങ്കരയുടെ അന്ത്യോക്യൻ പാരമ്പര്യം കാത്തുപരിപാലിക്കുന്നതിന്റെ ഭാഗമാണ് മേജർ ആർച്ചുബിഷപ്പിനെക്കാൾ താഴെയുള്ള പദവിയായ 'മേജർ ആർച്ചുബിഷപ്പ് - കാതോലിക്കോസ്' എന്ന നാമം സ്വീകരിച്ചത്. “റോമിൽ നിന്ന് കൊടുത്തിട്ടില്ല” എന്ന രീതി യിൽ ആക്ഷേപം ഉന്നയിക്കപ്പെട്ടതു ശ്രദ്ധയിൽപ്പെട്ടു. നമ്മുടെ പ്രഥമ കാതോലിക്കാബാവായായിരുന്ന സിറിൾ ബസേലിയോസ് പിതാവ് 2005 ൽ പറഞ്ഞത് പ്രസക്തമാണ്. അതായത് സഭയുടെ തലവനും പിതാവിനും സഭാപാരമ്പര്യത്തിൽ ഒരു നാമമുണ്ട്-അതുപയോഗിക്കുക

എന്നതാണ് സഭയുടെ കർത്തവ്യം. ഒരു പ്രത്യേക ഭരണസ്വാതന്ത്ര്യത്തിലേക്ക് സഭയെ ഉയർത്തിയതിനു ശേഷം അതനുസരിച്ച സഭാജീവിതം ക്രമപ്പെടുത്തുകയാണ് മലങ്കര കത്തോലിക്കാ സഭ ചെയ്തുകൊണ്ടിരിക്കുന്നത്.

കത്തോലിക്ക സഭയുടെ സഭാവിജ്ഞാനീയം അനുസരിച്ച് 3 സ്ഥാനങ്ങൾ മാത്രമാണ് ദൈവത്താൽ സ്ഥാപിക്കപ്പെട്ടതായി (ius divinum) കണക്കാക്കുന്നത്. അതിനോരോന്നിനും ദൈവവചന അടിസ്ഥാനവും ഉണ്ട്. സഭയുടെ കാര്യസ്ഥനായ മാർപ്പാപ്പ, രൂപതയുടെ കാര്യസ്ഥനായ മെത്രാൻ, ഇടവകയുടെ കാര്യസ്ഥനായ വൈദികൻ. ലത്തീൻ സഭയിൽ എല്ലാ മെത്രാന്മാരും മാർപ്പാപ്പയോട് നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. അവരെ നിയമിക്കുന്നത് മാർപ്പാപ്പയുമാണ്. എന്നാൽ സഭയുടെ വളർച്ചയുടെ ഘട്ടത്തിൽ പ്രാദേശിക സഭകൾ ഉണ്ടാവുകയും അവയെ നിയന്ത്രിക്കുന്നതിന് ദൈവപദ്ധതിയിൽ ആരോഗ്യപരമായി ഉരുത്തിരിഞ്ഞുവന്ന പാത്രിയർക്കാസ്ഥാനം, മേജർ ആർച്ചുബിഷപ്പ്, കാതോലിക്ക, മെത്രാപ്പോലീത്ത, വൈദികഗണത്തിലെ വിവിധ സ്ഥാനങ്ങൾ തുടങ്ങിയവ സഭയിൽ അംഗീകരിക്കപ്പെട്ടുവന്നു. പൗരസ്ത്യ സഭകളിൽ ഇവ അവയുടെ അസ്തിത്വത്തോടും വളർച്ചയോടും അഭേദ്യ മായി ബന്ധപ്പെട്ടുമിരിക്കുന്നു. പൗരസ്ത്യസഭകളിൽ മാർപ്പാപ്പയുടെ പരമാധികാരം ഏതെങ്കിലും തലത്തിൽ വിനിയോഗിക്കപ്പെടുന്നുണ്ടെങ്കിൽ അതു അതാതു സഭാതലവന്മാർ വഴിയാണ്. മാർപ്പാപ്പയുടെ നിയോഗത്തിലാണ് കത്തോലിക്ക പാത്രിയർക്കീസുമാർ ചുമതലകൾ നിർവ്വഹിക്കുന്നതെന്ന് അർത്ഥമാക്കരുത്. ചരിത്രപരവും പാരമ്പര്യവുമായി ഉണ്ടായിട്ടുള്ള ഈ ഘടനകളെ ദൈവിക ആശിർവാദത്തിലുണ്ടായവയായി മാർപ്പാപ്പ അംഗീകരിക്കുന്നു. മറ്റു കത്തോലിക്കാ ഇതര സഭാസമൂഹങ്ങൾ ഈ കാര്യങ്ങളെ അംഗീകരിക്കുന്നില്ല. അഥവാ അവർ അവരുടെ സഭയിലെ സ്ഥാനങ്ങൾ ദൈവിക ശിശ്രൈ ഔശ്രേീ ആയി തന്നെ കാണുന്നു. പാശ്ചാത്യ പാത്രിയർക്കീസായി മാർപ്പാപ്പയെ അവർ കാണുന്നു.


കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനായ മാർപ്പാപ്പയുടെ അധികാരവും ശുശ്രൂഷയും ഓർത്തഡോക്സ് സഭകൾ പൂർണ്ണമായി അംഗീകരിക്കുന്നില്ല. ദൈവശാസ്ത്രപരമായി അതിനു യാതൊരു കാരണവുമില്ല എങ്കിലും ഐക്യത്തിലേക്കു കടന്നുവരുവാനുള്ള വേദികൾ എപ്പോഴും കത്തോലിക്കാസഭ തുറന്നിരിക്കുന്നു. പരസ്പരമുള്ള സ്നേഹവും ഒരുമിച്ചു വരവുകളും യോജിക്കുവാൻ സാധിക്കുന്നിടത്തെല്ലാം യോജിക്കുവാനും എല്ലാത്തിലും സ്നേഹം പുലർത്തുവാനുമുള്ള ആഹ്വാനമാണ് എല്ലാവരും മുമ്പോട്ടുവയ്ക്കുന്നത്. എക്യുമെനിസത്തിന്റെ അടിസ്ഥാനതത്വം പരസ്പരം ആദരിക്കുക, സത്യമല്ലാത്തവ സംസാരിക്കാതിരിക്കുക, മുറിവേൽപ്പിക്കുന്ന തരത്തിലുള്ള ആരോപണങ്ങളോ സംസാരങ്ങളോ ഉണ്ടാവാതിരിക്കുക എന്നിവയാണ്. മുൻവിധികളും താറടിക്കുന്ന ശൈലികളും എക്യുമെനിസത്തിനു ചേരുന്നതല്ല എന്നും എല്ലാവർക്കും അറിവുള്ളതാണ്.

മലങ്കര കത്തോലിക്കാസഭയുടെ തലവനും പിതാവുമായ തിരുമേനിയെ നമ്മുടെ പാരമ്പര്യമനുസരിച്ച് കാതോലിക്കാ എന്നാണ് വിളിക്കേണ്ടത് എന്നാദ്യം പറഞ്ഞത്, മലങ്കര സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തി നമ്മുടെ മുമ്പിൽ അത് പ്രഖ്യാപിച്ച



മാർപ്പാപ്പയുടെ ഇന്ത്യയിലെ സ്ഥാനപതി തന്നെ ആയിരുന്നു. അതു പൂർണ്ണമായി സ്വീകരിച്ച മാർപ്പാപ്പ നമ്മുടെ സഭയുടേതായ പ്രത്യേക കാനോൻ നിയമസംഹിതയിൽ കാതോലിക്കാ സ്ഥാനത്തെപ്പറ്റി സുദീർഘമായി പ്രദിപാതിച്ചിട്ടുള്ളതും, അത് മാർപ്പാപ്പാ പൂർണ്ണമായി അംഗീകരിച്ച് നൽകിയിട്ടുള്ളതുമാണ്. ഈ കാര്യം സൗകര്യപൂർവ്വമോ ദുഷ്ടലാക്കോടെയോ മറച്ചുപിടിച്ച് പ്രസ്താവനകളും അഭിപ്രായ പ്രകടനങ്ങളും നടത്തുന്നവർ സത്യത്തിൽ ക്രിസ്തുപക്ഷത്തുള്ളവരാണൊ? മലങ്കരസഭയുടെ പൈതൃകം പുലർത്തുവാൻ നൽകപ്പെട്ട സ്വാതന്ത്ര്യവും നിയോഗവും തമസ്കരിക്കാനുള്ള ഇടപെടൽ സ്വീകാര്യമല്ല. കത്തോലിക്കാസഭയുടെ കാനോനകളും ചരിത്രവും സഭാശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ചവർ തന്നെയാണ് ഇപ്രകാരമുള്ള തരത്തിൽ ദുർവ്യാഖ്യാനങ്ങൾ നടത്തുന്നത് എന്നത് അക്ഷന്തവ്യമാണ്.

സുറിയാനി സഭയ്ക്കന്യമായിരുന്ന മേജർ ആർച്ചുബിഷപ്പ് എന്ന സ്ഥാനം സഭയുടെ കാനോന അനുസരിച്ചുതന്നെ കാതോലിക്ക എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് അറിയാത്തതുകൊണ്ടല്ലല്ലോ ആക്ഷേപങ്ങൾ ഉന്നയിക്കുന്നത്. 1957 ൽ പൗരസ്ത്യസഭകൾക്കു നൽകപ്പെട്ട കാനോൻ നിയമത്തിൽ (Cleri Sanctitati) 335 1 8 : "§ 1. Archiepiscopo aequiparatur Catholicus qui titulo Patriarchae non gaudet". അതായത് പാത്രിയർക്കീസ് അധികാരമില്ലാത്ത കാതോലിക്ക മേജർ ആർച്ചുബിഷപ്പിനു തുല്യനായി ഗണിക്കപ്പെടുന്നു. ഇവിടെയും മേജർ ആർച്ചുബിഷപ്പിന് കീഴിലൊ ആ സ്ഥാനത്തിന് ശേഷമൊ ആണ് കാതോലിക്ക എന്നത് വരുന്നത്. പൗരസ്ത്യ സഭകൾക്കുള്ള പുതിയനിയമസംഹിതയിൽ കാതോലിക്ക എന്ന നാമം വിട്ടുകളഞ്ഞിട്ടുണ്ട്. പകരം തീർത്തും ഗ്രീക്കു ചുവയുള്ള മേജർ ആർച്ചുബിഷപ്പ് എന്ന നാമമാണ് പാത്രയർക്കീസിന് ശേഷം ചേർത്തിരിക്കുന്നത്. ശരിയാണ് 23 സഭ കൾക്കും വേണ്ടിയുള്ള നിയമങ്ങൾ നിർമ്മിക്കുകയല്ല ഈ പൊതുകാനോൻ സംഹിതയുടെ ഉദ്ദേശ്യം എന്ന് മാർപ്പാപ്പ വ്യക്തമാക്കിയിരിക്കുന്നതും അതതു സഭകൾ അവരവരുടെ പാരമ്പര്യമനുസരിച്ചും പൊതുകാനോനകൾക്കു എതിരല്ലാത്തവയുമായ നിയമങ്ങൾ നിർമ്മിച്ച് സഭാജീവിതം അനുഗ്രഹകരമാക്കണമെന്നും ഇങ്ങനെ നിർമ്മിക്കുന്ന നിയമങ്ങൾ മാർപ്പാപ്പ അംഗീകരിച്ചു കഴിഞ്ഞാൽ പൊതു നിയമസംഹിതയായി മാറുമെന്നും പ്രഖ്യാപിച്ചിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ വേണം മലങ്കര കത്തോലിക്കാസഭയുടെ തലവന്റെ പേരിനെപ്പറ്റി മനസിലാക്കുവാൻ. സീറോ മലബാർ സഭയ്ക്ക് ഈ വ്യക്തിത്വം നൽകപ്പെട്ടപ്പോൾ അവർ സ്വീകരിച്ചത് മേജർ ആർച്ചുബിഷപ്പ് എന്നായിരുന്നു. എന്നാൽ മലങ്കരയുടെ സുറിയാനിയും അന്ത്യോക്യൻ പാരമ്പര്യവും നിലനിർത്തി നമ്മൾ ആഗ്രഹിച്ചതാണ് ന്യൂൺഷിയോ തിരുമേനി പ്രഖ്യാപിച്ചത്. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവും കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായാണ്. ആഗോള സഭയുടെ തലവനെന്നാണ് മാർപ്പാപ്പയെ നാം സംബോധന ചെയ്യുന്നത്. എന്നാൽ ഓർത്തഡോക്സ് സഭയുടെ 1934 കോൺസ്റ്റിറ്റ്യൂഷൻ അനുസരിച്ച് ആ സഭയുടെ തലവൻ പാത്രിയർക്കീസ് ബാവ എന്ന് 1-ാം കാനോനയിൽ തന്നെ പറഞ്ഞിരിക്കുന്നു. എങ്കിൽ ഈ സഭകളിൽ ഏതു സഭയ്ക്കാണ് കൂടുതൽ വ്യക്തിത്വവും സ്വാതന്ത്ര്യവും ഉള്ളത്. റോമിലെ



മാർപ്പാപ്പയുടെ ശ്ലൈഹികാധികാരം കത്തോലിക്കാ സഭയിലെ വിവിധ വ്യക്തിഗത സഭകൾ അംഗീകരിക്കുന്നത് ദൈവശാസ്ത്രപരവും സുവിശേഷപരവുമായ കാരണം കൊണ്ടാണ്. പത്രോസിന്റെ പരമാധികാരവുമായി ബന്ധപ്പെട്ട ദൈവശാസ്ത്രപരവും ചരിത്രപരവുമായ കാരണങ്ങളാണ് അവ. കത്തോലിക്കാസഭയുടെ പഠിപ്പിക്കൽ അനുസരിച്ച് വ്യക്തമായും കൃത്യമായും നൽകപ്പെട്ട തിരുവചനവും കർത്താവിന്റെ പ്രബോധനവും സ്വകാര്യമായി വ്യാഖ്യാനിക്കുകയല്ല. മറിച്ച് കൂടുതൽ ആധികാരികമായും ചരിത്രപരമായും മനസിലാക്കുകയും ഉൾക്കൊള്ളുകയുമാണ് ചെയ്യേണ്ടത്. സഭകളുടെ ഒരുമിച്ചുവരവിന് തീർച്ചയായും ഏതുതരത്തിൽ ഈ പരമാധികാരം മനസിലാക്കപ്പെടണം, ഉപയോഗിക്കപ്പെടണം എന്ന് ആരാഞ്ഞത് പുണ്യവാനായ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ തന്നെയാണ്. അതായത് ആടുകളെ മേയിക്കുവാനുള്ള അധികാരം; സഹോദരങ്ങളെ വിശ്വാസത്തിൽ ഉറപ്പിക്കുവാനുള്ള അധികാരം, സഭയെ പണിതുറപ്പിച്ച പാറയാകുന്ന പത്രോസിന്റെ സ്ഥാനം. തീർച്ചയായും വ്യാഖ്യാനിച്ചു പലതും മനസിലാക്കുവാൻ ശ്രമിക്കാം. എന്നാൽ ഇവയിൽ അടങ്ങിയിരിക്കുന്ന യേശുനാഥന്റെ മനസ് കത്തോലിക്കാസഭയിലെ വിവിധ സഭകൾ അംഗീകരിക്കുന്നു. അതുകൊണ്ടാണ് മാർപ്പാപ്പയോട് വിധേയത്വം പ്രകടിപ്പിക്കുന്നത്. ദൈവജനത്തിന്റെ ആകമാന കാവൽ മാർപ്പാപ്പയ്ക്ക നൽകപ്പെട്ടിരിക്കുന്നു എന്നും ഓരോ സഭയുടെയും പക്വതയും പ്രാധാന്യവുമനുസരിച്ച് മാർപ്പാപ്പ ഓരോ സഭയ്ക്കും അതതിന്റെ സ്ഥാനങ്ങൾ ഏല്പിക്കുകയുമാണ്. ഇതാണ് കത്തോലിക്കാസഭയുടെ സഭാവിജ്ഞാനീയം. എത്രമാത്രം സ്വാതന്ത്ര്യം തന്നാലും ആദ്‌ലിമിന സന്ദർശനവേളയിൽ ഓരോ പാത്രിയർക്കീസും മേജർ ആർച്ചുബിഷപ്പ് കാതോലിക്കോസും മറ്റ് തലവന്മാരും ആത്മാക്കളുടെ കണക്ക്. (Ref:- Logos: A Journal of Eastern Christian Studies (Vol. 46 (2005) Nos. 3-4, pp. 303-326) A New Development in the Malankara Catholic Church: Major Archiepiscopal Church or Catholicate: John Madey)

പാശ്ചാത്യസഭയുടെ സഭാശാസ്ത്ര വിജ്ഞാനീയത്തിന്റെ അടിസ്ഥാനത്തിലാണ് അവിടെ കാര്യങ്ങൾ മനസിലാക്കുന്നതും തീരുമാനങ്ങൾ കൈക്കൊള്ളുന്നതും. പൗരസ്ത്യസഭയിൽ പ്രത്യേകിച്ചും അന്ത്യോക്യൻ സഭയുടെ ഭാഗമായിരുന്ന റോമാസാമ്രാജ്യത്തിന്റെ കിഴക്കുള്ളിടങ്ങളിലെ സഭകളെ നിയന്ത്രിച്ചിരുന്നത് അന്ത്യോക്യൻ പാത്രിയർക്കീസിന്റെ മഫ്രിയാനായിരുന്ന കാതോലിക്കായായിരുന്നു. ഇങ്ങനെയുള്ള ചരിത്രപരമായ സംഗതികൾ ഉൾക്കൊള്ളിച്ചു വേണമായിരുന്നു പുതിയ പൗരസ്ത്യ നിയമസംഹിത വിഭാവന ചെയ്യുവാൻ. എന്നാൽ അവ particular law യ്ക്കു വിട്ടുകൊടുത്തു.

ORIENTAL CHARACTER OF THE CICO

2. The Oriental Code should draw its inspiration from, as well as express, the common discipline, such as it is contained: a) in the Apostolic tradition; b) in the Oriental canonical collections and in the customary norms common to the Oriental Churches and not fallen into desuetude. (Page 19: No. 2).

THE PRINCIPLE OF SUBSIDIARITY IN THE CICO

2. The new code shouold limit itself to the codification of the discipline common to all the oriental church, leaving to the competernt authorities of these the power to regulate by particular all other matters not reserved to the Holy See. (Page 21: No. 2). അതാണ് സഭാവിജ്ഞാനീയമായി ഇന്നു തീർന്നിട്ടുള്ളതും.

ഈ കാലഘട്ടത്തിൽപോലും മലങ്കര കത്തോലിക്കാസഭ ഇത്തരത്തിലുള്ള വെല്ലുവിളികളും നിന്ദയുമാണ് നേരിടുന്നതെങ്കിൽ പുനരൈക്യത്തിന്റെ ആദ്യനാളുകളിൽ, ആരാലും ശ്രദ്ധിക്കപ്പെടാത്ത അവസ്ഥയിലാരുന്ന സഭയും സഭാപിതാക്കന്മാരും എത്രമാത്രം സഹനത്തിലൂടെ കടന്നുപോയി എന്ന് ഊഹിക്കാമല്ലോ. ആരാലും ശ്രദ്ധിക്കാതെ കിടന്നവരെ സുവിശേഷ ശുശ്രൂഷയുടെ ബലത്തിൽ ദൈവത്തിങ്കലേക്ക് ആകർഷിച്ചും വിദ്യാഭ്യാസം, ആതുരശുശ്രൂഷ, സാമൂഹികസ സേവനം തുടങ്ങിയവയിലൂടെ സഭാഗാത്രത്തെ കെട്ടിപ്പടുക്കുകയാണ് ചെയ്തത്. ലോകോത്തര നിലവാരമുള്ള കോളജുകളും ആതുരലായങ്ങളും മെഡിക്കൽ കോളജും കെട്ടിപടുത്ത് എല്ലാസഭാവിഭാഗത്തിലെയും യുവജനങ്ങൾക്ക് അസൂയാർഹമായ സങ്കേതിക-സാമൂഹിക-സാമ്പത്തീക നിലകളിലേക്ക് എത്തുവാൻ സഹായിച്ചു. മാർ ഈവാനിയോസ് പിതാവ് എതിർത്തവരോടു മല്ലിടുവാൻ അല്ല,

www.malankaralibrary.com



സുവിശേഷ ശുശ്രൂഷ ചെയ്തത് സമൂഹത്തെ വികസനപാതയിൽ എത്തിക്കുവനാണ് ശ്രദ്ധ ചെലുത്തിയത്. ഈ യുഗപ്രഭാവന്റെ മനസ് സ്വന്തമാക്കിയാൽ നാടിനും സഭകൾക്കും വ്യക്തികൾക്കും അനുഗ്രവും സംജാതമാകും. സുറിയാനി പാരമ്പര്യങ്ങൾ പരിപോഷിപ്പിക്കുന്നതിനുവേണ്ടി സ്ഥാപിക്കപ്പെട്ട 'സീരി' എത്ര ഉദാത്തമായ ശുശ്രൂഷയാണ് നിർവ്വഹിക്കുന്നത്. മലങ്കര കത്തോലിക്കാസഭയ്ക്ക് ചെയ്യാൻ കഴിഞ്ഞിട്ടുള്ള ഇത്തരത്തിലുള്ള സേവനങ്ങൾ മാർ ഈവാനിയോസിന്റെ പുനരൈക്യ മാറ്റൊലിയാണ്.

മലങ്കര കത്തോലിക്കാസഭയെ പാത്രിയർക്കൽ സ്ഥാനത്തേക്കുയർത്തുന്നതിനും തടസമില്ല. അതു യഥാസമയത്തു ആടുകളുടെ ചുമതല ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന മാർപ്പാപ്പ നിർവഹിക്കും. മലങ്കര കത്തോലിക്കാസഭ അതിന്റെ തനിമയും സുവിശേഷ വേലയും ഏറ്റം ഭംഗിയായി നിർവ്വഹിച്ചു മുമ്പോട്ടു പോകുമ്പോൾ അതു സംഭവിക്കും. മലങ്കര കത്തോലിക്കാവിശ്വാസികൾ സഭൈക്യത്തിലും സ്നേഹത്തിലും ചേർന്നുനിന്ന് സഭയെ വളർത്തുമ്പോൾ എല്ലാം അതിജീവിക്കുവാൻ ഇടവരും.

നമ്മൾ ആരെക്കുറിച്ചു സംസാരിക്കുമ്പോഴും സംബോധന ചെയ്യുമ്പോഴും അതു നമ്മുടെ മനസിന്റെ അവസ്ഥകൂടിയാണ് പ്രകടമാക്കുന്നത്. ക്രൈസ്തവർ ഏറെ പ്രതിസന്ധികളിലൂടെ കടന്നു പോകുന്ന സമയത്ത് ആർക്കും പ്രയോജനം ചെയ്യാത്തതും പൊതുസമൂഹത്തിൽ സഭാ നേതൃത്വങ്ങൾ ഇകഴ്ത്തപ്പെടാൻ ഇടയാകുന്ന കാര്യങ്ങൾ ഉണ്ടാവുന്നത് വേദനാജനകമാണ്. എല്ലാ കാര്യങ്ങളിലും യേശുക്രിസ്തുവിന്റ മനസ് സംജാതമാക്കുവാൻ എല്ലാവർക്കും കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

## ഉപകാരസ്മരണ



ഒരു വിശ്വാസി

www.malankaralibrary.com



# പൗരസ്ത്യ സഭകളിലെ മേജർ ആർച്ചുബിഷപ്പ്

## പൗരസ്ത്യ സഭകളുടെ കാനോനകളുടെയും പാരമ്പര്യങ്ങളുടെയും അടിസ്ഥാനത്തിൽ



**റൈറ്റ് റവ. മോൺ. ഡോ. ജോൺ കുറ്റിയിൽ**
തിരുവനന്തപുരം മേജർ അതിഭദ്രാസന നിയുക്ത സഹായ മെത്രാൻ

**ആമുഖം**

അപ്പസ്തോലന്മാരുടെ വിശ്വാസം വ്യത്യസ്ത സ്ഥലങ്ങളിൽ വേരുറപ്പിച്ചതിന്റെ അനന്തരഫലമായിട്ടാണ് വ്യത്യസ്തമായ രൂപഭാവങ്ങൾ സഭകൾക്ക് കൈവന്നത്. അത് ക്രിസ്തുവിന്റെ സഭയുടെ മനോഹാരിതയെയും വൈവിധ്യത്തിലുള്ള ഐക്യത്തെയും സൂചിപ്പിക്കുന്നു. വിശുദ്ധ കത്തോലിക്ക സഭ ഇത്തരത്തിൽ വിവിധങ്ങളായ ആരാധനാ പാരമ്പര്യങ്ങൾ ഉൾക്കൊള്ളുന്ന സഭകളുടെ ഒരു കൂട്ടായ്മയാണ്. ഓരോ വ്യക്തിഗത സഭകളുടെയും ആധ്യാത്മിക പാരമ്പര്യങ്ങളെയും ആരാധനക്രമത്തെയും കൂദാശ അനുഷ്ഠാനങ്ങളുടെ രീതികളെയും അംഗീകരിച്ചും പരിപോഷിപ്പിച്ചും കൊണ്ടാണ് ഈ സഭാകൂട്ടായ്മ നിലനിൽക്കുന്നത്. കത്തോലിക്കാ സഭയിലെ വിവിധ സഭകൾക്ക് തുല്യ അവകാശവും സ്ഥാനവും കടമകളും ആണ് ഉള്ളത്.



അംഗസംഖ്യയുടെ അടിസ്ഥാനത്തിൽ അല്ല മറിച്ച് അനന്യമായ വിശ്വാസ പൈതൃകത്തിന്റെ അടിസ്ഥാനത്തിലാണ് സഭകളുടെ വ്യക്തിത്വം അടങ്ങിയിരിക്കുന്നത്. ഓരോ വ്യക്തിഗത സഭകളുടെയും ആധ്യാത്മിക വീക്ഷണവും വിശ്വാസ പാരമ്പര്യങ്ങളും കാത്ത് സംരക്ഷിക്കുന്നതിനാണ് കത്തോലിക്കാ സഭ എ ന്നും പ്രാധാന്യം കൊടുത്തിരുന്നത്. ഓരോ സഭകളു ടെ യും തനിമ നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ശക്തവും പൂർണവുമായ ഒരു ഭരണ സംവിധാനം ആവശ്യമാണ്. വ്യക്തിഗത സഭകളുടെ തനിമ നിലനിർത്തുന്നതിനും മറ്റു സഭകളുമായിട്ടുള്ള കൂട്ടായ്മ ബന്ധം നിലനിർത്തുന്നതിനും ഈ ഭരണസംവിധാനങ്ങൾ പരസ്പര പൂരകങ്ങളും പരസ്പരബന്ധിതങ്ങളും ആയിരിക്കണം. ഭിന്നിച്ചു നിൽക്കുന്നതും ഒറ്റപ്പെട്ടതുമായ സഭകൾക്ക് ഇത്തരത്തിലുള്ള പരസ്പരപൂരകങ്ങളായ ഭരണസംവിധാനങ്ങളുടെ ആവശ്യമില്ല. ഈ ലേഖനം മേജർ ആർച്ച്ബിഷപ്പിന്റെ ഉത്ഭവം, ഉത്തരവാദിത്തങ്ങൾ, കാനോനിക്കൽ സ്ഥാനം എന്നിവ ഹൃസ്വമായി വിവരിക്കുന്നു.

## സ്വയംഭരണാധികാര സഭകളുടെ ചരിത്രപരമായ രൂപപ്പെടൽ

സാർവത്രിക കത്തോലിക്കാ സഭയുടെ കൂട്ടായ്മയിൽ ഉള്ള വ്യക്തിഗത സഭകളുടെ അധികാര അവകാശങ്ങൾ സഭയുടെ സ്വാഭാവികതയിൽ തന്നെ ഉള്ളതാണ് അതിനെ അംഗീകരിക്കുക മാത്രമാണ് സാർവത്രിക സഭ ചെയ്യുക. സഭാ ഭരണ സംവിധാനത്തിലെ ഏറ്റവും വളർച്ച പ്രാപിച്ച ഭരണസംവിധാനം പാത്രിയാർക്കൽ ഭരണസംവിധാനം ആയിരുന്നു. ഇത് നാലാം നൂറ്റാണ്ട് മുതലെങ്കിലും സഭയിൽ നിലനിന്നിരുന്നതായി സഭയുടെ പ്രഥമ സാർവത്രിക സുനഹദോസുകൾ സാക്ഷ്യപ്പെടുത്തുന്നു. ഈ ഭരണ സംവിധാനം സുന്നഹദോസുകളുടെ സൃഷ്ടിയല്ല മറിച്ച് രൂപപ്പെട്ടുവന്ന പാത്രിയാർക്കൽ സംവിധാനങ്ങളുടെ അംഗീകരിച്ച് ഉറപ്പിക്കൽ മാത്രമായിരുന്നു. ഒരേ ആരാധനാ പാരമ്പര്യം പിന്തുടരുന്ന സഭകളുടെ വിവിധ മെത്രാപ്പോലീത്തൻ പ്രോവിൻസുകളുടെ മുകളിൽ അധികാരമുണ്ടായിരുന്ന സഭയുടെ തലവനും പിതാവും ആയിരുന്ന അധികാരിയെയാണ് അവർ പാത്രിയാർക്കീസ് എന്ന് വിളിച്ചത്. ഇത്തരത്തിൽ പൂർണ്ണസ്വയംഭരണാധികാരമുള്ള സഭകളുടെ തലവന്മാർ പാത്രിയർക്കീസുകളാണ്.

പാത്രിയർക്കീസിന് തുല്യവും എന്നാൽ ആ പേര് ഇല്ലാത്തതുമായ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയും സഭാചരിത്രത്തിൽ ഉണ്ട്. AD 431ലെ എഫേസൂസ് സുന്നഹദോസിൽ വച്ച് സൈപ്രസിലെ സഭയുടെ സ്വയം ഭരണാവകാശങ്ങൾ അംഗീകരിച്ചുറപ്പിച്ചു (canon 8). മെത്രാപ്പോലീത്തൻ പ്രൊവിൻസുകൾക്കു മേൽ അധികാരവും, മെത്രാന്മാരെ വാഴിക്കാൻ അവകാശവും സൈപ്രസ് സഭയുടെ ഭരണ സംവിധാനത്തിനു നൽകി. മേജർ ആർക്കിഎപ്പിസ്കോപ്പൽ അധികാരങ്ങളുള്ള ഈ സഭയുടെ സഭാതലവൻ മേജർ ആർച്ച്ബിഷപ്പാണെങ്കിലും അദ്ദേഹത്തെ അഭിസംബോധന ചെയ്തിരുന്നത് 'ആർച്ച് ബിഷപ്പ്' എന്നാണ്.

"മേജർ ആർച്ചുബിഷപ്പ്' എന്ന സ്ഥാനപ്പേര് സഭയുടെ ആദ്യകാലം മുതലേ മെത്രാപ്പോലീത്താമാരുടെമേൽ അധികാരമുണ്ടായിരുന്ന മെത്രാപ്പോലീത്തായ്ക്കായി ഉപയോഗിച്ചുപോന്നിട്ടുള്ളതാണ്. ആരംഭകാലങ്ങളിൽ പാത്രിയർക്കീസിനു പകരമായുള്ള പേരായി ഇത് ഉപയോഗിക്കപ്പെട്ടു പോന്നിരുന്നു. എന്നാൽ 'പാത്രിയർക്കീസ്' എന്ന സ്ഥാനികനാമത്തിന് കൂടുതൽ പ്രാധാന്യം ലഭിച്ചു തുടങ്ങിയതോടെ 'മേജർ ആർച്ചുബിഷപ്പ്' എന്ന പേര് കാര്യമായി ഉപയോഗത്തിലില്ലാതെ വന്നു.

## 'കാതോലിക്കോസ്' എന്ന സംബോധനയും അതിന്റെ നിയമ സാധുതയും

പുരാതന കാലത്ത് റോമൻ സാമ്രാജ്യത്തിന് പുറത്തുള്ള ചില സഭാ നേതാക്കളെ സൂചിപ്പിക്കാൻ 'കാതോലിക്കോസ്' എന്ന സ്ഥാനപ്പേര് ഉപയോഗിച്ചിരുന്നു. ഒരു സ്വയം ഭരണാവകാശമുള്ള സഭയുടെ മെത്രാപ്പോലീത്താമാരുടെ മേൽ അധികാരമുള്ള പദവിയാണ് 'കാതോലിക്കോസ്'. പാത്രിയാർക്കീസിനെപ്പോലെ, അദ്ദേഹം തന്റെ സഭയുടെ പിതാവും തലവനുമാണ്. അർമേനിയൻ, ജോർജിയൻ, പേർഷ്യൻ സഭകളുടെ



തലവന്മാർ കാതോലിക്കോസ് എന്നാണ് അറിയപ്പെട്ടിരുന്നത്. പിന്നീട് ഈ മൂന്ന് സഭകളും കാതോലിക്കോസ് എന്ന സ്ഥാനപ്പേരിനൊപ്പം പാത്രിയാർക്കീസ് എന്ന സ്ഥാനപ്പേര് ചേർത്തു. അങ്ങനെ, അവർ 'കാതോലിക്കോസ്-പാത്രിയാർക്കീസ്' അല്ലെങ്കിൽ 'പാത്രിയാർക്കീസ്' എന്നും ഉപയോഗിക്കുന്നു.

അന്ത്യോകൃയിൽ വേരുകളുള്ള സഭകൾ മേജർ ആർച്ച്ബിഷപ്പിന്റെ നാമത്തിനു പകരം ഉപയോഗിക്കുന്ന പദം 'കാതോലിക്കോസ്' എന്നാണ്. അദ്ദേഹം റോമൻ സാമ്രാജ്യത്തിന്റെ അതിർത്തിക്കപ്പുറം പേർഷ്യയിൽ ഉള്ള സഭകൾക്കുവേണ്ടിയുള്ള അന്ത്യോകൃൻ പാത്രിയർക്കീസിന്റെ പൊതു പ്രതിനിധിയായിരുന്നു. മെത്രാന്മാരെ വാഴിക്കാനുള്ള അധികാരം കൂടി നൽകിക്കൊണ്ടാണ് കാതോലിക്കോസിനെ നിയമിച്ചത് (Victor J Pospishil, Eastern Catholic Church Law, P. 195). എന്നർത്ഥമുള്ള 'മഫ്രിയാൻ' എന്നാണ് ഇവരെ വിളിച്ചിരുന്നത്. മെത്രാന്മാരെ വാഴിക്കാനുള്ള ഇവരുടെ അധികാരത്തെയാണ് ഈ പദം സൂചിപ്പിക്കുന്നത്. ഇവർ പാത്രിയർക്കീസിന് കീഴിലായിരുന്നു തങ്ങളുടെ അധികാരങ്ങൾ വിനയോഗിച്ചിരുന്നത്.

പൗരസ്ത്യ സഭകൾക്കായി വിളംബരം ചെയ്യപ്പെട്ട 1957- പുരോഹിത ശുശ്രൂഷികളെപ്പറ്റിയുള്ള അപ്പസ്തോലിക തിരുവെഴുത്തിൽ (Cleri Sanctitati 324-334) കാനോനകളിൽ 'മേജർ ആർച്ചുബിഷപ്പ്' എന്ന നാമം മെത്രാപ്പോലീത്താമാരുടെ മേൽ അധികാരമുള്ള മെത്രാപ്പോലീത്താമാരെ തിരിച്ചറിയുന്നതിനായി ആദ്യമായി സഭാനിയമത്തിൽ ഉപയോഗിച്ചു. ഇതേ നിയമസംഹിതയിലെ 335-മത്തെ കാനൻ പറയുന്നത് പാത്രിയർക്കീസ് പദവിയില്ലാത്ത 'കാതോലിക്കോസ്' മേജർ ആർച്ചുബിഷപ്പിന് തുല്യനാണ് എന്നാണ്. എന്നാൽ പൗരസ്ത്യ സഭകൾക്കായുള്ള പുതിയ കാനോനയിൽ (CCEO) നിന്ന്

www.malankaralibrary.com

'കാതോലിക്കോസ്' എന്ന പദം ഒഴിവാക്കിയിട്ടുണ്ട്. പകരം പൗരസ്ത്യസഭകളുടെ കാനോനസംഹിത' (CCEO) യിൽ 'മേജർ ആർച്ചുബിഷപ്പ്' എന്ന നാമം പാത്രിയാർക്കൽ സഭകൾക്കു തുല്യമായ സ്ഥാനമുള്ള സ്വയാധികാര സഭകളെയും അവയുടെ തലവന്മാരെയും സൂചിപ്പിക്കാനായി ഉപയോഗിച്ചിരിക്കുന്നു. 'മേജർ ആർച്ച് ബിഷപ്പ്' എന്നത് 'ലാറ്റിൻ കാനോനിക്കൽ പദാവലിയിൽ' വരുന്ന ഒരു പദം ആണ്. അത് സുറിയാനി ആരാധനാക്രമത്തിലും സഭാപരമായ പദാവലിയിലും വേരൂന്നിയതല്ല. 'കാതോലിക്കോസ്' എന്ന തലക്കെട്ട് നമ്മുടെ വിശ്വാസികൾക്ക് കൂടുതൽ പരിചിതവും അർത്ഥവത്തായതും ഉചിതവും അതോടൊപ്പം നമ്മുടെ പാരമ്പര്യങ്ങൾക്ക് അനുസൃതവുമാണ്.

2012-ൽ പ്രാബല്യത്തിൽ വന്ന സീറോ-മലങ്കര കത്തോലിക്കാ സഭയുടെ "പ്രത്യേക നിയമങ്ങൾ" ഈ പാരമ്പര്യം വ്യക്തമായി ഉയർത്തിപ്പിടിക്കുന്നു: ശീർഷകത്തിന്റെ ഭാഗമായ കാനോൻ 18: 'സീറോ-മലങ്കര കത്തോലിക്കാ സഭയുടെ പിതാവിനെയും തലവനെയും 'മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്' എന്ന് വ്യക്തമായി പരാമർശിക്കുന്നു. ഈ പ്രത്യേക നിയമം പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് അംഗീകാരത്തിനായി പരിശുദ്ധ സിംഹാസനത്തിന് സമർപ്പിച്ചു. പൗരസ്ത്യസഭകൾക്കായുള്ള തിരുസിംഹാസനം, സമഗ്രമായ പരിശോധനയ്ക്ക് ശേഷം, സീറോ-മലങ്കര കത്തോലിക്കാസഭയുടെ പ്രത്യേക നിയമങ്ങൾ 'സാർവത്രിക സഭയുടെ പ്രമാണങ്ങളുമായി പൂർണ്ണമായും പൊരുത്തപ്പെടുന്നു' എന്ന് അംഗീകരിക്കുകയും അതിന്റെ പ്രഖ്യാപനത്തിന് അംഗീകാരം നൽകുകയും ചെയ്തു. അംഗീകാര കൽപ്പന ഇങ്ങനെ പ്രസ്താവിക്കുന്നു: 'പരിശുദ്ധ സിംഹാസനം മേൽനോട്ട ഉത്തരവാദിത്തം വഹിക്കുന്ന സാർവത്രിക സഭയുടെ പ്രമാണങ്ങളുമായി ഇത് പൂർണ്ണമായും പൊരുത്തപ്പെടുന്നുവെന്ന് അംഗീകാരം നൽകി സ്ഥിരീകരിക്കുന്നു.' (Recognitio by the Congregation for the Oriental Churches).

ഈ പ്രത്യേക നിയമ സംഹിതയിൽ ഉടനീളം മേജർ ആർച്ച് ബിഷപ്പ്-കാതോലിക്കോസ്' എന്ന് തന്നെയാണ് സഭാതലവനെ സംബോധന ചെയ്യാൻ ഉപയോഗിച്ചിരിക്കുന്നത്; പരിശുദ്ധ സിംഹാസനം അതിനെ എതിർക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്തിട്ടില്ല എന്നത് സാർവത്രിക സഭയുടെ വിശ്വാസത്തോടും വ്യവസ്ഥിതിയോടും ഉള്ള അതിന്റെ നിയമസാധുതയുടെയും അനുരൂപതയുടെയും വ്യക്തമായ സ്ഥിരീകരണമാണ്. അതിനാൽ, സീറോ-മലങ്കര കത്തോലിക്കാ സഭയുടെ 'കാതോലിക്കോസ്' എന്ന ശീർഷകം ഉപയോഗിക്കുന്നത് സാധുതയുള്ളതും പരമ്പരാഗതവും കത്തോലിക്കാസഭയുടെ കാനോനിക്കൽ ചട്ടക്കൂടിനുള്ളിൽ അംഗീകരിക്കപ്പെട്ടതുമാണ്.

**നിർവചനവും കാനോനിക്കൽ പദവിയും**

ഒരു മേജർ ആർക്കി എപ്പിസ്കോപ്പൽ സഭ, ഒരു പാത്രിയർക്കീസ് സഭയ്ക്ക് സമാനമായ ഘടനയും ഭരണ സംവിധാനങ്ങളുമുള്ള ഒരു സഭയാണ്. ഇതിലെ തലവന്മാരെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമത്തിലാണ് ഇരുസഭകളും തമ്മിൽ കാര്യമായ ഒരു വ്യത്യാസമുള്ളത്.

CCEO യുടെ കാനോൻ 151 അനുസരിച്ച് അധികാരത്തിലും ഭരണസംവിധാനങ്ങളിലും പാത്രിയാർക്കൽ സഭയോട് തുല്യതയുള്ളവയാണ് മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭകൾ. പദവിയിൽ പാത്രിയർക്കീസിനോടു തുല്യതയില്ലെങ്കിലും, അധികാരങ്ങളും അവകാശങ്ങളും പാത്രിയർക്കീസിനും മേജർ ആർച്ചുബിഷപ്പിനും ഒരുപോലെയാണ്. ഒരു മേജർ ആർച്ച് ബിഷപ്പ് എന്നത് ഒരു പ്രത്യേക സഭയുടെ മെത്രാപ്പോലീത്തയാണ്, അദ്ദേഹം ഒരു മുഴുവൻ പൗരസ്ത്യ സഭയുടെയും തലവനാണ്. മെത്രാപ്പോലീത്തൻ സ്ഥാനത്തോട് ചേർത്തു മാത്രമേ മേജർ ആർക്കി എപ്പിസ്കോപ്പൽ സിംഹാസനം സ്ഥാപിക്കുവാൻ പാടുള്ളൂ. ഇത് സ്ഥാപിക്കുവാനുള്ള അധികാരം മാർപാപ്പയ്ക്കാണ്. പൗരസ്ത്യസഭകളുടെ ഭരണ സംവിധാനത്തിന്റെ പൂർണത പാത്രിയാർക്കൽ ഭരണസംവിധാനമാണെങ്കിലും ഇന്നു പുതിയതായി അവ സ്ഥാപിക്കപ്പെടുന്നത് മേജർ ആർക്കി എപ്പിസ്കോപ്പൽ സഭകളായിട്ടാണ്. അങ്ങനെ, മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ് ഒരു മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയെ നയിക്കുന്നു, ഇത് സ്വയംഭരണാധികാരമുള്ളതും എന്നാൽ മാർപാപ്പയുമായുള്ള പൂർണ്ണ കൂട്ടായ്മയിലുള്ളതുമായ പൗരസ്ത്യ സഭകളുടെ



സമ്പൂർണ്ണ സ്വയംഭരണാധികാരം (sui iuris) ആണ്. CCEO മേജർ ആർച്ച്ബിഷപ്പുമാരെ പാത്രിയാർക്കുകളിൽ നിന്ന് വേർതിരിക്കുന്നത് പദവിയുടെ കാര്യത്തിൽ മാത്രമാണ് (കാനോൻ 152). പൊതുനിയമത്തിൽ മറിച്ചു പറയുന്നില്ലെങ്കിൽ പാത്രിയർക്കീസിനുള്ള എല്ലാ അവകാശങ്ങളും കടമകളും മേജർ ആർച്ച്ബിഷപ്പിനും ഉണ്ട്.

**തിരഞ്ഞെടുപ്പും സ്ഥിരീകരണവും**

മേജർ ആർച്ച്ബിഷപ്പിന്റെ തിരഞ്ഞെടുപ്പ് നടത്തുന്നത് മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയിലെ ബിഷപ്പുമാരുടെ സുനഹദോസ് ആണ്. ഈ നടപടിക്രമം കാനോൻ 153-ൽ വിവരിച്ചിരിക്കുന്നു, ഇത് ഒരു ഒരു പാത്രിയർക്കീസിനെ തിരഞ്ഞെടുക്കുന്നതിനുള്ള പ്രക്രിയയ്ക്ക് സമാനമാണ്, എന്നിരുന്നാലും ഒരു പ്രധാന വ്യത്യാസമുണ്ട്:

പാത്രിയർക്കീസുമാരെ തിരഞ്ഞെടുക്കുകയും തുടർന്ന് മാർപ്പാപ്പയിൽ നിന്ന് സഭാ കൂട്ടായ്മയ്ക്കായി അപേക്ഷിക്കുകയും ചെയ്യുന്നു. പാത്രിയർക്കീസിന്റെ തിരഞ്ഞെടുപ്പു വിവരം പ്രഖ്യാപിക്കുന്നതിനും സ്ഥാനാരോഹണം നടത്തുന്നതിനും റോമാ മാർപാപ്പയുടെ മുൻ കൂട്ടിയുള്ള അനുവാദമോ അംഗീകാരമോ ആവശ്യമില്ല. പ്രഖ്യാപനത്തിന്റെയും സ്ഥാനാരോഹണ ത്തിൻറയും സമയം, സ്ഥലം, രീതി എന്നിവ ഓരോ പാത്രിയാർക്കൽ സഭയുടെയും പ്രത്യേകനിയമത്തിൽ അനുശാസിക്കുന്നതുപോലെ നടത്തേണ്ടതാണ്. ഇക്കാര്യങ്ങൾ മാർപാപ്പയെ യഥാസമയം അറിയിക്കേണ്ടതാണ്. മെത്രാഭിഷേകം നടത്തുന്നതും മെത്രാന്മാരുടെ സിനഡ് വിളിച്ചുകൂട്ടുന്നതും മെത്രാന്മാരുടെ സംഘാതാത്മകതയുടെ ഭാഗമാണ്. മാർപാപ്പയുമായി കൂട്ടായ്മയുള്ള മെത്രാനു മാത്രമേ ഈ സംഘാതാത്മകതയിൽ ഭാഗഭാഗിത്വമുള്ളൂ. അതുകൊണ്ടു തന്നെ മാർപാപ്പയോടുള്ള കൂട്ടായ്മ ഔദ്യോഗികമായി സ്ഥാപിച്ചെങ്കിൽ മാത്രമേ പാത്രിയർക്കീസിന് അദ്ദേഹം തലവനായിരിക്കുന്ന സഭയിൽ

www.malankaralibrary.com

മെത്രാന്മാരുടെ സുന്നഹദോസ് വിളിച്ചു കൂട്ടാനും മെത്രാന്മാരെ അഭിഷേകം ചെയ്യാനും സാധിക്കുകയുള്ളു. മാർപാപ്പയിൽ നിന്നു സഭാകൂട്ടായ്മ സ്വീകരിക്കുന്നതിനുമുമ്പ് ഈ അധികാരങ്ങൾ വിനിയോഗിക്കുവാൻ പാടില്ല.

പാത്രിയർക്കീസിന്റെ തെരഞ്ഞെടുപ്പിനുള്ള നടപടിക്രമങ്ങൾ (Cf.cc. 63-74) തന്നെയാണ് മേജർ ആർച്ചുബിഷപ്പിന്റെയും തിരഞ്ഞെടുപ്പിനുള്ളത്. എന്നാൽ പാത്രിയർക്കീസിന്റെ കാര്യത്തിൽ നിന്നു വ്യത്യസ്തമായി, തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തി തിരഞ്ഞെടുപ്പു സ്വീകരിച്ചു കഴിഞ്ഞാൽ മെത്രാന്മാരുടെ സിനഡ്, സിനഡൽ എഴുത്തു വഴി തിരഞ്ഞെടുപ്പിനെ സംബന്ധിച്ച് മാർപാപ്പയെ അറിയിക്കണം. തിരഞ്ഞെടുക്കപ്പെട്ട വ്യക്തിയാകട്ടെ, തിരഞ്ഞെടുപ്പ് അംഗീകരിച്ചുറപ്പിക്കുവാൻ വേണ്ടി മാർപാപ്പയ്ക്ക് സ്വന്തം കൈപ്പടയിൽ ഒപ്പുവച്ച് അപേക്ഷ സമർപ്പിക്കണം. ഇപ്രകാരം മാർപാപ്പയുടെ അംഗീകാരം കിട്ടിക്കഴിഞ്ഞാൽ തിരഞ്ഞെടുക്കപ്പെട്ട വ്യക്തി മെത്രാന്മാരുടെ സിനഡിനു മുമ്പാകെ വിശ്വാസപ്രഖ്യാപനം നടത്തുകയും തന്റെ ഉത്തരവാദിത്വം വിശ്വസ്തയോടെ നിർവ്വഹിച്ചുകൊള്ളാമെന്ന് പ്രതിജ്ഞയെടുക്കുകയും വേണം. ഇതിനുശേഷം മാത്രമേ ഔദ്യോഗിക പ്രഖ്യാപനവും സ്ഥാനാരോഹണവും നടത്താവൂ.

ഈ ആവശ്യകത പരിശുദ്ധ സിംഹാസനവും മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭകളും തമ്മിലുള്ള നേരിട്ടുള്ള ബന്ധത്തെ ശക്തിപ്പെടുത്തുന്നു.

**അധികാരങ്ങളും കടമകളും**

മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കാബാവയ്ക്കു തന്റെ സഭാശുശ്രൂഷയിൽ വലിയ അവകാശങ്ങളും കടമകളും ഉണ്ട്. അതിൽ പ്രധാനപ്പെട്ട ചില കാര്യങ്ങൾ:

1. അജപാലനപരമായ നേതൃത്വം (കാനോൻ 78)

അദ്ദേഹം തന്റെ സഭയുടെ പ്രത്യക്ഷ തലവനും പിതാവുമാണ്, വിശ്വാസം, അച്ചടക്കം, ആരാധനാക്രമസമഗ്രത എന്നിവയുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് അദ്ദേഹത്തിന് ഉത്തരവാദിത്തമുണ്ട്. സഭാതിർത്തിക്കുള്ളിൽ തന്റെ സഭയിലുള്ളവരുടെമേൽ പാത്രിയർക്കീസിന് അധികാരമുണ്ട്.

2. സുനഹദോസ് വിളിച്ചുകൂട്ടുകയും അധ്യക്ഷത വഹിക്കുകയും ചെയ്യുക (കാനോൻ 103)

മേജർ ആർച്ച്ബിഷപ്പ് സ്വയംഭരണാധികാരമുള്ള സഭയിലെ ബിഷപ്പുമാരുടെ സുനഹദോസ് വിളിച്ചുകൂട്ടുകയും അതിന്റെ യോഗങ്ങളിൽ അധ്യക്ഷത വഹിക്കുകയും ചെയ്യുന്നു. സിനഡ് വിളിച്ചുകൂട്ടുക എന്നത് മേജർ ആർച്ച് ബിഷപ്പ്- കാതോലിക്കാ ബാവയുടെ മാത്രം അവകാശമാണ്. മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കാബാവയുടെ തിരഞ്ഞെടുപ്പിനുവേണ്ടി വിളിച്ചു കൂട്ടുന്ന സിനഡൊഴികെ മറ്റൊരു സിനഡും പാത്രിയർക്കീസിനെ കൂടാതെ കൂടുവാൻ സാധിക്കുകയില്ല. സിനഡിൽ ആദ്ധ്യക്ഷ്യം വഹിക്കുവാൻ പാത്രിയർക്കീസിനു മാത്രമേ സാധിക്കുകയുള്ളൂ. മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കാബാവയുടെ അധികാരം വ്യക്തിപരമായതിനാൽ സിനഡു വിളിച്ചുകൂട്ടി ആദ്ധ്യക്ഷ്യം വഹിക്കുന്നതിന് മറ്റാരെയും ചുമതലപ്പെടുത്തുവാൻ സാധിക്കില്ല.

3. രൂപതകളുടെ സ്ഥാപനവും, അതിർത്തികളുടെ പുനർനിർണ്ണയവും ബിഷപ്പുമാരുടെ നിയമനവും സ്ഥാനാരോഹണവും (കാനോൻ 85)

സഭയിലെ മെത്രാന്മാരുടെ സിനഡിന്റെ സമ്മതത്തോടെ, ശ്ലൈഹിക സിംഹാസനവുമായി ആലോചിച്ചതിനുശേഷം, പ്രവിശ്യകളും രൂപതകളും സ്ഥാപിക്കുവാനും അവയുടെ അതിർത്തികൾക്കു മാറ്റം വരുത്തുവാനും അവയെ ഏകീകരിക്കുവാനും വിഭജിക്കുവാനും നിർത്തലാക്കുവാനും അധികാര ശ്രേണിയിൽ അവയ്ക്കുള്ള പദവിക്കു മാറ്റം വരുത്തുവാനും രൂപതാ സിംഹാസനം മാറ്റി സ്ഥാപിക്കുവാനും മേജർ ആർച്ച് ബിഷപ്പ് - കാതോലിക്കാബാവയ്ക്കു കഴിയും.

മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയിലെ മെത്രാന്മാരുടെ സിനഡിന്റെ സമ്മതത്തോടെ മേജർ ആർച്ച്ബിഷപ്പ്- കാതോലിക്കാബാവയ്ക്കു ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ:

കാനോൻ:181, 182-187, 212 എന്നീകാനോനകൾ പാലിച്ചുകൊണ്ട് രൂപതാമെത്രാന് പിന്തുടർച്ചാവകാശിയായ മെത്രാനെ (Co-adjutor bishop)യോ, സഹായമെത്രാനെ (Auxiliary bishop) യോ നൽകുക; ഗൗരവമുള്ള കാരണത്താൽ ഒരു മെത്രാപ്പോലീത്തായെയോ രൂപതാമെത്രാനെയോ സ്ഥാനിക മെത്രാനെയോ മറ്റൊരുമെത്രാപ്പോലീത്തൻ, രൂപതാ, സ്ഥാനിക സിംഹാസനത്തിലേക്ക് സ്ഥലം മാറ്റുക. അദ്ദേഹം വിസമ്മതിക്കുകയാണെങ്കിൽ മേജർ ആർക്കി എപ്പിസ്

കോപ്പൽ സഭയിലെ മെത്രാന്മാരുടെ സിനഡ് പ്രശ്നം പരിഹരിക്കുകയോ ഇക്കാര്യം മാർ പാപ്പയ്ക്ക് വിട്ടുകൊടുക്കുകയോ ചെയ്യണം.

സ്ഥിര സിനഡിന്റെ സമ്മതത്തോടെ എക്സാർക്കികൾ സ്ഥാപിക്കുവാനും മാറ്റം വരുത്തുവാനും നിർത്തലാക്കുവാനും മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കാബാവയ്ക്കു കഴിയും. മെത്രാപ്പോലീത്താമാരെ വ്യക്തിപരമായോ, തടസ്സപ്പെട്ടാൽ മറ്റു മെത്രാന്മാർ വഴിയോ അഭിഷേപിക്കുകയും, പ്രത്യേകനിയമം അപ്രകാരം നിശ്ചയിക്കുന്നെങ്കിൽ, എല്ലാ മെത്രാന്മാരെയും അഭിഷേചിക്കുകയും ചെയ്യുക. മെത്രാൻ പട്ടത്തിനു ശേഷം, മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണം നടത്തുക.നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയുംചെയ്യുന്നു.

5. സഭാസമ്പത്തിന്റെ ഉചിതമായ ഭരണം ഉറപ്പുവരുത്തുക (കാനോൻ 97)

പാത്രിയാർക്കൽ സഭയുടെ വസ്തുവകകൾ ശരിയായി കൈകാര്യം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കാ ബാവയ്ക്കു കടമയുണ്ട്. രൂപതയുടെ വസ്തുവകകൾ മെത്രാന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിലായതിനാൽ അവയുടെ മേൽ മേജർ ആർച്ച്ബിഷപ്പ് കാതോലിക്കാ ബാവ യ്ക്കു നേരിട്ടുള്ള മേൽനോട്ടാധികാരമില്ല. എന്നാൽ, മെത്രാൻ ഇപ്രകാരം തന്റെ കടമ നിർവ്വഹിക്കുന്നുണ്ടോ എന്നു പരിശോധിക്കേണ്ടത് മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കാബാവായാണ്. മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കാബാവയ്ക്കു ഈ അധികാരം സഭാതിർത്തിക്കുള്ളിൽ മാത്രമേ ഉള്ളൂ. അതിനാൽ സഭാതിർത്തിക്കുപുറത്തുള്ള രൂപതകളുടെ ഭരണകാര്യങ്ങളിൽ എന്തെങ്കിലും അപാകതകൾ കണ്ടാൽ മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കാ ബാവ അക്കാര്യം ശ്ലൈഹിക സിംഹാസനത്തെ അറിയിക്കുകയാണ് വേണ്ടത്.



6. റോമിലെ മാർപ്പാപ്പയുമായുള്ള ബന്ധം (കാനോൻ 92)

സ്വയം ഭരണാധികാരമാണെങ്കിലും, ഒരു മേജർ ആർക്കി എപ്പിസ്കോപ്പൽ സഭ മാർപാപ്പയുമായി പൂർണ്ണ കൂട്ടായ്മയിൽ തുടരുന്നു. കാനോന 92 അനുസരിച്ചു സാർവ്വത്രിക സഭയുടെ പരമോന്നത അജപാലകനോടു കാണിക്കേണ്ട വിശ്വസ്തത, ബഹുമാനം, അനുസരണം എന്നിവയിലൂടെ, വി. പത്രോസിന്റെ പിൻഗാമിയായ റോമാ മാർപാപ്പയോട് ഹയരാർക്കിതലത്തിലുള്ള കൂട്ടായ്മ മേജർ ആർച്ച്ബിഷപ്പ്- കാതോലിക്കാബാവ പ്രകടിപ്പിക്കണം.

മാർപാപ്പയുമായി മേജർ ആർച്ച്ബിഷപ്പ് - കാതോലിക്കാ ബാവ അടുത്ത ബന്ധം പുലർത്തുകയും, താൻ ആദ്ധ്യക്ഷ്യം വഹിക്കുന്ന സഭയുടെ സ്ഥിതിയെ സംബന്ധിച്ച്, അഞ്ചു വർഷത്തിലൊരിക്കൽ മാനദണ്ഡങ്ങളനുസരിച്ച്, അതിനായി പ്രത്യേകം നിശ്ചയിച്ചിരിക്കുന്ന ഒരു സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. തിരഞ്ഞെടുപ്പിനു ശേഷം ഒരു വർഷത്തിനുള്ളിലും, തുടർന്ന് തന്റെ ദൗത്യ നിർവ്വഹണ കാലത്ത് വി. പത്രോസ് - പൗലോസ് ശ്ലീഹന്മാരുടെ കബറിടങ്ങൾ വണങ്ങുന്നതിനായും സാർവ്വത്രിക സഭയിൽ പ്രഥമസ്ഥാനമുള്ള വി. പത്രോസിന്റെ പിൻഗാമിയെ നേരിൽ കാണുന്നതിനായും അദ്ദേഹം റോമാനഗരം സന്ദർശിക്കണം. ഈ ബന്ധം പൗരസ്ത്യകത്തോലിക്കാ സഭകളെയും റോമിലെ മാർപ്പാപ്പയെയും ബന്ധിപ്പിക്കുന്ന കൂട്ടായ്മയെ പ്രതിഫലിപ്പിക്കുന്നു.

**മേജർ ആർക്കി എപ്പിസ്കോപ്പൽ സഭകളുടെ ഉദാഹരണങ്ങൾ**

ഇപ്പോൾ, കത്തോലിക്കാ സഭ നാല് വ്യക്തിഗതസഭകളെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭകളായി അംഗീകരിക്കുന്നു:

1. ഉക്രേനിയൻ ഗ്രീക്ക് കത്തോലിക്കാ സഭ (Kyiv-Halych)

2. സീറോ-മലബാർ കത്തോലിക്കാ സഭ (എറണാകുളം-അങ്കമാലി)

3. സീറോ-മലങ്കര കത്തോലിക്കാ സഭ (തിരുവനന്തപുരം)

4. റൊമാനിയൻ ഗ്രീക്ക് കത്തോലിക്കാ സഭ (Fev]garas and Alba lulia)

ഈ സഭകൾ ഓരോന്നിന്റെയും ആത്മീയവും ഭരണപരവുമായ നേതൃത്വം വഹിക്കുന്നത് ഒരു മേജർ ആർച്ച്ബിഷപ്പാണ്.

**ഉപസംഹാരം**

സാർവത്രിക സഭയ്ക്കുള്ളിലെ പൗരസ്ത്യ കത്തോലിക്കാ സഭകളുടെ സ്വയംഭരണത്തിന്റെ ഒരു സുപ്രധാന പ്രകടനമാണ് മേജർ ആർച്ച് ബിഷപ്പ് / കാതോലിക്കാ ബാവ. പാത്രിയർക്കീസിന് പദവിയിൽ തുല്യനല്ലെങ്കിലും, മേജർ ആർച്ച് ബിഷപ്പുമാർ അവരുടെ സഭകൾക്കുള്ളിൽ ഏതാണ്ട് തുല്യമായ അധികാരം പ്രയോഗിക്കുന്നു. CCEO അവരുടെ അവകാശങ്ങൾ, ഉത്തരവാദിത്തങ്ങൾ, റോമിലെ മാർപ്പാപ്പയുമായുള്ള ബന്ധം എന്നിവ ക്രോഡീകരിക്കുന്നു, ഇത് പുരാതന പൗരസ്ത്യ ക്രിസ്ത്യൻ പാരമ്പര്യങ്ങൾക്കനുസൃതമായി അവരുടെ അജഗണത്തെ വിശ്വസ്തതയോടെ നയിക്കാൻ അവരെ അനുവദിക്കുന്നു.

'കാതോലിക്കോസ്' എന്ന ശീർഷകം സീറോ - മലങ്കര കത്തോലിക്കാ സഭ ഉപയോഗിക്കുമ്പോൾ, ചരിത്രപരമായും ദൈവശാസ്ത്രപരമായും സാധുതയുള്ളതാണ് എന്നുമാത്രമല്ല, കത്തോലിക്കാ സഭയുടെ പരമോന്നത അധികാരം കാനോനികമായി അംഗീകരിച്ചിട്ടുള്ളതും ആകുന്നു. മറിച്ചുള്ള ഏതൊരു നിർദ്ദേശവും നമ്മുടെ സഭയുടെ നിയമാനുസൃതമായ സഭാസ്വത്വത്തെ തെറ്റിദ്ധരിപ്പിക്കുന്നതും അനാദരിക്കുന്നതും ആണ്.

ഈ ശീർഷകത്തിന് പിന്നിലെ ആഴത്തിൽ വേരൂന്നിയ സഭാപൈതൃകം തിരിച്ചറിഞ്ഞുകൊണ്ട് സീറോ മലങ്കര കത്തോലിക്കാ സഭയുടെയും അതിന്റെ തലവന്റെയും പിതാവിന്റെയും ശരിയായ വ്യക്തിത്വത്തെയും അന്തസ്സിനെയും തുരങ്കം വയ്ക്കാൻ ലക്ഷ്യമിടുന്ന അവകാശവാദങ്ങളിൽ തെറ്റിദ്ധരിക്കപ്പെടാതിരിക്കാനും വഴിതെറ്റിപോകാതിരിക്കാനും സഭാമക്കൾ ശ്രദ്ധിക്കേണ്ടതാണ്.

www.malankaralibrary.com

കവർ സ്റ്റോറി

# മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ കാതോലിക്കാസ്ഥാനം

റവ. ഡോ. ജോർജ് തോമസ് കൊച്ചുവിളയിൽ





♦ ആഗോള കത്തോലിക്കാസഭയുടെ പൈതൃകം എന്നു പറയുന്നത്, ഈ കൂട്ടായ്മയിലുള്ള മുഴുവൻ സഭകളുടേയും പൈതൃകങ്ങൾ ചേർന്നതാണ്. ഓരോ വ്യക്തിഗതസഭകളുടേയും പൈതൃകം എന്നത് വൈരുധ്യങ്ങളല്ല പകരം പരസ്പര പൂരകങ്ങളാണ്.

♦ ഓരോ സഭയുടേയും പ്രത്യേകനിയമങ്ങൾ അനുസരിച്ച് നിലനിൽക്കുന്ന 'സഭാതലവരുടെ ശീർഷകങ്ങൾ', കത്തോലിക്കാസഭയുടെ നിയമങ്ങളനുസരിച്ച്, ആഗോള കത്തോലിക്കാസഭയുടെ പൊതു പാരമ്പര്യത്തിന്റെ ഭാഗമാകുകയാണ്.

♦ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 'മേജർ ആർച്ച് ബിഷപ്പ്-കാതോലിക്കോസ്' ശീർഷകം ആഗോള കത്തോലിക്കാസഭയുടെ പൊതു സ്വത്തായിമാറിയിരിക്കുന്നു. ഇതിലും ഒരു പ്രത്യേകത നമുക്ക് കാണുവാൻ കഴിയുന്നത് മലങ്കര സുറിയാനി കാത്തോലിക്കാസഭയുടെ പ്രത്യേക നിയമ സംഹിത പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തോടെയാണ് വിളംബരം ചെയ്തിരിക്കുന്നത്. ഇപ്രകാരം പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തോടെ പുറപ്പെടുവിച്ചിരിക്കുന്ന നിയമങ്ങൾക്ക് ആഗോളതലത്തിൽ പ്രാബല്യം ഉണ്ട്.

♦ മലങ്കര സുറിയാനി പാരമ്പര്യത്തിൽ സഭയുടെ പാത്രിയർക്കീസ്ന്റെ അധികാരത്തോടുകൂടിയ തലവന് നൽകാൻ 'കാതോലിക്കോസ്' എന്ന നൈയാമിക ശീർഷകമല്ലാതെ മറ്റൊരു നാമം ഇല്ല. അതുകൊണ്ട് മലങ്കര സുറിയാനി കാതോലിക്കാ സഭയുടെ തലവനും പിതാവും നൈയാമികമായി 'മേജർ ആർച്ച് ബിഷപ്പ്-കാതോലിക്കോസ്' എന്നു വിളിക്കപ്പെടുന്നു.

♦ പുരാതനകാലം മുതൽ ഓരോ പൗരസ്ത്യ സഭകയുടേയും തലവൻമാർ, ഓരോ സഭയുടേതായ പാരമ്പര്യമനുസരിച്ച് പ്രത്യേക പേരുകളിൽ അറിയപ്പെട്ടുവന്നു. ഒരു പ്രത്യേക പേരിൽ ഒരു വ്യക്തിഗത സഭയുടെ തലവൻ വിളിക്കപ്പെടുന്നതിലൂടെ ആ സഭയുടെ പൊതു പൈതൃകമാണ് വെളിപ്പെടുന്നത്.

♦ ചില പൗരസ്ത്യസഭകൾ അവരുടെ പരമാദ്ധ്യക്ഷനെ 'കാതോലിക്കോസ്' എന്നു വിളിക്കുന്നു. ഉദാ: അർമ്മേനിയൻ ഓർത്തഡോക്സ് സഭയുടെ കാതോലിക്കോസ്,

ജോർജിയൻ സഭയുടെ കാതോലിക്കോസ്, മലങ്കര ഓർത്തഡോക്സ് സഭയുടെ കാതോലിക്കോസ്, മലങ്കര സിറിയൻ ഓർത്തഡോക്സ് സഭയുടെ കാതോലിക്കോസ് തുടങ്ങിയവ.

♦ മലങ്കര സുറിയാനി കാതോലിക്കാസഭയുടെ തലവനും പിതാവും, പരമാധ്യക്ഷൻ, മേജർ അർച്ച്ബിഷപ്പ്-കാതോലിക്കോസ് എന്നാണ് നൈയാമികമായി അംഗീകരിക്കപ്പെട്ടിരിക്കുന്നത്. കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ, പരിശുദ്ധ സുന്നഹദോസിന്റെയും അതിന്റെ തലവനായ കാതോലിക്കാബാവായുടെയും നേതൃത്വമുള്ള, അന്ത്യോക്യൻ-മലങ്കര പാരമ്പര്യമുള്ള സഭയുടെ തലവൻ മേജർ ആർച്ചുബിഷപ്പ് കാതോലിക്കോസ് എന്ന് വിളിക്കപ്പെടുന്നത് മലങ്കര സുറിയാനി കത്തോലിക്കസഭയുടെ മാത്രം പ്രത്യേകതയാണ്.

**കാതോലിക്കോസ്**

♦ അഞ്ചാം നൂറ്റാണ്ടോടുകൂടി റോം, കോൺസ്റ്റാന്റിനോപ്പിൾ, അലക്സാൻട്രിയ, അന്ത്യോക്യ, ജറുസലേം തുടങ്ങിയ പ്രമുഖ പട്ടണങ്ങളിലെ മെത്രാന്മാർ അവരവരുടെ പട്ടണങ്ങളുടെ സമീപ പട്ടണങ്ങളുടെമേലും അധികാരമുള്ളവരായി മാറി. ഈ പ്രമുഖ പട്ടണങ്ങളോടൊപ്പം ഏതാനും ചില സഭാകേന്ദ്രങ്ങളും പുതിയ ആരാധനാ കേന്ദ്രങ്ങളും ഉദയം ചെയ്തു. റോമാ സാമ്രാജ്യത്തിനുള്ളിലെ പ്രധാനപട്ടണങ്ങളിലെ സഭകളുടെ അധ്യക്ഷന്മാർ 'പാത്രിയർക്കീസ്' എന്ന സംജ്ഞയിൽ ക്രമേണ അറിയപ്പെട്ടു.

♦ ഇതേസമയം റോമാസാമ്രാജ്യത്തിന് പുറത്തുള്ള സഭകളിൽ, പാത്രിയർക്കിസിനു സമമായ അധികാരത്തോടുകൂടിയ മേലധ്യക്ഷൻമാർ 'കാതോലിക്കോസ്' എന്നും അറിയപ്പെടാൻ തുടങ്ങി.

♦ 'കാതോലിക്കോസ്' എന്ന സംജ്ഞ ആദ്യമായി പരാമർശിച്ചു കാണുന്നത് മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ്. റോമാസാമ്രാജ്യത്തിൽ ചില പ്രത്യേക പ്രവിശ്യകളുടെമേൽ അധികാരമുള്ള ഗവൺമെന്റ് ഉദ്യോഗസ്ഥൻ 'കാതോലിക്കോസ്' എന്ന പേരിൽ പ്രവർത്തിച്ചിരുന്നു.[1]

♦ കാതോലിക്കോസ് എന്ന നൈയാമിക സ്ഥാനം പൂർണ്ണമായും വളർച്ച പ്രാപിച്ച് സംസ്ഥാപിതമാകുന്നത് സെലൂഷ്യ-സ്റ്റെസിഫൺ സഭയിലാണ്.

♦ പേർഷ്യയിലെ Non-Calcedonions-ന്റെ അജപാലനകാര്യങ്ങൾ ശ്രദ്ധിക്കുന്നതിനായി അന്ത്യോക്യൻ പാത്രിയർക്കീസ് AD 629 ൽ നിയമിച്ച ശ്രേഷ്ഠ മെത്രാപ്പോലീത്താ സ്ഥാനിയാണ് 'മഫ്രിയാൻ'.[2]

♦ 1264 മുതൽ 1284 എ.ഡി.വരെ ത്രിഗ്രീത്തിൽ മഫ്രിയാനായിരുന്ന ബാർ എബ്രായ തന്റെ സ്ഥാന പേരിനോട് ചേർത്ത് 'കാതോലിക്കോസ്' എന്ന് ഉപയോഗിക്കാൻ തുടങ്ങി. അങ്ങനെ അന്ത്യോക്യൻ പാരമ്പര്യത്തിൽ ആദ്യമായി കാതോലിക്കോസ് എന്ന വാക്ക് ഉപയോഗത്തിൽ വന്നു. ബാർ എബ്രായ മുതൽ അന്ത്യോക്യൻ പാരമ്പര്യത്തിൽ, മഫ്രിയാന് പകരം കാതോലിക്കോസ് എന്ന സംജ്ഞാനാമം ഉപയോഗത്തിലായി.

♦ കാതോലിക്കാസ്ഥാനം മലങ്കരയിൽ സ്ഥാപിതമാക്കികൊണ്ട് അന്ത്യോക്യൻ പാത്രിയർക്കിസ് നൽകിയ 'സ്താത്തിക്കോണിൽ' (നിയമന കല്പന) മലങ്കര സഭയുടെ പരമാധ്യക്ഷൻ കാതോലിക്കോസ് ആയിരിക്കും എന്ന് കല്പിച്ചു. പിന്നീട് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ അതിന്റെ ഭരണഘടന വഴി പാത്രിയർക്കസിനുതുല്യമായ അധികാരങ്ങൾ കാതോലിക്കോസിന് നൽകി.[3]

♦ സുദീർഘമായ എഴുത്തുകുത്തുകൾക്ക് ശേഷം പുനഃരൈക്യപ്പെടുന്ന മലങ്കരസഭയ്ക്ക്



അതിന്റെ തലവനായി ഒരു കാതോലിക്കാസ്ഥാനം നൽകുന്നത് 1930-ൽ പരിശുദ്ധ സിംഹാസനം തൽക്കാലത്തേക്ക് മരവിപ്പിച്ചു വച്ചു.

♦ സ്ഥാനം അംഗീകരിക്കുന്നത് പിന്നീട് ആകാമെന്ന് പരിശുദ്ധ സിംഹാസനത്തിന്റെ നിർദ്ദേശം മാർ ഇവാനിയോസ് തിരുമേനി അംഗീകരിച്ചു.[4]

♦ പുനഃരൈക്യത്തിനുശേഷം 75 വർഷങ്ങൾ പൂർത്തിയായപ്പോൾ ഈ സഭയുടെ ത്വരി

തഗതിയിലുള്ള വളർച്ചയുടേയും അതിന്റെ പക്വതയുടെയും അംഗീകാരമായി സഭയെ ഒരു മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയായും അതിന്റെ തലവനെ പാത്രിയർക്കിസ് സ്ഥാനത്തിനു തുല്യമായ മേജർ ആർച്ചുബിഷപ്പ് സ്ഥാനവും നല്കി ഉയർത്തി.[5]

♦ സുറിയാനി കത്തോലിക്കാ സഭയുടെ ആദ്യ സുന്നഹദോസ്, ഇതിന്റെ തലവൻ കാതോലിക്കോസ് എന്ന് വിളിക്കപ്പെടണമെന്ന് തീരുമാനിച്ചു.[6]

♦ മലങ്കരസഭകളുടെ നൈയാമിക ഹയരാർക്കിക്കൽ ഭരണസംവിധാനം മറന്ന് ഒരു ക്രമീകരണം മലങ്കരസുറിയാനി കത്തോലിക്കാസഭയിൽ സാധ്യമല്ല.

♦ വ്യക്തിഗത സഭകളുടെ (*Sui iuris*) പാരമ്പര്യങ്ങളും പൈതൃകങ്ങളും മാനിക്കുന്നതിനും നിയമത്തിൽ നിലനിർത്തുന്നതിനുമുള്ള സാധ്യതകൾ CCEO നൽകുന്നു. ഇപ്രകാരം ഒരു സഭയുടെ പ്രത്യേകനിയമങ്ങൾ ക്രോഡീകരിച്ച് പാരമ്പര്യങ്ങൾ സംരക്ഷിക്കാനും നിലനിർത്താനും കത്തോലിക്കാസഭയിൽ സാധ്യമാണ്. എന്നാൽ ഇവ പൊതു നിയമത്തിന് എതിരല്ലാത്തത് ആയിരിക്കണം.[7] പ്രത്യേകനിയങ്ങൾ എന്നു പറയുന്നത് CCEO നൽകുന്ന ചില സാധ്യതകൾ ഉപയോഗപ്പെടുത്തി ക്രോഡീകരിക്കുന്ന നിയമാവലി മാത്രമല്ല. പൊതുനിയമത്തിന് എതിരല്ലാത്തതും ഒരു പ്രത്യേക വ്യക്തിഗത സഭയുടെ നൈയാമിക സംവിധാനത്തിന് ചേരുന്നതുമായ പുതിയ നിയമങ്ങൾകൂടി ഉൾപ്പെടുത്തി ക്രോഡീകരിക്കുവാൻ ഒരു വ്യക്തിഗത സഭയ്ക്ക് സാധിക്കുന്നത്. മലങ്കര സുറിയാനി കാത്തോലിക്കാ സഭ അതിന്റെ പ്രത്യേകനിയമങ്ങൾ "The Code of Particular Canons of the Syro- Malankara Catholic Church" (CPCSMCC)[8]" 2012-ൽ പ്രസിദ്ധീകരിച്ചു. ഈ പ്രഖ്യാപിത നിയമത്തിന് പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരം 2011 തന്നെ ലഭിച്ചതിനാൽ 'പൊന്തിഫിക്കൽ നിയമങ്ങൾ' എന്ന പദവിയും ഉണ്ട്.[9]

♦ CPCSMCC കാനൻ 18 അനുസരിച്ച് മലങ്കര സുറിയാനി കാതോലിക്കാ സഭയുടെ തലവനും പിതാവുമായ മേലദ്ധ്യക്ഷൻ "മേജർ അർച്ച്ബിഷപ്പ്-കാതോലിക്കാസ്" ആണ്.

♦ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ മേജർ ആർച്ച് ബിഷപ്പ്-കാതോലിക്കാബാവാ വിളിക്കപ്പെടുന്നത്: മോറാൻ മോർ ബസേലിയോസ് (ക്ലീമിസ്) കാതോലിക്കാബാവാ' എന്നാണ്.[10]



♦ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ അദ്ധ്യക്ഷൻ മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസിന് പാത്രീയർക്കിസിന്റെ അധികാരാവകാശങ്ങളുള്ളതിന്റെ പ്രഖ്യാപനമാണ് അദ്ദേഹത്തെ 'മോറാൻ മോർ' എന്ന് അഭിസംബോധന ചെയ്യുന്നത്.[11]

♦ കാതോലിക്കാബാവായുടെ സ്ഥാനചിഹ്നങ്ങൾ അദ്ദേഹം ഉൾക്കൊള്ളുന്ന അധികാരത്തിന്റെ അടയാളമാണ്. അന്ത്യോക്യൻ-മലങ്കര പാരമ്പര്യത്തിലുള്ള ഒരു മെത്രാന്റെ സ്ഥാനചിഹ്നങ്ങൾക്കൊപ്പം ഒരു കുരിശുമാലയും നെഞ്ചിൽ ധരിക്കുന്ന രണ്ട് മെഡലുകളുമാണ് (*Enkolpion*) കാതോലിക്കാബാവായുടെ സ്ഥാനചിഹ്നങ്ങൾ. ഒന്നാമത്തേത് പരിശുദ്ധ ദൈവമാതാവിന്റേതും രണ്ടാമത്തേത് വി. തോമാശ്ലീഹായുടെയും.[12] മലങ്കര സുറിയാനി പാരമ്പര്യത്തിൽ പ്രത്യേക ബഹുമാനം നൽകുന്ന ദൈവമാതാവിന്റെയും തിരുവനന്തപുരം മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സിംഹാസനം ആരുടെ സിംഹാസനത്തിന്റെ തുടർച്ചയാണോ ആ തോമാശ്ലീഹായുടെയും ചിത്രങ്ങൾ/ ഐക്കൺ ഈ മെഡലുകളിൽ ഉള്ളത്.

♦ കത്തോലിക്കാ സഭയുടെ കൂട്ടായ്മയിൽ ഉൾപ്പെടാത്ത മലങ്കര സഭകളെയും "ഒരടിയനും ഒരു തൊഴുത്തും' മെന്ന ദൈവവചനമനുസരിച്ച് ആഗോളകത്തോലിക്കാ സഭയുടെ കൂട്ടായ്മയിൽ ഉൾചേർക്കുന്നതിന് മലങ്കരസഭകളുടെ ഐക്യത്തിനായി പ്രവർത്തിക്കാനുള്ള നടപടികൾ കൈകൊള്ളുവാൻ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തലവന്മാർ എന്നും പരിശ്രമിച്ചിട്ടുണ്ട്.[13] "മലങ്കര സഭയിലെ മറ്റു രണ്ടു കാതോലിക്കാമാർ കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ട് ഒരു സഭയാകുന്നപക്ഷം തന്റെ കാതോലിക്കാസ്ഥാനം സ്ഥാനത്യാഗം ചെയ്ത് ആസമയത്ത് നിയോഗിതനാകുന്ന കാതോലിക്കോസിന്റെ/പാത്രിയർക്കി

സിന്റെ കീഴിൽ ഒരു മേല്പട്ടക്കാരനായി ശുശ്രൂഷ ചെയ്യാൻ തയ്യാറാണ്" എന്ന ഇപ്പോഴത്തെ മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാബാവായുടെ പ്രസ്താവന സഭൈക്യപ്രവർത്തനങ്ങൾക്ക് ശ്രദ്ധേയമാണ്.[14] ഇതുകൊണ്ട്, മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ കാതോലിക്കാസ്ഥാനം ഐക്യത്തിന്റെ അടയാളമായി നിലകൊള്ളുന്നു എന്ന് നിസംശയം പറയാം.

♦ ഇപ്പോഴത്തെ പൗരസ്ത്യ കാനൻ നിയമസംഹിത (CCEO) പ്രസിദ്ധീകരിക്കുന്നതിനു മുൻപ് ഹൈയറാർക്കുകളെക്കുറിച്ചുള്ള പൗരസ്ത്യ കാനൻ നിയമസംഹിതയായ *Cleri sanctitai* കനോനൻ 335/1 കാതോലിക്കാ സ്ഥാനത്തെക്കുറിച്ച് പറയുന്നുണ്ട്. പാത്രിയർക്കിസിന്റെ അധികാരമുള്ള Major Archbishop ശീർഷകമുള്ളതും എന്നാൽ പാത്രിയർക്കീസിന്റെ അധികാരമുള്ളതുമായ സഭാധ്യക്ഷനാണ് കാതോലിക്കാബാവാ എന്നാണ് ഈ കനോന പറയുന്നത്. പൗരസ്ത്യ കാനൻ നിയമസംഹിതയുടെ പരിഷ്കരണത്തിനായുള്ള ചർച്ചകളിൽ നിന്നും മനസ്സിലാവുന്നത്, വാക്കുകളുടെ വ്യക്തതയ്ക്കുവേണ്ടിമാത്രം മേജർ



ആർച്ചുബിഷപ്പ് എന്ന് ഉപയോഗിച്ചിരിക്കുന്നു എന്നുള്ളതാണ്. അതായത് CCEO ൽ 'കാതോലിക്കോസ്'നെക്കുറിച്ചുള്ള പരാമർശം വരാതെ 'മേജർ ആർച്ച് ബിഷപ്പ്' എന്നുമാത്രം പരാമർശിക്കാൻ കാരണം Terminological Clarity എന്നതു മാത്രമാണ്.

♦ പാത്രിയർക്കിസിന്റെ അധികാരമുള്ളതും എന്നാൽ ആ ശീർഷകം നൽകപ്പെട്ടിട്ടില്ലാത്തതുമായ സഭാധ്യക്ഷനെ 'മേജർ ആർച്ച് ബിഷപ്' എന്ന് വിളിക്കാം എന്നും ഓരോ സഭയ്ക്കും പ്രത്യേക കാനോനകളാൽ ആ സഭകളുടെ എല്ലാ പാരമ്പര്യങ്ങളും പൈതൃകങ്ങളും സംരക്ഷിക്കപ്പെടാൻ സാധിക്കും എന്ന് നിർദ്ദേശിച്ചുകൊണ്ടാണ് ആ കമ്മിറ്റി ചർച്ച അവസാനിപ്പിക്കുന്നത്. അതുകൊണ്ട്, കാതോലിക്കസ് എന്നസ്ഥാനം CCEOയിൽ ഇല്ല എന്നുള്ളത് ഈ സ്ഥാനം ഉപയോഗിക്കുന്നതിന് തടസ്സമല്ല. മറിച്ച്, ഇത് പ്രത്യേക നിയമത്തിനുള്ള ഒരു അവസരം നൽകുകയാണ് ചെയ്തിരിക്കുന്നത്.

♦ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് അതിന്റെ പാരമ്പര്യത്തിന് അന്യമായ ഒരു സംജ്ഞ സഭാജീവിതത്തിൽ സ്വീകരിക്കുന്നത് അതിന്റെ നിലനിൽപ്പിനെതന്നെ ബാധിക്കും. കാരണം. അതിനെ അതിന്റെ പൈതൃകത്തിൽ നിന്നും വ്യത്യസ്തമാക്കുന്ന ഘടകങ്ങൾ ഉപയോഗിക്കുന്നത് സഭ ഇല്ലാതാവുന്നതിന് തുല്യമാണ്.

1. Theodoreti Episcopi Cyrensis, *Ecclesiastice Historiae* I, XV: PG 82, 790; Paulys Wissova, *Realencyclopädie der classischen Altertumswissenschaft*, Vol. 10 (Stuttgart: J.B. Metzler, 1919) col. 2520.

2. Joseph Mounayer, *Les Synodes Syriens Jacobites*, 22-25; Josephus Simonius Assemanus, *Bibliotecae Orientalis Clementino-Vaticanae*, Second Book (Romae: Typis Sacrae Congregationis de Propaganda Fide, 1921) 387, 418-420.

3. *The Constitution of the Malankara Orthodox Church*.

4. Catholicate for the re-uniting Church in 1930 would have been a '*hung Catholicate' if the then Catholicos be re-united soon in 1930. So the Holy See proposed a 'wait and see.'* AAT, No. A 18/1930, *The Instruction of 20 August*

*1930*: communicated from the Apostolic Delegate, *Prot. No. 2035/30*; Louis Moolaveetil, *The Malankara Catholic Church*, 69.

5. John Paul II, *Ab ipso sancto Thoma* (Apostolic Bull No. 570.809, 10 February 2005).

6. *Malankara*, Vol. 1, No. 2 (December 2005) 18; Later this decision was codified in CPCSMCC c. 18.

7. CCEO gives ample room for particular law in accordance with the Second Vatican Council declaration that the Churches of the East, as much as those of the West, have full right and are duty bound to rule themselves, each in accordance with its own established discipline, seeing that they are recommended by venerable antiquity and better suited to the customs of their faithful and to the good of their souls. OE 5; UR 16.

8. The *Code of particular Canons of the Syro-Malankara Catholic Church* has been promulgated with the approval of the Apostolic See. The approval from the Holy See substantiates preservation and expression of the genuine heritage of the Malankara Church acquired through its historical vicissitudes. *The Code of Particular Canons of the Syro-Malankara Catholic Church* (Trivandrum: Major Archiepiscopal Curia, 2012) Hereafter, CPCSMCC. CPCSMCC was approved by the Apostolic See on 7 September 2011. *Congregatio Pro Ecclesiis Orientalibus, Letter Prot. No.* 217/2010; *Malankara*, Vol. 8, No. 1 (March 2012) 1-148.

9. CCEO c. 150§ 3; John D. Faris, "Synodal Governance in the Eastern Catholic Churches," *Iustitia*, Vol. 2, No. 2 (December 2011) 313-337, 322; The approval (*Congregation for the Oriental Churches*, *Prot. No. 217/2010*) makes the CPCSMCC applicable to all and only the Syro-Malankara Catholics wherever they are.

10. George Thomas Kochuvilayil, "The Juridical figure of Catholicos in the Syro-Malankara Major Archiepiscopal Church," *Iustitia*, Vol. 1, Nos. 1 & 2 (December, 2010) 186-199, 193.

11. The present primates of the Churches in the Antiochene Tradition: Moran Mor Ignathios Aprem II: The Patriarch of the Syriac Orthodox Church of Antioch; Moran Mor Ignathios Joseph III Younan: The Patriarch of the Syrian Catholic Church of Antioch; Moran Mor Baselios Mar Thoma Paulos II: The Catholicos of the Malankara Orthodox Church; Moran Mor Baselios Cardinal Cleemis: The Catholicos of the Syro-Malankara Catholic Church, Aboon Mor Baselios Thomas I, the Catholicos of the Syriac/n Orthodox Church in India is addressed as Aboon Mor Baselios Thomas I.

12. *Enkolpion* (ãêüëðéïí) is a general term for something worn upon the bosom; here, it refers to a medallion with an icon in the centre. It is a custom in the Antiochene tradition that Patriarch and Catholicos have two encolpion as part of their insignia.

13. CPCSMCC c. 433.

14. Moran Mor Baselios Cardinal Cleemis Catholicos, *Daiva Mahathwavum Manushya Nanmayum* (Trivandrum: Carmel International Publishing House, 2012) 129.



www.malankaralibrary.com



# മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് രണ്ട് പുതിയ മെത്രാന്മാർ

**മോൺ. ഡോ. കുര്യാക്കോസ് തടത്തിൽ**
യൂറോപ്പിലെ അപ്പസ്തോലിക വിസിറ്റേറ്റർ

**മോൺ. ഡോ. ജോൺ കുറ്റിയിൽ**
തിരുവനന്തപുരം മേജർ അതിഭദ്രാസന സഹായമെത്രാൻ



## നിയുക്ത മെത്രാന്മാർക്ക് പ്രാർത്ഥനാമംഗളങ്ങൾ

മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് പുതിയ രണ്ട് മെത്രാന്മാരെ നിയമിച്ചു. സഭയുടെ യൂറോപ്പിലെ അപ്പസ്തോലിക ശുശ്രൂഷകൾക്കായി യുകെ യിലെ സഭാതല കോ ഓർഡിനേറ്റർ മോൺ. ഡോ. കുറിയാക്കോസ് തടത്തിൽ യൂറോപ്പിലെ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അപ്പസ്തോലിക വിസിറ്റേറ്ററായും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ ചാൻസിലർ മോൺ. ഡോ. ജോൺ കുറ്റിയിൽ മേജർ അതിഭദ്രാസന സഹായമെത്രാനായും നിയമിതനായി. നിയമന വാർത്തയുടെ പ്രസിദ്ധീകരണം റോമിലും തിരുവനന്തപുരം സെന്റ് മേരീസ് കത്തീഡ്രലിലും നടന്നപ്പോൾ അടൂർ മാർ ഇവാനിയോസ് നഗറിൽ മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ 95-ാം വാർഷികവും ധന്യൻ മാർ ഇവാനിയോസ് മെത്രാപ്പോലീത്തായുടെ മെത്രാഭിഷേക ശതാബ്ദിയും നടക്കുന്ന അൽമായ സംഗമ വേദിയിലാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭാ അധ്യക്ഷൻ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ സുപ്രധാനമായ ഈ പ്രഖ്യാപനങ്ങൾ നടത്തിയത്. സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരും വിശ്വാസികളുടെ ഒരു വലിയ സമൂഹവും തദവസരത്തിൽ സന്നിഹിതരായിരുന്നു.

പ്രഖ്യാപനത്തിന് ശേഷം നിയുക്ത മെത്രാന്മാരെ മാർ ക്ലീമീസ് കാതോലിക്കാ ബാവ വിരലിൽ മോതിരം അണിയിച്ചു. നിയുക്ത മെത്രാൻ മോൺ. ഡോ. കുറിയാക്കോസ് തടത്തിലിനെ യൂറോപ്പിലെ മുൻ അപ്പസ്തോലിക അഡ്മിനിസ്ട്രേറ്റർ ബിഷപ്പ് യൂഹാനോൻ മാർ തെയഡോഷ്യസ് ഇടക്കെട്ടും, പത്തനംതിട്ട രൂപതാധ്യക്ഷൻ ബിഷപ്പ് സാമുവേൽ മാർ ഐറേനിയോസ് കറുത്ത കുപ്പായവും തിരുവല്ല ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് കുരിശുമാലയും അണിയിച്ചു. നിയുക്ത മെത്രാൻ മോൺ. ഡോ. ജോൺ കുറ്റിയിലിനെ മാവേലിക്കര രൂപത മുൻ അധ്യക്ഷൻ ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് ഇടക്കെട്ടും ബത്തേരി രൂപതാധ്യക്ഷൻ ബിഷപ്പ് ജോസഫ് മാർ തോമസ് കറുത്ത കുപ്പായവും പാറശാല രൂപതാധ്യക്ഷൻ ബിഷപ്പ് തോമസ് മാർ യൗസേബിയോസ് കുരിശുമാലയും അണിയിച്ചു. വിശ്വാസികളെ പ്രതിനിധീകരിച്ച് എംസിഎ സഭാതല പ്രസിഡന്റ് എസ്.ആർ. ബൈജുവും, മദേഴ്സ് ഫോറം സഭാതല പ്രസിഡന്റ് ജിജി മത്തായിയും ബൊക്കെ നൽകി ആശംസകൾ അറിയിച്ചു. മെത്രാഭിഷേകം നവംബർ 22 ശനിയാഴ്ച തിരുവനന്തപുരത്ത് നടക്കും.

**മോൺ. ഡോ. കുറിയാക്കോസ് തടത്തിൽ**

കോട്ടയം ജില്ലയിൽ അമയന്നൂർ തടത്തിൽ പരേതരായ തോമസിന്റെയും അന്നമ്മയുടെയും മകനായി 1962 മാർച്ച് 27-ന് ജനിച്ച നിയുക്ത മെത്രാൻ ബഹു. കുറിയാക്കോസ് തടത്തിൽ തിരുവല്ല അതിഭദ്രാസനത്തിലെ അമയന്നൂർ സെന്റ് മേരീസ് മലങ്കര കത്തോലിക്ക ഇടവകാംഗമാണ്. 1987-ൽ ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലിത്തായാൽ തിരുവല്ല അതിരൂപതയിലെ വൈദികനായി അഭിഷിക്തനായ കുറിയാക്കോസ്തടത്തിൽ അച്ചൻ 2021 മുതൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യു.കെ. റീജിയന്റെ സഭാതല കോർഡിനേറ്റർ ആയി ശുശ്രൂഷ ചെയ്തു വരുന്നു.

വൈദിക പരിശീലനം തിരുവല്ല ഇൻഫന്റ് മേരീസ് മൈനർ സെമിനാരിയിലും പ്രീഡിഗ്രി പഠനം ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ് കോളേജിലും പൂർത്തിയാക്കി. തുടർന്ന് തത്വശാസ്ത്ര, ദൈവശാസ്ത്ര പഠനങ്ങൾ ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നടത്തി. അജപാലന ശുശ്രൂഷയോടൊപ്പം തൃശൂർ സെന്റ് തോമസ് കോളേജിൽനിന്നും ആംഗലേയ സാഹിത്യത്തിൽ ബിരുദം നേടി. റോമിലെ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ആരാധനക്രമ ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റും കരസ്ഥമാക്കി. കേരളത്തിൽ കാനം, നെടുമാവ്, ചുമന്നമണ്ണ്, അടിപെരണ്ട, കൊമ്പഴ, ചക്കുണ്ട്, കുന്നംകുളം, വാഴാനി, തിരുവൽവണ്ടൂർ, ചെങ്ങരൂർ എന്നീ ഇടവകകളുടെ വികാരിയായി സേവനമനുഷ്ഠിച്ചു. 2001 മുതൽ 2020 വരെ തിരുവനന്തപുരം മലങ്കര സെമിനാരിയിൽ അധ്യാപകനായും കോട്ടയം വടവാതൂർ, കുന്നോത്ത് ഗുഡ്ഷെപ്പേഡ് സെമിനാരികളിൽ വിസിറ്റിംഗ് പ്രൊഫസറായും സേവനമനുഷ്ഠിച്ച ബഹുമാനപ്പെട്ട തടത്തിൽ അച്ചൻ 2017 മുതൽ 2020 വരെ മലങ്കര മേജർ സെമിനാരിയുടെ റെക്ടറായും സേവനം നിർവഹിച്ചു. തിരുവല്ല അതിഭദ്രാസനത്തിന്റെ


ചാൻസലർ, വിശ്വാസ പരിശീലന പദ്ധതിയുടെ അതിഭദ്രാസന ഡയറക്ടർ, സഭയുടെ ആരാധനക്രമ കമ്മീഷൻ സെക്രട്ടറി, 2001 മുതൽ 2020 വരെ സഭയുടെ മാസ്റ്റർ ഓഫ് സെറിമണി ആയും സ്തുത്യർഹമായ സേവനം ശുശ്രൂഷ നിർവഹിച്ച നിയുക്ത മെത്രാൻ ആരാധനക്രമ ദൈവശാസ്ത്രത്തിൽ പണ്ഡിതനും ഇംഗ്ലീഷ്, ജർമ്മൻ, ഇറ്റാലിയൻ ഭാഷകളിൽ അവഗാഹം ഉള്ള വ്യക്തിയുമാണ്.

ഇപ്പോൾ യു.കെ.യിലെ കവന്റ്റി, പ്ളിമോത്ത് ഇടവകകളുടെ വികാരിയായി സേവനമനുഷ്ഠിക്കുന്ന നിയുക്തമെത്രാന് മാത്തുക്കുട്ടി, സാബു എന്ന രണ്ടു സഹോദരന്മാരും മിനി എന്ന സഹോദരിയുമുണ്ട്.

**മോൺ. ഡോ. ജോൺ കുറ്റിയിൽ**

കൊല്ലം ജില്ലയിൽ കൊട്ടാരക്കര കിഴക്കേത്തെരുവിൽ കുറ്റിയിൽ പരേതനായ രാജന്റെയും ഓമനയുടെ മകനായി 1982 മെയ് 30-ന് ജനിച്ച നിയുക്ത സഹായമെത്രാൻ ഡോ. ജോൺ കുറ്റിയിൽ അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവായിൽ നിന്നും 2008-ൽ പൗരോഹിത്യം സ്വീകരിച്ച് തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ വൈദികനായി. പ്രാഥമിക സ്കൂൾ വിദ്യാഭ്യാസം കിഴക്കേത്തെരുവ് സെന്റ് മേരീസ് സ്കൂളിൽ നടത്തി.വൈദിക പഠനം തിരുവനന്തപുരം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിലും തത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങളും വൈദിക പരിശീലനവും സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയിലും പൂർത്തിയാക്കി. തദവസരത്തിൽ തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ബിരുദം കരസ്ഥമാക്കി.

കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവയുടെ സെക്രട്ടറിയായിട്ടാണ് പ്രാഥമിക നിയമനം. തുടർന്ന് റോമിലെ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് സഭാനിയമത്തിൽ ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റും കരസ്ഥമാക്കി. 2015-ൽ മേജർ അതിഭദ്രാസനത്തിൽ തിരികെയെത്തിയ ബഹുമാനപ്പെട്ട കുറ്റിയിൽ അച്ചൻ ചാല, കരമന, പാറോട്ടുകോണം, പാളയം സമാധാന രാജ്ഞി ബസിലിക്കാ എന്നി ഇടവകകളിൽ വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. സെന്റ് അലോഷ്യസ് മൈനർ സെമിനാരി റെക്ടറായും തിരുവനന്തപുരം മേജർ അതിഭദ്രാസന അജപാലന സമിതി വൈദിക സെക്രട്ടറിയും ശുശ്രൂഷ ചെയ്തിട്ടുള്ള നിയുക്ത മെത്രാൻ ഇപ്പോൾ മേജർ അതിഭദ്രാസന ചാൻസലറായും സഭയുടെ മാസ്റ്റർ ഓഫ് സെറിമണിസ് ആയും സേവനമനുഷ്ഠിച്ചു വരുന്നു. തിരുവനന്തപുരം മേജർ മലങ്കര സെമിനാരിയിൽ സഭാനിയമ അധ്യാപകനായി ശുശ്രൂഷ ചെയ്യുന്ന ബഹുമാനപ്പെട്ട അച്ചന് ഇംഗ്ലീഷ്, ഇറ്റാലിയൻ, ജർമ്മൻ ഭാഷകളിൽ പ്രാവീണ്യമുണ്ട്. തിരുവനന്തപുരത്ത് മണ്ണന്തലയിൽ വിശുദ്ധ ജോൺ പോൾ മലങ്കര സുറിയാനി കത്തോലിക്ക ഇടവകയുടെയും ഉളിയാഴിത്തറ തിരുഹൃദയ ഇടവകയുടെയും വികാരിയായും മലങ്കര സഭയുടെ ദൈവ വിളി കമ്മീഷൻ സെക്രട്ടറിയായും സേവനമനുഷ്ഠിച്ചു വരികെയാണ് പുതിയ നിയോഗം. പ്രഭാഷകനും ഗ്രന്ഥകാരനുമായ നിയുക്ത മെത്രാൻ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ കൊട്ടാരക്കര കിഴക്കേത്തെരുവ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവാകാംഗമാണ്. അദ്ധ്യാപകനായ രാജീവ് ഏക സഹോദരനാണ്





www.malankaralibrary.com

വിശേഷം

# പുനരൈക്യ വാർഷികവും സഭാസംഗമവും

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തൊണ്ണൂറ്റി അഞ്ചാം പുനരൈക്യ വാർഷികവും, പുനരൈക്യ ശതാബ്ദി ആഘോഷങ്ങൾക്ക് മുന്നൊരുക്കമായുള്ള വചന വർഷ സമാപനവും, കൂദാശ വർഷ ഉദ്ഘാടനവും, ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ മെത്രാഭിഷേകത്തിന്റെ ശതാബ്ദി ആഘോഷ സമാപനവും, നിഖ്യാ സുന്നഹദോസിന്റെ 1700–ാം വാർഷികവും 2025 സെപ്റ്റംബർ 16 മുതൽ 20 വരെ പത്തനംതിട്ട ദദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ അടൂർ ഓൾ സെയ്ന്റ്സ് സ്കൂൾ ക്യാമ്പസിലെ മാർ ഈവാനിയോസ് നഗറിൽ വച്ച് മലങ്കര സുറിയാനി കത്തോലിക്കാ സഭാസംഗമമായി ആഘോഷിച്ചു. വിവിധ പ്രയാണങ്ങൾ, ഗാനസന്ധ്യ, വചനവർഷ സമാപനത്തോടനുബന്ധിച്ചുള്ള സുവിശേഷ സന്ധ്യ, വിവിധ ഭക്തസംഘടനകളുടെ സംഗമങ്ങൾ, ആഘോഷമായ വി. കുർബാന, പൊതു സമ്മേളനം, ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം എന്നിവ ഈ സംഗമത്തിന് മാറ്റ് കൂട്ടി.

സെപ്തംബർ 16 ന് വൈകിട്ട് 5 മണിക്ക് സമ്മേളന നഗരിയിൽ വിവിധ പ്രയാണങ്ങൾക്ക് സ്വീകരണം നൽകി. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ നേതൃത്വത്തിൽ പട്ടം കബറിൽ നിന്നും ദീപശിഖയും, തിരുവല്ല അതിഭദ്രാസനത്തിന്റെ നേതൃത്വത്തിൽ സെന്റ് ജോൺസ് കത്തീഡ്രലിൽ നിന്നും അഭി. തെയോഫിലോസ് പിതാവിന്റെ ഛായാചിത്രവും, മാവേലിക്കര ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ ജന്മഗൃഹത്തിൽ നിന്നും മാർ ഈവാനിയോസ് പിതാവിന്റെ ഛായാചിത്രവും, പത്തനംതിട്ട ഭദ്രാസനത്തിലെ റാന്നി – പെരുനാട്ടിൽ നിന്നും, വൈദിക ജില്ലകളിൽ നിന്നും ബൈബിളും, വള്ളിക്കുരിശും, ഛായാചിത്രവും, കാതോലിക്കാ പതാകയും വഹിച്ചു കൊണ്ടുള്ള പ്രയാണങ്ങൾക്ക് മാർ ഈവാനിയോസ് നഗറിൽ സ്വീകരണം നൽകി. തുടർന്ന് മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവ പതാക ഉയർത്തി പരിപാടികൾക്ക് തുടക്കം കുറിച്ചു. ശ്രീ. ചിറ്റയം ഗോപകുമാർ (ബഹു. ഡെപ്യൂട്ടി സ്പീക്കർ, കേരള നിയമസഭ), ശ്രീ. കെ. മഹേഷ് കുമാർ (മുൻസിപ്പൽ ചെയർമാൻ, അടൂർ നഗരസഭ) തുടങ്ങിയവർ

വിശിഷ്ടാതിഥികളായിരുന്നു. സന്ധ്യക്ക് പ്രശസ്ത സംഗീത സംവിധായകൻ ശ്രീ സ്റ്റീഫൻ ദേവസ്സി നയിച്ച ഗാനസന്ധ്യ അരങ്ങേറി.

സെപ്റ്റംബർ 17, 18, 19 തീയതികളിൽ നടന്ന സുവിശേഷ സന്ധ്യയ്ക്ക് ബഹു. ഡാനിയേൽ പൂവണ്ണത്തിലച്ചനും ടീമും നേതൃത്വം നൽകി. 19 ന് ഉച്ചയ്ക്കു ശേഷം അൽമായ സംഗമം, യുവജന സംഗമം, കുട്ടികളുടെ സംഗമം തുടങ്ങിയവ വിവിധ വേദികളിൽ നടന്നു. അൽമായ സംഗമത്തിൽ ശ്രീ. വി.ഡി. സതീശൻ (ബഹു. പ്രതിപക്ഷ നേതാവ്), ഡോ. കെ. എം. ഫ്രാൻസിസ് (കെ.സി.ബി.സി. അൽമായ കമ്മീഷൻ സെക്രട്ടറി) തുടങ്ങിയവർ നേതൃത്വം നൽകി. യുവജന സംഗമത്തിൽ ശ്രീ. റോഷി അഗസ്റ്റിൻ (ബഹു. ജലവിഭവ വകുപ്പ് മന്ത്രി), ശ്രീ. ആന്റോ ആന്റണി എം.പി. എന്നിവർ പങ്കെടുത്തു. റവ. ഫാ. ഡാനിയേൽ പൂവണ്ണത്തിൽ ക്ലാസ് നയിച്ചു. കുട്ടികളുടെ സംഗമത്തിൽ ശ്രീമതി വീണാ ജോർജ്ജ് (ബഹു. ആരോഗ്യ - വനിതാ-ശിശുക്ഷേമ വകുപ്പ് മന്ത്രി), ഡോ. അലക്സ് ജോർജ്ജ് (അസ്സി. പ്രൊഫ. സെന്റ് തോമസ് കോളേജ്, പാലാ) തുടങ്ങിയർ നേതൃത്വം നൽകി.

തുടർന്നു നടന്ന നിഖ്യാ സുന്നഹദോസിന്റെ 1700-ാം വാർഷിക സമ്മേളനത്തിൽ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവ അധ്യക്ഷനായിരുന്നു. അഭിവന്ദ്യ ജോസഫ് മാർ ബർണബാസ് സഫ്രഗൻ മെത്രാപ്പോലീത്ത (മാർത്തോമ്മ സുറിയാനി സഭ) ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാത്യൂസ് മോർ തേവോദോസിയോസ് (മലങ്കര യാക്കോബായ സഭ, കൊല്ലം ഭദ്രാസനം), അഭിവന്ദ്യ ജോർജ്ജ് മഠത്തികണ്ടത്തിൽ (സീറോ മലബാർ സഭ, കോതമംഗലം രൂപത), അഭിവന്ദ്യ സെൽവിസ്റ്റർ പൊന്നുമുത്തൻ (ലത്തീൻ സഭ, പുനലൂർ രൂപത), അഭിവന്ദ്യ മലയിൽ സാബു കോശി ചെറിയാൻ (സി.എസ്.ഐ. സഭ, മദ്ധ്യകേരള മഹാ ഇടവക), അഭിവന്ദ്യ കുറിയാക്കോസ് മോർ ഈവാനിയോസ് (ക്നാനായ സഭ), വന്ദ്യ ജോൺസൺ കല്ലിട്ടതിൽ കോർഎപ്പിസ്കോപ്പാ (മലങ്കര ഓർത്തഡോക്സ് സഭ) എന്നിവർ പ്രാർത്ഥന നടത്തി.

20-ാം തീയതി രാവിലെ 8.15 ന് മലങ്കര സുറിയാനി കത്തോലിക്കാ സഭാ സംഗമത്തിന്റെ ഭാഗമായി നടന്ന സമൂഹബലിക്കു മുൻപായി അന്ത്യോകൃൻ സുറിയാനി കത്തോലിക്കാ സഭയുടെ അദ്ധ്യക്ഷൻ ഇഗ്നാത്തിയോസ് യൂസഫ് III യൗനാൻ പാത്രിയർക്കീസ് ബാവായ്ക്കും, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായ്ക്കും, സഭയിലെ എല്ലാ പിതാക്കന്മാർക്കും കവാടത്തിൽ ആരാധനാ നിർഭരമായ സ്വീകരണം നൽകി. ആഘോഷമായ വിശുദ്ധ സമൂഹ ബലിയിൽ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ (കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ) വചന സന്ദേശം നൽകി. വി.കുർബാനയ്ക്കു ശേഷം പുനരൈക്യ ശതാബ്ദി ഒരുക്കങ്ങളുടെ ഭാഗമായ ആരാധനാക്രമ വർഷം ഉത്ഘാടനം ചെയ്യപ്പെട്ടു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായുടെ മെത്രാഭിഷേക ജൂബിലിയോടനുബന്ധിച്ച് അതിഥികൾക്കൊപ്പം അദ്ദേഹം മധുരം പങ്കുവച്ചു. മോറാൻ മോർ ഇഗ്നാത്തിയോസ് യൂസഫ് III യൗനാൻ പാത്രിയർക്കീസ് ബാവാ അദ്ദേഹത്തിന് ആശംസകൾ നേർന്നു.

തുടർന്നു നടന്ന, ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ മെത്രാഭിഷേകശതാബ്ദി ആഘോഷ സമാപന സമ്മേളനത്തിൽ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവ അധ്യക്ഷനായിരുന്നു. ശ്രീ. പിണറായി വിജയൻ (ബഹു. കേരള മുഖ്യമന്ത്രി) സമ്മേളനം ഉദ്ഘാടനം ചെയ്തു. ശ്രീ. പി. എസ്. ശ്രീധരൻ പിള്ള (മുൻ ഗോവ ഗവർണർ), ശ്രീ. രമേശ് ചെന്നിത്തല MLA (മുൻ പ്രതിപക്ഷ നേതാവ്) എന്നിവർ ആശംസകൾ നേർന്നു.

അഭിവന്ദ്യ പിതാക്കൻമാരുടെ സമാപനാശീർവാദത്തോടെ പുനരൈക്യ വാർഷികാഘോഷങ്ങൾക്ക് കൊടിയിറങ്ങി.

സംഘാടന മികവുകൊണ്ട് ശ്രദ്ധേയമായ പരിപാടികൾക്ക് നേതൃത്വം നൽകിയ പത്തനംതിട്ട ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തായ്ക്കും വിവിധ ഭദ്രാസന കമ്മറ്റികൾക്കും അഭിനന്ദനങ്ങൾ!



www.malankaralibrary.com

സ്പെഷ്യൽ സ്റ്റോറി

# കേരള സമൂഹ നിർമ്മിതിയിൽ ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായ്ക്ക് നിർണായക പങ്ക്

**പുനരൈക്യ വാർഷികാഘോഷങ്ങളുടെ ഭാഗമായി അടൂരിൽ നടന്ന ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ മെത്രാഭിഷേക ശതാബ്ദി സമാപന സമ്മേളനത്തിൽ ബഹു. കേരള മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ നടത്തിയ ഉദ്ഘാടന പ്രസംഗം**

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രഥമ അധ്യക്ഷനായിരുന്ന അഭിവന്ദ്യ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ മെത്രാഭിഷേക ശതാബ്ദി ആഘോഷങ്ങളുടെ സമാപന സമ്മേളനമാണ് ഇവിടെ നടക്കുന്നത്.

ഈ യോഗത്തിന്റെ അധ്യക്ഷനായി ഇരിക്കുന്നത് മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവായാണ്. പുരോഗമനത്തിന്റെ പാതയിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുവാൻ നേതൃത്വം നൽകുകയാണ് കർദ്ദിനാൾ തിരുമേനി. അതുപോലെതന്നെ ഇവിടെ ബഹുമാന്യനായ ശ്രീധരൻ പിള്ള പ്രസ്താവിച്ചത് പോലെ കേരളത്തിന്റെ സാമൂഹിക അന്തരീക്ഷത്തെ ഭേദ ചിന്തകൾക്ക് അതീതമായി നിലനിർത്തുന്നതിന് അദ്ദേഹം വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്.

കേരളത്തിലെ വിവിധ ക്രൈസ്തവ സഭകൾക്ക് നേതൃത്വം വഹിക്കുന്നവരിൽ ഇന്ന് ഏറ്റവും അനുഭവ സമ്പത്തുള്ള വ്യക്തികളിൽ ഒരാളാണ് കർദ്ദിനാൾ ക്ലീമിസ് തിരുമേനി. അതുകൊണ്ടുതന്നെ കേരളത്തിലെ ക്രൈസ്തവർക്കാകെ മാർഗ്ഗദർശനം നൽകാനുള്ള സവിശേഷമായ ഉത്തരവാദിത്വം അദ്ദേഹത്തിന് എന്നും ഉണ്ട്. അത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് മുന്നോട്ടുകൊണ്ടുപോകാൻ അദ്ദേഹത്തിനും

www.malankaralibrary.com

അദ്ദേഹം നേതൃത്വം നൽകുന്ന സഭയ്ക്കും, സ്ഥാപനങ്ങൾക്കും എല്ലാം പിന്തുണയും നൽകുമെന്ന കാര്യം ഉറപ്പു നൽകട്ടെ.

മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ പ്രഥമ അധ്യക്ഷനായിരുന്ന മാർ ഈവാനിയോസ് തിരുമേനിയുടെ ഓർമ്മ തുടിച്ചു നിൽക്കുന്ന ചടങ്ങാണിത്.

അദ്ദേഹത്തിന്റെ മെത്രാഭിഷേക ശതാബ്ദി ആഘോഷങ്ങളുടെ സമാപനം എന്നതിലുപരി, കേരളത്തിന്റെ ചരിത്രത്തെയും ഇന്ന് കാണുന്ന നിലയിലേക്കുള്ള കേരളത്തിന്റെ വികാസ പരിണാമങ്ങളെയും ഓർക്കാനുള്ള സന്ദർഭമാണ് ഇത്.

ഒരു നൂറ്റാണ്ട് മുമ്പ് നമ്മുടെ നാട് എങ്ങനെയായിരുന്നെന്നും അവിടെനിന്ന് ഇന്നത്തെ നിലയിലേക്ക് പരിണമിച്ച് എത്തുന്നതിൽ മാർ



ഈവാനിയോസ് പിതാവ് അടക്കമുള്ളവരുടെ സംഭാവന എന്തായിരുന്നു എന്നും നമുക്ക് അറിവുള്ളതാണ്. സാമൂഹിക ഐക്യം അസാധ്യമാകുംവിധം മനുഷ്യരെ വേർതിരിച്ചു കണ്ടിരുന്ന ഒരു കാലമുണ്ടായിരുന്നു നമ്മുടെ നാടിന്. മനുഷ്യർക്ക് വഴി നടക്കാനുള്ള അവകാശവും വിദ്യ നേടുന്നതിനുള്ള അവകാശവും എല്ലാം നിഷേധിക്കപ്പെട്ടിരുന്ന കാലം. ആ കാലത്ത് പൊതു സമൂഹത്തിലേക്ക് ഇറങ്ങിച്ചെന്ന് സാമൂഹിക ഐക്യത്തിനായി പ്രയത്നിക്കുകയും അനേകായിരങ്ങളെ വിജ്ഞാനത്തിന്റെ വെളിച്ചത്തിലേക്ക് കൈപിടിച്ച് നടത്താൻ നേതൃത്വം നൽകുകയും ചെയ്ത വ്യക്തിത്വമായിരുന്നു മാർ ഈവാനിയോസ് തിരുമേനി.

ഇങ്ങനെ ഒരു ശ്രേഷ്ഠാചാര്യൻ നമ്മുടെ നാടിന് ഉണ്ടായിരുന്നത് അത് നമുക്ക് അഭിമാനമാണ്. അതുകൊണ്ടുതന്നെ ഈ ശതാബ്ദി ആഘോഷം ഈ നാടിന്റെ തന്നെ ആഘോഷമാണ്. മാർ ഈവാനിയോസ് തിരുമേനിയിൽ കാണുന്ന ഏറ്റവും വലിയ സവിശേഷത ഏത് പ്രതിസന്ധിയെയും എത്ര വലിയ പ്രതികൂല സാഹചര്യത്തെയും നേരിടാനുള്ള അദ്ദേഹത്തിന്റെ ധൈര്യവും സമർപ്പണവും ആണ്. ഒന്നിന്റെ മുമ്പിലും അദ്ദേഹം പതറിയില്ല, എന്തിനെയും അദ്ദേഹം ധീരതയോടെ അദ്ദേഹം നേരിട്ടു. കാറ്റിന്റെയും കോളിന്റെയും ഇടയിൽ പടക് മറിയും എന്ന ഭയത്തിൽ ശിഷ്യന്മാർ ഭയന്നാലും അദ്ദേഹം അമരത്ത് ശാന്തമായിരുന്നു ഈ സവിശേഷതകൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ എമ്പാടും കാണാൻ പറ്റും. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന ഘട്ടങ്ങളിലാണ് അദ്ദേഹത്തിന്റെ ജനനം. പഠിക്കാൻ മിടുക്കനായ അദ്ദേഹം ഉന്നത വിദ്യാഭ്യാസത്തിലും മികവ് പുലർത്തി. ആ മികവ് കൊണ്ടാണ് പല വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നേതൃത്വം വയ്ക്കാനുള്ള നിയോഗം വളരെ ചെറുപ്പത്തിലെ അദ്ദേഹത്തെ തേടിയെത്തിയത്. കേരളത്തിന്റെ അകത്തും പുറത്തും സേവനം അനുഷ്ഠിച്ചിട്ടുണ്ട് ഈവാനിയോസ് തിരുമേനി. ഒട്ടേറെ ചെറുപ്പക്കാർക്ക് അറിവ് പകർന്നു കൊടുത്തിട്ടുണ്ട്. സ്ത്രീ ശാക്തീകരണവും, അവശ ജനവിഭാഗങ്ങളുടെ ഉന്നമനത്തിനും ലക്ഷ്യമിട്ടിട്ടുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്, അതിനായി വിദ്യാലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. സേവന തൽപരതയോടെ ആണല്ലോ ബഥനി മിശിഹാനുകരണ സന്യാസ സമൂഹത്തിന് നേതൃത്വം നൽകിയത്. അതിലൂടെ സേവന പ്രവർത്തനങ്ങൾ മാതൃകാപരമായി ഏറ്റെടുത്തിട്ടുണ്ട്. പിന്നീട് മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടപ്പോൾ തന്റെ സേവന പ്രവർ



ത്തനങ്ങൾക്ക് തുടർച്ച ഉണ്ടാകണമെന്ന് അദ്ദേഹത്തിന് നിർബന്ധം ഉണ്ടായിരുന്നു. നശ്വരരായ മനുഷ്യർക്കു വേണ്ടിയാണ് അദ്ദേഹം എന്നും നിലകൊണ്ടത്. അങ്ങനെയൊക്കെ നോക്കു

മ്പോൾ കേരളത്തിന്റെ സവിശേഷത ഉൾക്കൊള്ളുമ്പോൾ യഥാർത്ഥ പുത്രനാണ് അഭിവന്ദ്യ ഈവാനിയോസ് തിരുമേനി. എന്തുകൊണ്ടാണ് അങ്ങനെ പറയുന്നത് ഒരുവശത്ത് ചരിത്രപരമായ പ്രതിസന്ധികളെയും പ്രതികൂലങ്ങളെയും അതിജീവിച്ചു കൊണ്ടാണ് കേരളം മുന്നേറിയത്, ആ മുന്നേറ്റത്തിൽ ആരും പിന്തള്ളപ്പെട്ട് പോകുന്നില്ല എന്ന് നമ്മൾ ഉറപ്പുവരുത്തുകയാണ്.

വികസന പദ്ധതികളുടെ ഗുണഫലങ്ങൾ എല്ലാവരിലേക്കും എത്തിക്കുന്നു പാവപ്പെട്ടവർക്ക് വേണ്ടി ക്ഷേമപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു ആ നിലയ്ക്ക് മാർ ഈവാനിയോസ് തിരുമേനിയുടെ ജീവിതവും കേരളത്തിന്റെ മുന്നോട്ടു പോക്കും തമ്മിൽ പല സമാനതകൾ ഉണ്ട്. അതാണ് അദ്ദേഹം കേരളത്തിന്റെ യഥാർത്ഥ സവിശേഷതകൾ ഉൾക്കൊള്ളുന്ന പുത്രനായിരുന്നു എന്ന് പറഞ്ഞത്. തിരുവനന്തപുരത്തെ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് ആയിരുന്ന് 22 വർഷത്തിനുള്ളിൽ അദ്ദേഹം 96 പ്രൈമറി സ്കൂളുകളും, 15 ഹൈസ്കൂളുകളും, രണ്ട് അധ്യാപകപരിശീലന സ്കൂളുകളും ഒരു കോളേജും സ്ഥാപിച്ചിട്ടുണ്ട്. ആ അടിത്തറയിൽ നിന്നു കൊണ്ടാണ് മലങ്കര സുറിയാനി കത്തോലിക്ക സഭ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ ഇന്നും ഗണ്യമായ സംഭാവന നൽകിക്കൊണ്ടിരിക്കുന്നത്.

സഭയ്ക്കുള്ളിൽ നിലനിന്നിരുന്ന അഭിപ്രായ വൈരുദ്ധ്യങ്ങളെ ലഘൂകരിക്കാൻ മാർ ഈവാനിയോസ് തിരുമേനി നടത്തിയ ഇടപെടലുകൾ വളരെ പ്രസിദ്ധമാണ്. എന്നും സമാധാനത്തിന്റെ പക്ഷത്ത് നിലയുറപ്പിച്ചു.

ഐക്യവും പരസ്പര സ്നേഹവും ആണ് മനുഷ്യർക്ക് ഏറെ അനിവാര്യം എന്ന ജീവിത ആദർശത്തിൽ ഊന്നി മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കുള്ളിൽ ഐക്യവും സമാധാനവും കെട്ടിപ്പടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. അതിന്റെ ഭാഗമായി ആണല്ലോ 1930 ൽ ഒരു പുനരൈക്യ സംഗമം അവിടുന്ന് സമർപ്പിച്ചത്. ആ ചരിത്ര സംഭവത്തെയും ഈ അവസരത്തിൽ ഓർക്കുന്നു ചരിത്രസംഭവം എന്നതിൽ ഉപരി ഈവാനിയോസ് തിരുമേനിയുടെ അടക്കമുള്ള ഇടപെടലുകളിലെ മൂല്യവത്തായ അംശങ്ങൾ നമ്മൾ ഓരോരുത്തരും ജീവിതത്തിൽ സാംശീകരിക്കണം. കാരണം ആട്ടിൻതോൽ ധരിച്ച ചെന്നായ്ക്കൾ കേരള സമൂഹത്തിൽ ആകെ ശാന്തിയും സമാധാനത്തെയും അസ്ഥിരപ്പെടുത്താൻ ആസൂത്രിത ശ്രമങ്ങൾ നടത്തുന്ന കാലമാണിത്.

അവയെ ഒറ്റക്കെട്ടായി സ്തുതിക്കുവാനും അതിജീവിക്കാനും നമുക്ക് കഴിയണം. കാരണം സമാധാനവും ശാന്തിയുള്ള അന്തരീക്ഷത്തിൽ മാത്രമേ നാടിനുവേണ്ട വികസന ക്ഷേമ പ്രവർത്ത നങ്ങൾ തടസ്സം കൂടാതെ മുന്നോട്ടു കൊണ്ടുപോകാൻ നമുക്ക് കഴിയും. സാഹോദര്യത്തിന്റെയും മതസൗഹാർദ്ദത്തിന്റെയും വിളനിലമായ കേരളത്തിന്റെ ജനത സമാധാനത്തോടെ ജീവിക്കാൻ ആഗ്രഹിക്കുന്നവരാണ്. അതിനെ സഹായകമാകുന്ന വിധത്തിൽ സമൂഹത്തിന്റെ വിവിധ തലങ്ങളിൽ ആകെ സമാധാനം പുലരുന്നു എന്ന് ഉറപ്പുവരുത്താനുള്ള വലിയ ഉത്തരവാദിത്വവും നമുക്ക് ഓരോരുത്തർക്കും ഉണ്ട്. യേശു നമ്മുടെ ശിഷ്യന്മാരോട് പറഞ്ഞത് എന്റെ സമാധാനം നിങ്ങൾക്ക് ഞാൻ തരുന്നു എന്നാണ് യേശുവിനെ സമാധാനത്തിന്റെ രാജാവായിട്ടാണ് ക്രൈസ്തവർ കാണുന്നത്. ആ സമാധാനത്തിന്റെ സന്ദേശം കേരള സമൂഹത്തിന് ആകെ പകർന്നു നൽകാൻ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് കഴിയണം.

മാർ ഈവാനിയോസ് തിരുമേനിയുടെ സ്മരണകൾ അതിനെല്ലാം പ്രചോദനം ആകട്ടെ എന്നുമാത്രം പറഞ്ഞുകൊണ്ട് നിറഞ്ഞ സന്തോഷത്തോടെ ഈ പരിപാടിയുടെ ഔപചാരികമായ ഉദ്ഘാടനം ചെയ്യുന്നു എന്ന് അറിയിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു നിങ്ങൾക്ക് എന്റെ സ്നേഹ അഭിവാദ്യങ്ങൾ.



www.malankaralibrary.com



# എല്ലാവരും ക്രിസ്തുവിൽ ഒന്നാകുവാൻ

**അടൂരിൽ നടന്ന 95ാം പുനരൈക്യ വാർഷികാഘോഷങ്ങളിൽ വി. കുർബാന മധ്യേ കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ തിരുമേനി നൽകിയ വചനസന്ദേശം**

മലങ്കര കത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം 95-ാമത് പുനരൈക്യ വാർഷികത്തിന്റെ സമാപന സംഗമത്തിന്റെ ഹൃദയമായ ഈ പരിശുദ്ധ കുർബാന അർപ്പണത്തിൽ പങ്കുചേരുന്നത്, ഈ ആഘോഷങ്ങൾ എത്രയോ വലിയ ഭാഗ്യമാണ്, അനുഗ്രഹമാണ്, അഭിമാനമാണ്.

ഇത് മലങ്കര കത്തോലിക്കാ സഭയ്ക്ക് മാത്രമല്ല, ആഗോള തിരുസഭയ്ക്കും, ഭാരത സഭയ്ക്കും, ഒരു പ്രത്യേകമായ വിധം സീറോ മലബാർ സഭയ്ക്കും, ഇത് അഭിമാന നിമിഷമാണ്, അനുഗ്രഹ നിമിഷമാണ് എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

സീറോ മലബാർ സഭയുടെ ഒരു മേലദ്ധ്യക്ഷ പ്രതിനിധി എന്ന നിലയിൽ ഇവിടെ ആയിരിക്കുമ്പോൾ, ഞാൻ അത് വലിയൊരു അനുഗ്രഹമായിട്ടും, ആദരവായിട്ടും കാണുകയാണ്. പുനരൈക്യ ത്തിന്റെ ആദ്യ നാളുകളിലൊക്കെ ഒരു സഹോദരി സഭ എന്ന നിലയിൽ ചേർന്നു നിൽക്കാനും, ചേർത്തുപിടിക്കാനും ഭാഗ്യം കിട്ടിയ ഒരു സഭയാണ് സീറോ മലബാർ സഭ എന്നതും, സ്നേഹത്തോടും ആദരവോടും അഭിമാനത്തോടും കൂടി ഞാൻ ഈ സമയത്ത് ഓർത്തെടുക്കുകയാണ്.

നമ്മെ സംബന്ധിച്ചിടത്തോളം, ഈ ആഘോഷം ഒരു ഇരട്ടി മധുരം കൂടി ആകുന്നു. അത് നമ്മുടെ രണ്ട് നിയുക്ത മെത്രാന്മാർ സഭയ്ക്ക് അനുഗ്രഹമായി വരദാനമായി ഇതോടൊപ്പം തന്നെ ലഭിച്ചിരിക്കുന്നു എന്നതാണ്: മോൺ. കുരിയാക്കോസ് തടത്തിലച്ചൻ, അപ്പസ്തോലിക് വിസി



റ്റേറ്റർ ഓഫ് യൂറോപ്പ്, നിയുക്ത മെത്രാൻ; പിതാവിന് പ്രത്യേക അഭിനന്ദനങ്ങൾ അറിയിക്കുന്നു.

മോൺ. ജോൺ കുറ്റിയിലച്ചൻ, തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ നിയുക്ത സഹായമെത്രാൻ; പിതാവിനും പ്രത്യേക അനുമോദനങ്ങൾ അറിയിക്കുന്നു. നമ്മൾ വായിച്ച് ശ്രവിച്ച സുവിശേഷ ഭാഗം വളരെ ശ്രദ്ധേയമായ ഒന്നാണ്: പുനരൈക്യവുമായി ബന്ധപ്പെട്ട് ഒരുപാട് അർത്ഥതലങ്ങളും ആഴവും ദൈവശാസ്ത്രവും എല്ലാം ഉള്ള ഒരു വചനഭാഗം, "ഈശോയുടെ പുരോഹിത പ്രാർത്ഥന" എന്ന് നമ്മൾ വിശേഷിപ്പിക്കുന്ന, മനസ്സിലാക്കുന്ന അവിടുത്തെ അന്ത്യാഭിലാഷം അറിയിക്കുന്ന വചനഭാഗം. മനോഹരമായ ഈ വചനഭാഗത്തിന്റെ മുഴുവൻ ഹൃദയവും തുടിക്കുന്നത് ഐക്യത്തിലേക്കും കൂട്ടായ്മയിലേക്കും ആണ്. ഈശോയുടെ ആന്തരിക ദാഹമാണ് അവിടെയെല്ലാം വ്യക്തമാകുന്നത്. അവസാനം പറയുന്ന വാക്കുകളും, അവസാനം ആഗ്രഹിച്ചു പ്രാർത്ഥിക്കുന്ന കാര്യവും, ഏറ്റവും പ്രധാനപ്പെട്ടതാണ്. അത് ഐക്യത്തിലേക്കുള്ള, കൂട്ടായ്മയിലേക്കുള്ള, ഏറ്റവും ഹൃദയം തുടിക്കുന്ന ഒരു ക്ഷണമാണ്. അതിന്റെ ഹൃദയമായി നിൽക്കുന്ന ഒരു വചനഭാഗമാണ് യോഹന്നാന്റെ സുവിശേഷം 22-ാമത്തെ വാക്യം: "നാം ഒന്നായിരിക്കുന്നതുപോലെ, അവരും നമ്മിൽ ഒന്നായിരിക്കേണ്ടതിന്, അങ്ങ് എനിക്ക് നൽകിയ മഹത്വം ഞാൻ അവർക്ക് നൽകിയിരിക്കുന്നു."

മഹത്വം എന്ന വാക്ക് ഇവിടെ പ്രത്യേകമായ അർത്ഥത്തിലാണ് ഉപയോഗിക്കുന്നത്; ദൈവത്തിന്റെ ഗ്ലോറിയെ സൂചിപ്പിക്കുന്ന മഹത്വം. ഈ വാക്ക് അവിടെ ഗ്രീക്ക് പഥത്തിൽ 'ദോറാ' എന്ന പദമാണ്. അതോടൊപ്പം ഹെബ്രായ പഥത്തിലേക്ക് പോയാൽ, 'കബോദ്'. നമ്മുടെ മാതൃഭാഷയായ സുറിയാനി ആരാധനക്രമത്തിൽ, സുറിയാനിയിൽ അത് 'ശുബഹോ' അല്ലെങ്കിൽ 'ശുബഹാ' എന്ന് പറയുമ്പോൾ, അതിനൊരു അർത്ഥ വ്യത്യാസങ്ങൾ കൂടുതലല്ല; ചില ഊന്നലുകളുടെ വ്യത്യാസം മാത്രമാണ് അത് അർത്ഥമാക്കുന്നത്. ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹം പങ്കുവെക്കുന്ന കൂട്ടായ്മയായി, കുരിശിൽ പ്രകാശിതമാകുന്നു. ആ ഒരു ത്രീത്വൈക ദൈവത്തിന്റെ പങ്കുവെക്കുന്ന കൂട്ടായ്മയുടെ പ്രകാശനം. മനോഹരമായ ഒരു തരത്തിൽ, അതിനെ ദൈവത്തിന്റെ വചനം നമുക്ക് പങ്കുവെച്ചു തരുന്നു. The glory that is expressed here is the radiant presence of God that transforms the community of faithful unity.

വലിയൊരു കൂട്ടായ്മയിലേക്ക് എത്തിക്കുന്ന, ദൈവത്തിന്റെ അനന്തമായ സ്നേഹത്തിന്റെ പ്രകാശനം എന്നതാണ് അതിന്റെ ഒരു ആന്തരികമായ അർത്ഥം. കുരിശിൽ പങ്കുവെച്ചുകൊണ്ട് വിളമ്പികൊടുത്ത സ്നേഹത്തിന്റെ പ്രകാശനം, ഉത്ഥാനത്തിലൂടെ മഹത്വീകരിക്കപ്പെട്ട ആ പ്രകാശനം, അത് കൂട്ടായ്മയിലേക്കാണ് ക്ഷണിക്കുന്നത്. ആ ഒരു കൂട്ടായ്മയുടെ തലത്തിലേക്ക്, കർത്താവ് ഇന്ന് നമ്മളെ എല്ലാവരെയും വിളിച്ചിരിക്കുന്നു എന്നുള്ളത് വലിയൊരു ഭാഗ്യമായിട്ട് നമുക്ക് കാണാൻ സാധിക്കുന്നുണ്ട്. 95 വർഷങ്ങളിലേക്ക് എത്തുന്ന സഭയുടെ പുനരൈക്യത്തിന്റെ പാവന സ്മരണകൾ എത്രയോ ശ്രേഷ്ഠമാണ്. ഈശോയുടെ ഒരു വലിയ ദാഹമായിരുന്നു, മിശിഹാ തമ്പുരാന്റെ അതിതീക്ഷ്ണമായ ദാഹം, കുരിശിലൂടെ മരണത്തിലൂടെയും, ഉത്ഥാനത്തിലൂടെയും യാഥാർഥ്യമാകുന്നു.

ആ ദാഹം അന്തർദാഹം; അത് വലിയൊരു കൂട്ടായ്മയിലേക്കുള്ള ക്ഷണമായിരുന്നു. ഈ ദാഹം ഈശോ കുരിശിലൂടെ നൽകുന്നത് തന്റെ സഭയ്ക്കാണ്. യോഹന്നാന്റെ സുവിശേഷം 19-ാം അധ്യായം 34-ാമത്തെ തിരുവചനം അത് വ്യക്തമാക്കുന്നു: പടയാളികളിൽ ഒരാൾ കുന്തം കൊണ്ട് അവന്റെ പാർശ്വത്തിൽ കുത്തിയപ്പോൾ, അവിടെനിന്ന് രക്തവും വെള്ളവും പുറപ്പെട്ടു. സഭാപിതാക്കന്മാർ മനോഹരമായിട്ട് വ്യാഖ്യാനിക്കുന്നു. മാർ അപ്രേമും മാർ അഗസ്റ്റീനോസും അതിനെ വ്യാഖ്യാനിക്കുന്നത് വളരെ അർത്ഥപൂർണമായിട്ടാണ്: മിശിഹ, രണ്ടാം ആദമായ മിശിഹ കുരിശിൽ ഉറങ്ങിയപ്പോൾ, അവന്റെ പാർശ്വത്തിൽ നിന്നും പുതിയ ഹവ്വയായ സഭ പിറന്നു.

അതാണ് സഭ, അതിന്റെ കൂദാശകളും, സഭ തന്നെയുമാണ് എന്ന് പിതാക്കന്മാർ വ്യാഖ്യാനിക്കുന്നു. ഈശോയുടെ ഐക്യത്തിനുള്ള ദാഹം, തന്റെ ശിഷ്യഗണങ്ങൾക്ക്, സഭയ്ക്കാണ് അവിടെ കൈമാറുന്നത്. 17-ാം അധ്യായം 22-ാമത്തെ വാക്യത്തിന്റെ മഹത്വം കൈമാറി യിരിക്കുന്നതാണ്. ദൈവശാസ്ത്രപരമായ ധ്വനി അതിനാൽ വ്യക്തമാകുന്നു. മഹത്വം കൈമാറിയി രിക്കുന്നത് ആ ദാഹമാണ്: യൂണിറ്റിക്ക് വേണ്ടിയുള്ള ദാഹം. പൂർണതയിലേക്കുള്ള വളർച്ചയുടെ 95-ാമത് പുനരൈക്യ വാർഷികം എത്രയോ ശ്രേഷ്ഠമാണെന്ന് ഓർത്തെടുക്കാൻ ആഗ്രഹിക്കുന്നു.



സിറോ മലങ്കര സഭയെ സംബന്ധിച്ചിടത്തോളം, അർത്ഥപൂർണമായ വിധം ഇത് യാഥാർഥ്യമായിട്ടുണ്ട്. ഐക്യത്തിന്റെ ആരംഭം വിശുദ്ധ കൂദാശയിലുള്ള പങ്കാളിത്തത്തിലാണ്. അതും മാമോദീസായിൽ ആരംഭം കുറിക്കുന്നു, പൂർത്തിയാകുന്നത് പരിശുദ്ധ കുർബാനയിൽ. മറ്റു സഹോദരസഭകളുടെ മാമോദീസ നാം സ്വീകരിക്കുന്നുണ്ടല്ലോ, അംഗീകരിക്കുന്നുമുണ്ട്. പിതാവിന്റെയും പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നൽകിയ മാമോദീസ നമ്മെല്ലാവരും അംഗീകരിക്കുന്നു.

പക്ഷേ, ആ ഐക്യം പൂർണതയിൽ എത്തുന്നത്, പരിശുദ്ധ കുർബാനയിൽ, മിശിഹായുടെ ശരീരവും രക്തവും സ്വീകരിച്ചുകൊണ്ട് നാം ഒന്നായി ചേർന്നപ്പോൾ ആ ഐക്യത്തിലേക്ക് എത്താൻ കഴിഞ്ഞു. ഓർമ്മകളോടൊപ്പം, ധന്യനായ പുണ്യചരിതനായ മഹാത്മാവ് മാർ ഈവാനിയോസ് തിരുമേനിയുടെ പുണ്യപ്പെട്ട ഓർമ്മകളും നമ്മിൽ തെളിഞ്ഞുവരുന്നു. അതെല്ലാം അഭിമാനിക്കുന്ന വിലപ്പെട്ട നിമിഷങ്ങൾ.

സീറോ മലങ്കര സഭയെ സംബന്ധിച്ചിടത്തോളം, അതിന് അതിന്റെ വ്യക്തിത്വവും പൈതൃകവും നിലനിർത്തിക്കൊണ്ട്, പാരമ്പര്യങ്ങൾ നിലനിർത്തിയിട്ടാണ് കത്തോലിക്ക സഭയുമായുള്ള പൂർണ ഐക്യത്തിലേക്ക് വരാൻ സാധിച്ചത്. അത്തരം പൈതൃകത്തിൽഒരുമിച്ചായിരുന്നുകൊണ്ട്, സഭ Communion Ecclesiology എന്ന ദർശനത്തിലേക്ക്, രണ്ടാമത് കൗൺസിലിന്റെ മനോഹര ദർശനത്തിലേക്ക് എത്തിച്ചേരുന്നതിന്റെ തുടർച്ചയായിട്ട്, ഈ കൂട്ടായ്മയും എത്തിനിൽക്കുന്നു. വ്യക്തിഗത സഭകളുടെ ഒരുമ, 24 വ്യക്തിഗത സഭകളുള്ള ഈ കത്തോലിക്കാ സഭ, ഒരു പൂന്തോട്ടം പോലെ പൂത്തുലഞ്ഞു നിൽക്കുന്നതിന്റെ സൗന്ദര്യത്തിൽ പങ്കുചേർന്നതിന്റെ മഹത്തായ ഓർമ്മ.

സീറോ മലങ്കര സഭയെ സംബന്ധിച്ചിടത്തോളം, അതിന്റെ വ്യക്തിത്വത്തിന്റെ ചില ഘടകങ്ങൾ തിരിച്ചെടുക്കുവാനുള്ള തീവ്രമായ നൊമ്പരങ്ങളുടെ വഴികളിലാണ് അതിന്റെ യാത്ര. അത് ഓർത്തെടുത്ത്, നിങ്ങളുടെ പ്രാർത്ഥന അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ഈ ദാഹം, സഭയ്ക്കു നൽകപ്പെട്ട ഒരു ദാഹം; മിശിഹാ തന്റെ കുരിശിലൂടെ സഹന സമർപ്പണത്തിലൂടെ, തന്റെ വധുവായ സഭയ്ക്ക് നൽകിയ ദാഹം. പിതാവിന്റെ മഹത്വം എന്ന ആ ദാഹം, ഹൃദയത്തിൽ ഏറ്റുവാങ്ങിയ പുണ്യപിതാവിന്റെ ഓർമ്മകളുടെ മുൻപിൽ, പ്രണാമം അർപ്പിക്കുന്നു ഞാനും.

നിങ്ങളോട് ചേർന്ന്, പുണ്യചരിതനായ ധന്യപിതാവ് മാർ ഈവാനിയോസ് തിരുമേനി 1920-കളിൽ ആരംഭിച്ച തീക്ഷ്ണമായ പുനരൈക്യ ശ്രമങ്ങളുടെ സാഹസികമായ യാത്രകൾ, കഷ്ടപ്പാടിന്റെയും പ്രാർത്ഥനയുടെയും കണ്ണുനീരിന്റെയും തീരാത്ത നൊമ്പരങ്ങളുടെയും, അതിസാഹസികമായ യാത്ര, എത്ര അർത്ഥപൂർണമായിട്ടാണ് 1930 സെപ്റ്റംബർ 20-ാം തീയതിയോടെ, പുണ്യപിതാവിന് ഉണ്ടായത്. പരിത്യാഗത്തിന്റെയും തീവ്ര സാന്നിധ്യവും ആയിട്ട് മാറുകയാണ് പിന്നെ ചെയ്തത് സഭയിൽ. പരിത്യാഗത്തിലൂടെയും പ്രാർത്ഥന യാഥാർത്ഥ്യം ഈ പുണ്യപനിതാവ് മനസ്സിലാക്കി. അതുകൊണ്ടാണ് അധികാരമോ, സ്ഥാനമോ, സമ്പത്തോ ഒന്നും പരിഗണിക്കാതെ അതെല്ലാം വിട്ടുപേക്ഷിച്ചുകൊണ്ട് മുണ്ടൻമലയുടെ മുകളിലേക്ക് കടന്നത്.

അവിടെ ആരംഭിച്ച സാഹസികമായ താപസ ജീവിതത്തിന്റെ ഹൃദയൊടിപ്പുകൾ, പിന്നീട് പുനരൈക്യത്തിന്റെ പ്രത്യക്ഷീകരണമായിട്ട് മാറിയത്. നമ്മുടെ എല്ലാം ഹൃദയം, എല്ലാ മലങ്കര വിശ്വാസികളുടെയും ഹൃദയം, സുറിയാനി സഭയായ സീറോ മലബാർ വിശ്വാസികളുടെയും,

ആഗോള സഭയുടെയും ഹൃദയം, ഈ ധന്യമായ വേളയിൽ, അഭിമാനത്തോടെ. സന്യാസത്തിന്റെ ഹൃദയം എന്താണെന്ന് തിരിച്ചറിഞ്ഞുകൊണ്ട്, അതിലെ ഭാരതീയ പ്രതിച്ഛായ നന്നായി കലർത്തി, ഒരു ഭാരതീയ സന്യാസത്തിന്റെ ഇതിഹാസം രചിച്ചിരിക്കുന്നു. മലങ്കര സഭയുടെ ഇതിഹാസത്തിന്റെ പാരമ്പര്യങ്ങൾ, പൗരാണിക പൈതൃകം, വിശ്വാസത്തിന്റെ സമഗ്രത, സഭയുടെ ഐക്യത്തെ നിലനിർത്താനുള്ള പ്രയത്നങ്ങൾ, എല്ലാം നമ്മെ കാണിക്കുന്നു. തിരുവനന്തപുരത്തെ കേന്ദ്രമായി പ്രവർത്തിക്കുന്ന, മാർ ഈവാനിയോസ് നഗർ മുതൽ അങ്ങോട്ട് കോളേജുകളും, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉൾക്കൊള്ളുന്ന, സ്കൂൾ സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന വലിയ ഒരു വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിര, നമുക്ക് ശക്തി പകരുന്നുണ്ട്.

മാത്രമല്ല, സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ അതിശക്തമായി ഈ സഭയിൽ മുന്നേറുന്നു. ജീവകാരുണ്യ സംരംഭങ്ങൾ ധാരാളമായിട്ട് നമ്മുടെ സഭയ്ക്കുണ്ട്. ആതുരശുശ്രൂഷ കേന്ദ്രങ്ങൾ, മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള വലിയ ഒരു സംവിധാനമായിട്ട്, കർത്താവ് ഈ 95 വർഷങ്ങൾ കൊണ്ട് ഈ മലങ്കര സുറിയാനി കത്തോലിക്ക സഭയെ വളർത്തിയിരിക്കുന്നു എന്നുള്ള ആ സദ്വാർത്ത നിങ്ങളോട് ചേർന്ന് ഞാനും അഭിമാനത്തോടുകൂടി പങ്കുവെക്കുകയും, ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു.

പ്രിയപ്പെട്ടവരെ, ഇനിയും ഒരുപാട് കാതം നമുക്ക് സഞ്ചരിക്കാൻ ഉണ്ടല്ലോ. ഈശോമിശിഹായ്ക്ക് ഉണ്ടായിരുന്ന ആ ദാഹം, ഐക്യത്തിലേക്ക് യാത്ര ചെയ്യാനുള്ള ആ ദാഹം, അത് അഭിവന്ദ്യ ഇവാനിയോസ് തിരുമേനി സഭയുടെ അമരക്കാരനായി ഏറ്റെടുത്തിയ ദാഹം, അത് ഇനിയും കൂടുതൽ നമ്മുടെ ഇടയിൽ ഉണ്ടാവേണ്ടതാണ്. സഭ ഐക്യത്തിനു വേണ്ടി നമ്മൾ ഇനിയും യാത്ര ചെയ്യാനുണ്ട്. നമ്മുടെ സഹോദരി സഭകളുടെ ഐക്യം, അതിന്റെ പൂർണമായ അർത്ഥത്തിൽ, ഇനിയും യാഥാർത്ഥ്യമാകേണ്ടതാണ്.

മാമോദീസായിൽ ഒതുങ്ങി നിൽക്കാതെ, പരിശുദ്ധ കുർബാനയിൽ എത്തിനിൽക്കുന്ന ഈശോയുടെ തിരുമാംസ രക്തങ്ങൾ ഒരു മേശയിൽ നിന്ന് ഭക്ഷിക്കുവാൻ പ്രാപ്തമായ വിധമുള്ള ഒരു ഐക്യത്തിനു വേണ്ടി, ഇനിയും നമ്മൾ ഏറെ ദാഹിക്കേണ്ടതുണ്ട്. അത് കർത്താവിന്റെ ദാഹമാണ്. കർത്താവ് തന്റെ മഹത്വം സഭയ്ക്ക് കൈമാറിയപ്പോൾ, നാം



ഏറ്റെടുത്തിരിക്കുന്ന ദാഹമാണ്. ആ ദാഹം നമ്മൾ തുടരണം. അതിന്റെ ആ അർത്ഥത്തിൽ, ഇനി അത് ഒരു ആന്തരികമായ ഒരു അർത്ഥം കൂടിയുണ്ട്. നമ്മൾ ഒരു സഭ എന്ന നിലയിൽ, ഇനിയും ഞാനും നിങ്ങളും എല്ലാം അതിന്റെ ഉള്ളിൽ തന്നെ കൂടുതൽ, കൂടുതൽ യൂണിറ്റി യിലേക്ക് വളരണം. അതും കർത്താവ് ആഗ്രഹി ക്കുന്നുണ്ട്. ഉള്ളിൽ തന്നെ കൂടുതൽ യൂണിറ്റി യിലേക്ക് വളരുക.

നമ്മൾ ജീവിക്കുന്ന ഇടങ്ങളിൽ, സന്യാസ ഭവനങ്ങളിൽ, വൈദിക മന്ദിരങ്ങളിൽ, ഇടവക സമൂഹങ്ങളിൽ, കൂടുതൽ ആഴമായ ഒരു അടുപ്പത്തിലേക്ക്, ആഴമായ ഒരു ആത്മീയ തയുടെ ഹൃദയഭാവങ്ങളിലേക്ക്, എത്ര നമു ക്കെല്ലാം വളരാനുണ്ട്. എപ്പോഴും അത് നിരന്ത രമായിട്ട് നീളുന്ന ഒരു പ്രക്രിയയാണ്. അതിനാൽ, ദൈവം ആഗ്രഹിക്കുന്ന ഈ പൂർണ്ണതയുള്ള വളർച്ച, അത് ഈശോ മിശിഹായുടെ ഹൃദയ ത്തുടിപ്പാണ്. അതിലേക്ക് കൂടുതൽ, കൂടുതൽ എത്തിച്ചേരാനായിട്ട്, ഓരോ നിമിഷവും നമുക്ക് പ്രയത്നിക്കാം.

ഓരോ കുടുംബവും, കൃപയിലും വിശുദ്ധി യിലും വളർന്നുകൊണ്ട്, വലിയ ഒരു ഒരുമയി ലേക്ക് വരട്ടെ. അതും സഭയുടെ ആ ഹൃദയ ത്തുടിപ്പാണ്. അവിടുന്നത് ആഗ്രഹിച്ചതാണ്. പിതാവേ, നാം ഒന്നായിരിക്കുന്ന പോലെ, ഇവരും നമ്മിൽ ഒന്നായിരിക്കണം. പരിശുദ്ധ ത്രിത്വ ത്തിന്റെ കൂട്ടായ്മയാണ് നമ്മുടെ മുൻപിൽ ഉള്ളത്. ആ കൂട്ടായ്മയെ പ്രതിഫലിപ്പിക്കുന്ന ഇടങ്ങളായിട്ട്, നമ്മുടെ കുടുംബങ്ങൾ, നമ്മുടെ സന്യാസഭവനങ്ങൾ, നമ്മുടെ ഇടവകകൾ, നമ്മുടെ സഭ, മുഴുവനും ഒരുമയോടുകൂടി വളരുവാൻ, ഇനിയും കൂടുതൽ കൃപ നൽകി, കർത്താവ് മലങ്കര സുറിയാനി കത്തോലിക്ക സഭയെ അനുഗ്രഹിക്കട്ടെ. എന്ന പ്രാർത്ഥന യോടുകൂടി, എല്ലാവിധ അഭിനന്ദനങ്ങളും നേർന്നുകൊണ്ട്, ഈ 95-ാമത് പുനരൈക്യ വാർഷികത്തിന്റെ ദൈവാനുഗ്രഹങ്ങൾ നേർന്ന്, എല്ലാവർക്കും വേണ്ടി പ്രാർത്ഥിച്ചുകൊണ്ട്, ദൈവത്തിന് ഞാൻ നന്ദി പറയുന്നു.

ദൈവം ഈ സഭയെയും, നമ്മെ എല്ലാവ രെയും അനുഗ്രഹിക്കട്ടെ.

എളിയവനായ എനിക്ക് വേണ്ടിയും, സീറോ മലബാർ സഭയ്ക്ക് വേണ്ടിയും, നിങ്ങൾ പ്രാർ ത്ഥിക്കണമേ, എന്നുകൂടി ഞാൻ അഭ്യർത്ഥി ക്കുകയും ചെയ്യുന്നു.



www.malankaralibrary.com

## 2025 സെപ്റ്റംബർ 16 മുതൽ 20 വരെ പത്തനംതിട്ട ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ അടൂരിൽ നടന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 95-ാം പുനരൈക്യ വാർഷികാഘോഷ ദൃശ്യങ്ങൾ







www.malankaralibrary.com







www.malankaralibrary.com







www.malankaralibrary.com







www.malankaralibrary.com







www.malankaralibrary.com







www.malankaralibrary.com

ആനുകാലികം



# നയതന്ത്രം പിഴയ്ക്കുന്നുവോ



ബോബി ഏബ്രഹാം

ഒരു രാജ്യം ശക്തമാകുന്നത് ശക്തമായ ഭരണകൂടവും ശക്തമായ സാമ്പത്തിക വ്യവസ്ഥയും ശക്തമായ സൈന്യവും ശക്തമായ വിദേശബന്ധങ്ങളും ഉണ്ടാകുമ്പോഴാണ്. സ്വാതന്ത്ര്യപ്രാപ്തി മുതൽ ഇന്ത്യൻ ഭരണകൂടങ്ങൾ ശ്രദ്ധിച്ചത് ശക്തമായ ഇന്ത്യ കെട്ടിപ്പടുക്കാനാണ്. അതിനായി സവിശേഷമായ നയസമീപനങ്ങളും സ്വീകരിച്ചു. പൊതുമേഖലയും സ്വകാര്യമേഖലയും ചേർന്ന സമ്മിശ്ര സാമ്പത്തിക നയമാണ് ഇന്ത്യ സ്വീകരിച്ചത്. അതുകൊണ്ട് ഗുണവും ദോഷവുമുണ്ട്. അതിവേഗമുള്ള വളർച്ച സാധ്യമല്ല എന്നതാണ് അത്തരമൊരു സാമ്പത്തിക നയത്തിന്റെ പാളിച്ച. എന്നാൽ സുസ്ഥിരമായ സാമ്പത്തിക വളർച്ചയ്ക്ക് അത് അനിവാര്യമായിരുന്നു താനും. ലോക സാമ്പത്തിക ക്രമങ്ങൾ മാറിയതനുസരിച്ച് തൊണ്ണൂറുകളിൽ ഇന്ത്യ ആഗോളവത്കരണത്തിന്റെയും ഉദാരീകരണത്തിന്റെയും പുതിയൊരു ഘട്ടത്തിലേക്കു കടക്കുകയും ചെയ്തു. ഇന്നും പൂർണമായി പൊതുമേഖലയെ ഇന്ത്യ കൈയൊഴിഞ്ഞിട്ടില്ലതാനും.

വിദേശ നയത്തിന്റെ കാര്യത്തിൽ ചേരിചേരാ നയമായിരുന്നു ഇന്ത്യയുടേത്. ലോക വൻശക്തികളുണ്ടാക്കുന്ന ശാക്തിക ചേരികളിലൊന്നും പെടാതെ നിൽക്കുകയായിരുന്നു നെഹ്റു ആവിഷ്കരിച്ച ചേരിചേരാ നയത്തിന്റെ കാതൽ. ഈ നയം സ്വീകരിച്ച രാജ്യങ്ങളുടെ കൂട്ടായ്മയും രൂപപ്പെടുത്തി.സോവ്യറ്റ് പക്ഷത്തും അമേരിക്കൻ പക്ഷത്തും രാജ്യങ്ങൾ ചേർന്നുനിന്ന കാല

മായിരുന്നു അത്. അക്കാലത്താണ് ചേരിചേരാ നയം ആണ് ഇന്ത്യയുടേത് എന്ന് നെഹ്റു പറഞ്ഞത്. അതായത് എല്ലാവരോടും അടുപ്പം, ആരുമായും വിരോധവുമില്ല. എങ്കിലും ഇന്ത്യ കൂടുതൽ അടുത്തുനിന്നത് സോവ്യറ്റ് സോഷ്യലിസ്റ്റ് റഷ്യയോടൊപ്പമായിരുന്നു. അന്ന് അമേരിക്ക പാക്കിസ്ഥാനെ പൂർണമായും പ്രോത്സാഹിപ്പിക്കുന്ന കാലമായിരുന്നു. എന്നാലും ഇന്ത്യയെ അവർ വെറുപ്പിച്ചുമില്ല. തിരിച്ച് ഇന്ത്യയും അമേരിക്കയോട് അങ്ങനെതന്നെയായിരുന്നു. തൊട്ടടുത്ത അയൽ രാജ്യങ്ങളുമായി നല്ല ബന്ധത്തിൽ പോകണമെന്നു തന്നെയായിരുന്നു ഇന്ത്യയുടെ നിലപാട്. ഒരു രാഷ്ട്രം എന്ന നിലയിൽ ഇന്ത്യ അതിന്റെ ശൈശവദശയിലായിരുന്നെങ്കിലും ജവഹർലാൽ നെഹ്റു എന്ന ഇന്ത്യൻ പ്രധാനമന്ത്രിക്ക് ലോകനേതാക്കൾക്കിടയിൽ വലിയ സ്ഥാനമുണ്ടായിരുന്നു. പാക്കിസ്ഥാനും ചൈനയും ഇന്ത്യയോടു ശത്രുത പുലർത്തിയിരുന്നു എന്നത് സത്യം. ചൈന ഒരുകാലത്തും വിശ്വസിക്കാവുന്ന ഒരു രാഷ്ട്രമായിരുന്നില്ല. പഞ്ചശീല തത്വം ഒപ്പിട്ട നെഹ്റുവിന് കനത്ത ആഘാതമായിരുന്നു ചൈന ഇന്ത്യക്കുനേരെ നടത്തിയ ആക്രമണം. എങ്കിലും അവരോടു നിരന്തരം ചർച്ച നടത്തിയും മറ്റും അതിർത്തി പ്രശ്നങ്ങൾ പരിഹരിക്കാൻ ഇന്ത്യ എക്കാലത്തും ശ്രമിച്ചു.

ശ്രീലങ്ക, ബംഗ്ലാദേശ്, നേപ്പാൾ, ഭൂട്ടാൻ, മ്യാന്മർ, മാലദ്വീപ് തുടങ്ങിയ രാഷ്ട്രങ്ങളുമായി ഇന്ത്യ നല്ല ബന്ധം നിലനിർത്തി. ഏതുകാര്യത്തിനു ഈ രാജ്യങ്ങളുടെ ആദ്യ പരിഗണന ഇന്ത്യയായിരുന്നു. അവർക്കായി ഇന്ത്യ കൈയയച്ച് സഹായവും ചെയ്തു. കോൺഗ്രസിൽ നിന്നു ഭിന്നമായി അമേരിക്കയുമായി കൂടുതൽ അടുപ്പം വേണമെന്നതായിരുന്നു ബിജെപിയുടെ നയം. എങ്കിലും അങ്ങനെ തുടർച്ചയായി ഭരണത്തിലെത്താൻകഴിയാതിരുന്നതിനാൽ അക്കാര്യത്തിൽ ഏറെയൊന്നും മുന്നോട്ടുപോകാൻ അവർക്കായിരുന്നില്ല. എന്നാൽ 2014ൽ അധികാരമേറിയതുമുതൽ കോൺഗ്രസ് സർക്കാരിൽ നിന്നു ഭിന്നമായൊരു നയതന്ത്ര സമീപനമാണ് മോദി സർക്കാർ സ്വീകരിച്ചത്. മിക്കവാറും എല്ലാ രാജ്യങ്ങളിലേക്കും യാത്ര നടത്തി ഭരണാധിപന്മാരുമായി വ്യക്തിബന്ധം ഉണ്ടാക്കുകയും അത് ഇന്ത്യക്ക് ഗുണകരമായി മാറ്റുകയും ചെയ്യുക എന്നതായി മോദിയുടെ നയം. ഇതൊക്കെ ഗുണകരമാണ് എന്ന് തുടക്കത്തിൽ തോന്നിച്ചെങ്കിലും അതാണോ യാഥാർഥ്യം എന്ന കാര്യത്തിൽ സംശയമേറുകയാണ്. ഉദാഹരണത്തിന് അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപുമായി നരേന്ദ്ര മോദി വലിയ വ്യക്തി ബന്ധം ഉണ്ടാക്കിയെന്നായിരുന്നു പ്രചാരണം. അമേരിക്കയിലെ ഇന്ത്യൻ വംശജരെ ട്രംപിനനുകൂലമാക്കാൻ പ്രചാരണപ്രവർത്തനങ്ങൾക്കു പോലും ഇന്ത്യൻ പ്രധാനമന്ത്രി നിന്നുകൊടുത്തു എന്ന് ആക്ഷേപമുയർന്നു. പക്ഷേ, വൈറ്റ് ഹൗസിലേക്കുള്ള ട്രംപിന്റെ രണ്ടാം വരവ് ഇന്ത്യക്ക് ഗുണകരമായില്ല എന്നതാണ് സത്യം. ട്രംപിന്റെ രണ്ടുനയങ്ങൾ ഇന്ത്യയെ പ്രതിസന്ധിയിലാക്കുമ്പോൾ അദ്ദേഹത്തിന്റെ മറ്റൊരു അവകാശവാദം നരേന്ദ്ര മോദിയെ വല്ലാതെ വിഷമിപ്പിക്കുകയും ചെയ്തു.

ഇന്ത്യയെ പ്രതിസന്ധിയിലാക്കിയ രണ്ടു നയങ്ങളിൽ ആദ്യത്തേത് ഇന്ത്യൻ ഉൽപന്നങ്ങൾക്കേർപ്പെടുത്തിയ അധിക തീരുവയാണ്. 50ശതമാനം ഇറക്കുമതി തീരുവയാണ് ഇന്ത്യൻ ഉൽപന്നങ്ങൾക്കു ചുമത്തിയത്. അമേരിക്കയിലേക്ക് ഇന്ത്യ കയറ്റുമതി ചെയ്തിരുന്ന സമുദ്രോൽപന്നങ്ങൾ, തുണിത്തരങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട എല്ലാ വ്യവസായങ്ങൾക്കും ഇതു തിരിച്ചടിയായി. കുറച്ചുകാലത്തേക്കെങ്കിലും ഇന്ത്യയിൽ വൻതോതിൽ തൊഴിൽനഷ്ടവും ധനനഷ്ടവും ഉണ്ടാകാൻ ഇത് ഇടയാക്കും. സംസ്കരിച്ച സമുദ്രോൽപന്നങ്ങൾ ഏറ്റവും കൂടുതൽ കയറ്റി അയയ്ക്കുന്ന കേരളത്തിന് ഇതു വലിയ പ്രതിസന്ധിയാണ്. നമ്മുടെ കശുവണ്ടി മേഖലയ്ക്കും നയം തിരിച്ചടിയാകും. യുക്രെയ്നുമായി യുദ്ധം ചെയ്യുന്ന റഷ്യയിൽ നിന്ന് ഇന്ത്യ എണ്ണ ഇറക്കുമതി ചെയ്യുന്നതാണ് ട്രംപിനെ പ്രകോപിപ്പിച്ചതത്രേ. ഇന്ത്യക്ക് എണ്ണ വിൽക്കുന്നതിൽ നിന്നു ലഭിക്കുന്ന പണം യുക്രെയ്നിനെ ആക്രമിക്കാൻ റഷ്യ ഉപയോഗിക്കുന്നതെന്ന ന്യായമാണ് ട്രംപിന്റേത്. ഇതിൽ ഏറ്റവും കൗതുകകരമായ കാര്യം ഇന്ത്യ റഷ്യയിൽ നിന്നു വൻതോതിൽ വിലകുറച്ച് എണ്ണ വാങ്ങുന്നുണ്ടെങ്കിലും ഇന്ത്യയിലെ ഉപഭോക്താക്കൾ ഇപ്പോഴും ഇന്ധനത്തിന് വലിയ വില കൊടുക്കേ



ണ്ടിവരുന്നു എന്നതാണ്. അതായത് അമേരിക്കയെ പ്രകോപിപ്പിച്ച് റഷ്യയിൽ നിന്നു വാങ്ങുന്ന എണ്ണ രണ്ട് ഇന്ത്യൻ കമ്പനികൾ സംസ്കരിച്ച് വിദേശ മാർക്കറ്റിൽ വിറ്റ് വൻതോതിൽ ലാഭമുണ്ടാക്കുന്നു. പക്ഷേ, അതുമൂലം ഉണ്ടാകുന്ന മറ്റു കഷ്ടനഷ്ടങ്ങൾ അനുഭവിക്കേണ്ടിവരുന്നത് സാധാരണ ഇന്ത്യക്കാരും. കാലങ്ങളായി അമേരിക്കൻ വിപണി ലക്ഷ്യമാക്കി പ്രവർത്തിച്ചിരുന്ന കയറ്റുമതി കമ്പനികൾക്ക് പെട്ടെന്ന് പുതിയ വിപണി കണ്ടെത്തുക എളുപ്പമല്ല എന്നത് സ്ഥിതിഗതികൾ കൂടുതൽ വഷളാക്കുന്നു. യൂറോപ്പിലും മറ്റും പുതിയ വിപണി കണ്ടെത്തുമെന്നു പറയുന്നുണ്ടെങ്കിലും അത് എത്രത്തോളം പ്രായോഗികമാകുമെന്ന് കണ്ടറിയണം. ട്രംപ് ഇത്രയും വലിയ ചുങ്കം ഏർപ്പെടുത്തുമെന്ന് ചിന്തിക്കാതിരുന്നതിനാൽ പകരം സംവിധാനം ഏർപ്പെടുത്താൻ ശ്രമമൊന്നും നടത്തിയിരുന്നില്ല. വാങ്ങൽ ശേഷി ഏറ്റവും കൂടുതലുള്ളത് പാശ്ചാത്യ രാജ്യങ്ങൾക്കാണെന്നതും പ്രശ്നം സങ്കീർണമാക്കുന്നു.

എച്ച് 1 ബി വീസയ്ക്ക് ഏർപ്പെടുത്തിയ ഫീസ് വർധനയാണ് ഇന്ത്യയെ പ്രതിസന്ധിയിലാക്കി ട്രംപ് സ്വീകരിച്ച രണ്ടാമത്തെ തീരുമാനം. ഇന്ത്യയിൽ നിന്നുള്ള യുവാക്കൾക്ക് ഇരുട്ടടിയായി മാറുകയാണ് ഈ തീരുമാനം.ഫീസ് ഒരു ലക്ഷം ഡോളർ ആയാണ് വർധിപ്പിച്ചിരിക്കുന്നത്. മുൻപ് മൂന്നു വർഷത്തിലൊരിക്കൽ പുതുക്കാവുന്ന വിസ, ഇനി ഓരോ വർഷവും പുതുക്കണം. അമേരിക്കൻ കമ്പനികൾ ഇന്ത്യയിൽ നിന്നും മറ്റുമുള്ള ഐടി പ്രഫഷനലുകളെ ഉൾപ്പെടെ എച്ച് 1 ബി വീസ നൽകിയാണ് ജോലിക്ക് കൊണ്ടുപോയിരുന്നത്. നിലവിലെ സംവിധാനം പ്രകാരം തൊഴിലുടമയാണ് വീസയ്ക്കുള്ള പ്രോസസിങ് ഫീസ്, രജിസ്ട്രേഷൻ ഫീസ്, നിയമോപദേശം എന്നിവ ഏറ്റെടുക്കുന്നത്. സാധാരണയായി വീസ

മൂന്ന് വർഷത്തേക്ക് അനുവദിച്ച ശേഷം, മറ്റൊരു മൂന്ന് വർഷത്തേക്ക് പുതുക്കാവുന്ന സംവിധാനമുണ്ടായിരുന്നു. എന്നാൽ ട്രംപിന്റെ പുതിയ പ്രഖ്യാപനം ഈ രീതിയെ പൂർണമായി തകർക്കുകയാണ്. ഏഴുലക്ഷത്തോളം ഇന്ത്യക്കാർ ഇപ്പോൾ എച്ച് 1 ബി വീസയിൽ അമേരിക്കയിൽ ജീവിക്കുന്നു. അവിടെ പഠിക്കുന്ന ഇന്ത്യൻ വിദ്യാർഥികളെയും ചേർത്താൽ പത്തുലക്ഷം ഇന്ത്യക്കാരുടെ ജീവിതത്തെയാണ് ഈ തീരുമാനം നേരിട്ട് ബാധിക്കുന്നത്. അമേരിക്കയിലെ ഉന്നതവിദ്യാഭ്യാസം പൂർത്തിയാക്കി തൊഴിൽ രംഗത്തേക്ക് കടക്കാൻ ഒരുങ്ങിയിരിക്കുന്ന ആയിരക്കണക്കിന് വിദ്യാർഥികൾക്ക് അവരുടെ ഭാവി വഴിമുട്ടുകയാണ്. ഇത് ഇന്ത്യക്കുള്ളിൽ ഐടി മേഖലയെ ബാധിക്കുമെന്ന കാര്യത്തിലും സംശയമില്ല. എഐ യുടെ കടന്നുകയറ്റവും മറ്റും കാരണം ഐടി മേഖലയിൽ തൊഴിലവസരം കുറഞ്ഞുവരുന്ന സാഹചര്യമുണ്ട്.

മെയ്ക്ക് അമേരിക്ക ഗ്രേയ്റ്റ് എന്ന് ട്രംപിന്റെ മുദ്രാവാക്യം ഏറ്റുപിടിക്കുമ്പോൾ അത് ഇത്ര മാത്രം പുലിവാലാകുമെന്ന് ഇന്ത്യയിലെ ട്രംപ് അനുകൂലികൾ ചിന്തിച്ചിരുന്നില്ല. ഇന്ത്യയോട് അനുഭാവപൂർണമായ സമീപനമായിരിക്കും ട്രംപിന് ഉണ്ടാവുക എന്ന ചിന്തയൊക്കെ പാഴായി. കാര്യങ്ങൾ ഏതുവഴിക്കു പോകുമെന്ന് കാത്തിരുന്നു കാണാം.

ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുടലെടുത്ത പ്രശ്നം ഒത്തുതീർപ്പായത് തന്റെ മുന്നറിയിപ്പിനെത്തുടർന്നാണെന്ന ട്രംപിന്റെ അവകാശവാദം കുറച്ചൊന്നുമല്ല ഇന്ത്യയെ വിഷമിപ്പിച്ചത്. ഇന്ത്യ പാക്ക് സംഘർഷത്തിൽ മൂന്നാം കക്ഷിയുടെ ഇടപെടൽ അംഗീകരിക്കില്ല എന്നതാണ് ഇന്ത്യയുടെ പ്രഖ്യാപിത നിലപാട്. പിൻവാതിൽ ചർച്ചകൾ പലതും നടക്കാറുണ്ടെങ്കിലും ആരും അക്കാര്യത്തിൽ അവകാശവാദം ഉന്നയിക്കാറുണ്ടായിരുന്നില്ല. എന്നാൽ എല്ലാ നയതന്ത്ര മര്യാദകളും ലംഘിച്ചാണ് ട്രംപ് ഇക്കാര്യത്തിൽ വീണ്ടും വീണ്ടും അവകാശവാദമുന്നയിക്കുന്നത്. ട്രംപ് പറയുന്നത് കള്ളമാണെന്നു പറയാമോ എന്ന് രാഹുൽ ഗാന്ധി പാർലമെന്റിൽ ചോദിച്ചപ്പോഴും തന്ത്രപരമായ ഒഴിഞ്ഞുമാറ്റം നടത്താനേ പ്രധാനമന്ത്രിക്കായുള്ളു.

ഇതിനിടയിലാണ് അയൽരാജ്യങ്ങളുമായി ഇന്ത്യയുടെ ബന്ധം സുഖകരമല്ലാതാകുന്നത്. ബംഗ്ലദേശിൽ പെട്ടെന്നുണ്ടായ കലാപവും ഭരണമാറ്റവും നേരത്തേ അറിയുന്നതിൽ ഇന്ത്യൻ ഇന്റലിജൻസ് സംവിധാനങ്ങൾക്കു പാളിച്ചയുണ്ടായോ എന്ന സംശയം നിലനിൽക്കെയാണ് നേപ്പാളിലും സമാന സംഭവമുണ്ടാകുന്നത്. ബംഗ്ലദേശിൽ പുതിയതായി അധികാരമേറ്റവർക്ക് ഇന്ത്യയോട് വലിയ മമതയൊന്നുമില്ല. നേപ്പാളിൽ നിമിഷനേരത്തിനുള്ളിലാണ് വലിയ കലാപവും ഭരണമാറ്റവുമുണ്ടായത്.ഈ രണ്ടു രാജ്യങ്ങളിലും സ്വാധീനം വർധിപ്പിക്കാൻ ചൈന ശ്രമിക്കുന്നുണ്ട് എന്നത് സത്യമാണ്. മാലദ്വീപിലും ശ്രീലങ്കയിലും ചൈന സ്വാധീനം വർധിപ്പിക്കാൻ ശ്രമിക്കുന്നു. അമേരിക്കൻ സ്വപ്നം സഫലമാകാതിരുന്നപ്പോൾ ചൈനയുമായി തന്ത്രപരമായ വ്യാപാര ബന്ധം ഉണ്ടാക്കാൻ നമ്മൾ ശ്രമിക്കുന്നുണ്ട്. ഷാങ്ഹായ് സഹകരണ ഉച്ചകോടിക്കായി ചൈനയിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി ചില നീക്കങ്ങൾ നടത്തിയെങ്കിലും എത്രത്തോളം ഫലപ്രദമാകുമെന്നറിയില്ല. ചൈന അമേരിക്കയുടെ മറ്റൊരു പതിപ്പാണെന്നു മറക്കരുത്.

അമേരിക്കയ്ക്ക് എന്നും അമേരിക്കയെ മാത്രമേ ഇഷ്ടമുള്ളു എന്നതാണ് സത്യം. അവരുടെ താൽപര്യം സംരക്ഷിക്കുക മാത്രമാണ് അവരുടെ ലക്ഷ്യം. അതിനായി ലോകത്തെവിടെയും കടന്നുകയറാനും ഏതു ഭരണകൂടത്തെയും അസ്ഥിരപ്പെടുത്താനുംഅമേരിക്കയ്ക്കു മടിയില്ല. അതു മനസ്സിലായതുകൊണ്ടാവും മുൻ ഭരണാധികാരികൾ അമേരിക്കയുമായി തന്ത്രപരമായ ഒരകലം പാലിച്ചിരുന്നത്. എന്നാൽ അവരെ വെറുപ്പിച്ചിരുന്നുമില്ല. എന്നാൽ ഇത്തരം നയതന്ത്ര രീതികൾക്കപ്പുറമാണ് ലോകനേതാക്കളുമായി താനുണ്ടാക്കുന്ന വ്യക്തിബന്ധം എന്ന സമീപനമാണ് മോദി കൈക്കൊണ്ടത്. ആ രീതിയിൽ നിന്ന് ഒരു പൊളിച്ചെഴുത്ത് വേണോ എന്ന ചിന്ത ഉണ്ടാകുമോ എന്നറിയില്ല. എങ്കിലും ഏറ്റവും അവസാനമുണ്ടായ ഒരു കാര്യം കൂടി പറഞ്ഞുനിർത്താം. എക്കാലത്തും ഗൾഫ് രാജ്യങ്ങളുമായി ഇന്ത്യക്ക് നല്ല ബന്ധം ആയിരുന്നു. എന്നാൽ സൗദി അറേബ്യയും പാക്കിസ്ഥാനും തമ്മിലുണ്ടാക്കിയ പുതിയ കരാർ



നമുക്ക് തിരിച്ചടിയായി എന്നു പറയാതെവയ്യ. പാക്കിസ്ഥാനെതിരെ ഉണ്ടാകുന്ന ഏത് ആക്രമണവും തങ്ങൾക്കെതിരെയുള്ളതാണെന്നു കരുതമെന്നാണ് കരാറിൽ പറയുന്നത്. സൗദിയും ഇന്ത്യയുമായി നല്ല ബന്ധം ഉണ്ടായിരിക്കെ തന്നെ പാക്കിസ്ഥാനുമായി ഇങ്ങനെയൊരു കരാർ ഉണ്ടായി എന്നത് നമ്മെ ഇരുത്തിച്ചിന്തിപ്പിക്കണം. നയതന്ത്ര സമീപനങ്ങളിൽ പൊളിച്ചെഴുത്ത് ആവശ്യമെങ്കിൽ അതു ചെയ്യുക തന്നെ വേണം

**മൊമ്പൊടി**

ജിഎസ്ടിയിൽ വൻ വെട്ടിക്കുറവാണ് വരുത്തിയിരിക്കുന്നതെന്നാണ് യൂനിയൻ സർക്കാർ പറയുന്നത്. 28 ശതമാനം എന്ന സ്ലാബ് 18 ശതമാനമായും 12 എന്ന സ്ലാബ് 5 ശതമാനമായും വെട്ടിക്കുറച്ചു. വാഹന വിലയിൽ ഉൾപ്പെടെ കുറവ് ഉണ്ടായിട്ടുണ്ട്. ഇത് ജനങ്ങൾക്കു നൽകിയ വലിയ സമ്മാനമാണെന്നാണ് അവകാശവാദം. കഴിഞ്ഞ 7 വർഷമായി വലിയ നികുതി ഭാരം ജനങ്ങൾക്കു മേൽ അടിച്ചേൽപിച്ച് വൻതുക സമാഹരിച്ച ശേഷം നികുതിയിൽ കുറവു വരുത്തി ജനങ്ങൾക്ക് വലിയ സമ്മാനം നൽകുന്നു എന്നു പറയുന്നതിൽ എന്തർഥം. ജനങ്ങളിൽ നിന്നു പിഴിഞ്ഞെടുത്തതിന്റെ ഒരു പങ്കെങ്കിലും തിരിച്ചുകൊടുക്കാൻ സംവിധാനമുണ്ടായിരുന്നെങ്കിൽ നന്നായിരുന്നു. ഇപ്പോഴും ഇന്ധനത്തിന് വലിയ നികുതി ഏർപ്പെടുത്തി ജനങ്ങളുടെ പോക്കറ്റ് ചോർത്തുന്ന ഏർപ്പാടിന് മാറ്റമൊന്നും വന്നിട്ടില്ലതാനും.

**ഉപകാരസ്മരണ**



ഒരു വിശ്വാസി

www.malankaralibrary.com



ആരാധനക്രമ പഠന ലേഖനങ്ങൾ – 15

## ശ്റോഗോ ദ് ഉറ്ഹോ (വഴിവിളക്ക് )

# ആരാധനാ വർഷാചരണവും ആരാധനാ ദൈവ ശാസ്ത്രവും

**റവ. ഡോ. തോമസ് പ്രമോദ് ഒ.ഐ.സി.**



ക്രിസ്തീയജീവിതം ആത്യന്തികമായി രഹസ്യാത്മകമാണ്. സ്വർഗ്ഗത്തോടുള്ള ഭക്തിയും പറുദീസായിലേക്കുള്ള പുന:പ്രവേശനവും ഈ ജീവിത മുന്നേറ്റത്തിൽ അന്തർലീനമായിരിക്കുന്നു. നഷ്ടപ്പെട്ട പറുദീസാ വാസത്തോടുള്ള ഗൃഹാതുരത്വ അനുഭവം ദൈവ മഹത്വപ്പെടുത്തലിന് പാതയൊരുക്കുന്നു. സ്വയം ശൂന്യവൽക്കരണത്തിലൂടെ ദൈവീക സ്നേഹം പ്രകടമാക്കിയ ക്രിസ്തു സംഭവങ്ങൾ, ആഘോഷത്തിനും പ്രഘോഷണത്തിനും വിഷയമാക്കുന്നു. സ്വർഗീയ സൗന്ദര്യത്തിന്റെ മുന്നാസ്വാദനം ഭൗമിക ജീവിതത്തിൽ ആരാധകർക്ക് ലഭ്യമാകുന്നു. സ്വർഗ്ഗം – ഭൂമി കണ്ടുമുട്ടലുകൾ

ഇവിടെ സംജാതമാകുന്നു. വിശ്വാസികളുടെ ഈ കൂടി വരവ് 'ആരാധന കൂട്ടായ്മ' എന്നറിയപ്പെടുന്നു. ദൈവവും മനുഷ്യനും തമ്മിലുള്ള ഉടമ്പടിബന്ധം ഈ കൂട്ടായ്മ പ്രദാനം ചെയ്യുന്നു. 'നീ എന്നെ മെനഞ്ഞു; നിന്റെകരം എന്റെ മേൽ നീ വച്ചു. ആദിയിൽ വെള്ളിയാഴ്ച ദിവസം ദൈവം ആദാമിനെ മണ്ണിൽ നിന്നും സൃഷ്ടിച്ചു. അവനിൽ ആത്മാവിനെ നിശ്വസിച്ചു; തന്റെ സ്രഷ്ടാവിന് സ്തുതി പാടുവാനും സ്തോത്രം ചെയ്യുവാനും അവനെ താൻ സംസാര ശക്തിയുള്ളവനാക്കിത്തീർത്തു'(ശ്ഹീമ്മോ, വെള്ളി സന്ധ്യ). ആരാധനയുടെ മനുഷ്യനായി ആദാമിനെ സൃഷ്ടിച്ചപ്പോൾ, പിൻ തലമുറ ആയിത്തീരേണ്ടതായ ആരാധനാസ്തിത്വം ഈ പ്രാർത്ഥനാ മഞ്ജരി വ്യക്തമാക്കുന്നു.

ആരാധനയെന്നത്, ക്രിസ്തീയ ജീവിതത്തിന്റെ നിയോഗമാണ്. ലോകത്തിലായിരിക്കുന്ന നമ്മുടെ അസ്തിത്വത്തിന്റെ കാരണം തന്നെ ദൈവത്തെ മഹത്വപ്പെടുത്തുക എന്നതാണ്. ഈ വിളിയുടെ പൂർത്തീകരണം ദൈവസ്തുതിയുടെ അവതരണമാണ്. സങ്കീ. 139/ 5 ൽ പറയുന്നു: 'നീ എന്നെ സൃഷ്ടിച്ചു, നിന്റെ കരം എന്റെ മേൽ ഉണ്ട്'. സുറിയാനി പിതാക്കന്മാർ ഈ വേദഭാഗത്തെ നിർവചിക്കുന്നത് 'നീയെന്നെ പുരോഹിതനായി വാഴിച്ചു' എന്നാണ്. ഈ പാരമ്പര്യപ്രകാരം ആദം ഒരു പുരോഹിതനായി സൃഷ്ടിക്കപ്പെട്ടു; ദൈവത്തെ മഹത്വപ്പെടുത്തുവാനും സൃഷ്ടിക്ക് മുഴുവൻ വേണ്ടി മാധ്യസ്ഥ്യം യാചിക്കുവാനും വേണ്ടി അവൻ ഒരു പുരോഹിതനായി ത്തീർന്നു. മാനവ കുലത്തിന്റെ പ്രതിനിധിയായി ദൈവത്തെ മഹത്വപ്പെടുത്തേണ്ടതായ ഉത്തരവാദിത്വമായിരുന്നു ആദ്യ മനുഷ്യന് നല്കപ്പെട്ടത്. പറുദീസായിലെ വാസം ദൈവത്തെ പുകഴ്ത്തുവാനുള്ള വിളിയായിരുന്നു; എന്നാൽ അവിടെ സംഭവിച്ച അധഃപതനം പൗരോഹിത്യ ധർമ്മത്തിലെ അപചയമായി അവതരിപ്പിക്കപ്പെടുന്നു. ആയതിനാൽ മനുഷ്യാവതാരം നിർവചിക്കപ്പെടുന്നത് 'മാനവനെ സംഗീതം പഠിപ്പിക്കുവാനുള്ള'– ആരാധന പരിശീലിപ്പിക്കുവാനുള്ള– 'ബോധനവിദ്യയായിട്ടാണ്'. ആരാധന എന്നത് സ്വർഗ്ഗീയ കൂട്ടായ്മയിൽ ജീവിക്കുവാനുള്ള ദൈവിക ഭാവമാണ്; അതോടൊപ്പം മാനവന് നഷ്ടപ്പെട്ട ആദ്യ മഹത്വത്തിന്റെ വാസസ്ഥലത്തേക്ക് തിരികെ എത്തുവാനുള്ള അതിയായ ആഗ്രഹവുമാണ്. ലോകം എന്തായിരിക്കണം എന്നുള്ള ദൈവീക പദ്ധതിയുടെ അവസ്ഥയും പുനഃപ്രവേശനവുമാണിത്. ആരാധനയെ നിർവ്വചിക്കുവാൻ സുറിയാനി പിതാക്കന്മാർ മുതിരുന്നില്ല. കാരണം അതൊരു ജീവിതവും ജീവിതാവസ്ഥയുമാണ്. ക്രിസ്തീയ അസ്തിത്വം ആരാധനാ ജീവിതത്തിന്റെ പൂർത്തീകരണമാണ്. ക്രിസ്ത്യാനി ഒരു 'ആരാധന ജീവിയാണ്'. ആരാധനയിലൂടെയാണ് അവൻ തന്റെ സ്വത്വം അർത്ഥപൂർണ്ണമാക്കുന്നത്.

## ദൈവശാസ്ത്രം

ദൈവശാസ്ത്രമെന്നത്, വിശ്വാസത്തിന്റെ പ്രഘോഷണവും ശാസ്ത്രീയമായ അവതരണവുമാണ്. പൗരസ്ത്യ സഭാദർശനം വ്യക്തമാക്കുന്ന പ്രകാരം ഇത് ആരാധനയുടെ വ്യാഖ്യാനവും ആവിഷ്കരണവുമാണ്. ആരാധിക്കുന്ന സമൂഹത്തിന്റെ രഹസ്യാത്മകത അത് വിശകലനം ചെയ്യുന്നു. ദൈവിക രഹസ്യങ്ങൾ ചരിത്രത്തിൽ എങ്ങനെ വെളിപ്പെടുത്തപ്പെട്ടുവെന്ന് ഇവിടെ അഭ്യാസനം ചെയ്യുന്നു. നിർവചനങ്ങളാൽ നിറയപ്പെട്ട ബൗദ്ധിക പ്രതിഭാസമല്ലിത്; പിന്നെയോ ദൈവിക അനുഭവത്തിൽ നിന്നും ഉണ്ടാകുന്ന മൗലീക അനുഭവമാണിത്. അതാണ് ദൈവശാസ്ത്രത്തിന്റെ ആന്തരികഭാവം. വിശ്വാസത്തിന്റെ ആന്തരികതയാണ് ഇവിടെ അവതരിപ്പിക്കപ്പെടുന്നത്. ഇത് പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യാത്മകതയിൽ അധിഷ്ഠിതമാണ്. അതിന്റെ വെളിപാടും അതിനോടുള്ള ഭക്തരുടെ പ്രത്യുത്തരവുമാണിത്. ദൈവശാസ്ത്രത്തിന്റെ മേഖല വിശുദ്ധ സഭയാണ്. കാരണം സഭയിലാണ് ആരാധന ആഘോഷിക്കപ്പെടുന്നത്. അവളുടെ തനിമയുടെ ആവിഷ്കരണമാണത്. സഭയുടെ രഹസ്യാത്മകത ഉൾക്കൊള്ളാൻ സാധിക്കാതെ വരുമ്പോൾ ദൈവശാസ്ത്രം വികലമാകുന്നു. ആരാധനയുടെ അർത്ഥതലങ്ങൾ അനുഭവ തലങ്ങളിലേക്ക് എത്തിക്കുന്നതാണ് ഇതിന്റെ ഉദ്യമം. അത്തരം സാഹചര്യത്തിലാണ് ചരിത്രത്തിൽ സംഭവ്യമായ 'ആരാധനയുടെ തടങ്കൽ കാലഘട്ടം' ഉണ്ടായിട്ടുള്ളത്. ഉറവിടങ്ങളോട് ബന്ധപ്പെടുത്തി ആരാധനയെ പഠനവിഷയമാക്കാൻ പരാജയപ്പെട്ട ഒരു കാലഘട്ടമാണിത്. ഒരു സഭയുടെ യഥാർത്ഥത്തിലുള്ള ആരാധനയുടെ തനിമ നിലനിർത്തുന്നതാണ് ദൈവശാസ്ത്ര പഠനത്തിന്റെ ആത്യന്തിക ഉദ്യമം.

## ആരാധനാ ദൈവശാസ്ത്രം

ഉറവിടങ്ങളിലേക്ക് മടങ്ങിപ്പോകലിനുള്ള ഒരു ഉത്സാഹം ദൈവശാസ്ത്രമേഖലയിൽ സംഭവ്യമായി. ആദിമസഭയുടെ കാഴ്ചപ്പാടിലേക്കുള്ള



തിരിച്ചുപോകലിന് ഇത് വഴിയൊരുക്കി. ആരാധന, പ്രധാന ഉറവിടമായുള്ള 'ഒന്നാന്തരം ദൈവശാസ്ത്രം' (Theologia Prima) സംജാതമായി. ഒരു സഭയുടെ തനിമയിലേക്കുള്ള യാത്രയാണിത്. ആരാധനയെക്കുറിച്ചുള്ള ദൈവശാസ്ത്രം (Theologia secunda) എന്നതിലപ്പുറം ആരാധനയിൽ നിന്ന് ഉത്ഭവിക്കുന്ന ദൈവശാസ്ത്രം പിറവിയെടുത്തു. സ്ത്രോതസ്സുകളിൽ ഒന്നായി ആരാധനയെ കാണുകയല്ല; പിന്നെയോ യഥാർത്ഥ ഉറവിടമായി അതിനെ ഉൾക്കൊള്ളുകയാണിവിടെ. വിശുദ്ധ ഗ്രന്ഥം, വിശുദ്ധ പാരമ്പര്യം എന്നിവയുടെ സമ്മേളനം ആരാധനയിൽ സംഭവിക്കുമ്പോൾ അത് 'രഹസ്യങ്ങൾ നിർഗളിക്കുന്ന നീർച്ചാൽ' ആയി ഭവിക്കുന്നു.

വിശുദ്ധ സഭ എന്നു പറയുന്നത് വിശ്വാസസത്യങ്ങളുടെ സമാഹാരമാണ്. അവിടെയാണ് ആരാധന ആഘോഷിക്കപ്പെടുന്നത്. അതിലൂടെയാണ് യഥാർത്ഥമായ പഠിപ്പിക്കലുകൾ സംജാതമാകേണ്ടത്. ആരാധനയെ 'ദൈവത്തിൻറെ വ്യാകരണം' എന്ന് വിശേഷിപ്പിക്കുമ്പോൾ ദൈവ-മനുഷ്യ സംഭാഷണത്തിനുള്ള അനിവാര്യത അത് ഉൾക്കൊള്ളുന്നു. ആരാധനയിൽ നിറഞ്ഞു നിൽക്കുന്ന ദൈവശാസ്ത്ര വിശകലനമായ 'പ്രാർത്ഥനയുടെ നിയമം വിശ്വാസത്തിന്റെ അടിസ്ഥാനമാകുന്ന' കാഴ്ചപ്പാടാണിത്. 'സഭയുടെ സംഗീതം' എന്ന് വിളിക്കുന്ന ആരാധനയുടെ 'സ്വര, താള, ലയം' ഇവിടെ പഠന വിഷയമാക്കുന്നു. അങ്ങനെ പങ്കാളിത്ത ദൈവശാസ്ത്രം ഉത്ഭവിക്കുന്നു. ദൈവശാസ്ത്രം, ത്രിത്വ രഹസ്യത്തിൽ അധിഷ്ഠിതമാണ് എന്നുള്ളതാണിതിന്റെ കാരണം. ദൈവിക രഹസ്യങ്ങളാണ് ഇവിടെ പുകഴ്ത്തപ്പെടുന്നത്. പരസ്പര പൂരകമായ ബന്ധം ആരാധനയും ദൈവശാസ്ത്രവും ഉൾക്കൊള്ളുന്നു. ആരാധനയുടെ പ്രതീകാത്മകത പഠന വിഷയമാക്കുമ്പോൾ അതിലെ പങ്കാളിത്തം അർത്ഥപൂർണമാകുന്നു. ദൈവശാസ്ത്രജ്ഞർ പ്രാർത്ഥനയുടെ മനുഷ്യരാകുന്നു. താപസ സംസ്കൃതിയിൽ സ്ഫുടം ചെയ്യപ്പെട്ട ജീവിതക്രമത്തിന് അവർ ഉടമകളുമാകുന്നു.

**പ്രാർത്ഥനയുടെ നിയമം**
**വിശ്വാസത്തിന്റെ നിയമം**

ആരാധനാദൈവ ശാസ്ത്രത്തിന്റെ അടിസ്ഥാന ആപ്തവാക്യമാണ് പ്രോസ്പർ ഓഫ് അകിറ്റയന്റെ 'പ്രാർത്ഥനയുടെ നിയമം വിശ്വാസത്തിന്റെ നിയമം' എന്നത്. ആരാധനയുടെ സാരാംശം ദൈവശാസ്ത്രത്തിന്റെ ഉള്ളടക്കമായി മാറ്റപ്പെടുന്നു. വിശ്വാസത്തിന്റെ പ്രമേയമാണ് ഇവിടെ പ്രതിപാദ്യ വിഷയമാക്കുന്നത്. ഉറവിടങ്ങളിൽ വിശ്വാസത്തെ കണ്ടെത്തുവാനും പ്രഘോഷിക്കുവാനും ആഘോഷിക്കുവാനും ഇവിടെ സംഗതിയാകുന്നു. ദൈവീകമായ കണ്ടുമുട്ടൽ വിശ്വാസത്തിന്റെ ആദ്യ പ്രകടനമായിരുന്നു. രക്ഷാകര ചരിത്രത്തിലെ രഹസ്യാത്മകമായ ദൈവമനുഷ്യ അഭിദർശനങ്ങൾ വിശ്വാസത്തിന്റെ അനിവാര്യ ഘടകങ്ങളായി അവതരിപ്പിക്കപ്പെടുന്നു.

വിശ്വാസത്തിന്റെ ഉറവിടങ്ങളിലേക്കുള്ള ഒരു യാത്രാ നിയമമാണിത്. ആരാധന, വിശ്വാസ സംഹിതയെ രൂപീകരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നു. ഓരോ ആരാധനക്രമവും സഭയുടെ തനതായ വിശ്വാസപ്രഘോഷണങ്ങൾക്ക് ജന്മം നൽകുന്നു. വിശ്വാസത്തിന്റെ നിയമമാകട്ടെ പ്രാർത്ഥനയുടെ നിയമത്തെ സ്വാധീനിക്കുന്നു; എന്നാൽ സ്ഥാപിക്കപ്പെടുന്നില്ല. രണ്ടു നിയമങ്ങളും പരസ്പര പൂരകങ്ങളായി അഭേദ്യമായ ബന്ധം കാത്ത് സൂക്ഷിക്കുന്നു. ആരാധന ദൈവശാസ്ത്രത്തിന്റെ അസ്ഥിവാരം സൂചിപ്പിക്കുന്ന ഈ ആപ്തവാക്യം, ദൈവശാസ്ത്രത്തിന്റെ ഉറവിടത്തെ കണ്ടെത്തുവാനും ദിശാബോധം നൽകുവാനുമുള്ള ശ്രമം നടത്തുന്നു.

**ആരാധന വർഷാചരണവും മലങ്കര സുറിയാനി കത്തോലിക്കാ സഭയും**

മലങ്കര സുറിയാനി കത്തോലിക്കാ സഭ പുനരൈക്യ ശതാബ്ദിയുടെ യാത്രാപടവുകളിലൂടെ മുന്നേറുകയാണ്. ഒരുക്കത്തിന്റെ ഈ നാളുകളിൽ 'ആരാധനാ വർഷം' ദ്വിതീയ പടവായി കടന്നുവരുന്നു. സഭയുടെ തനിമയുടെ സ്വത്വബോധത്തിലേക്കുള്ള എത്തിനോട്ടമാണ് ഈ കാലഘട്ടം. അവളുടെ അസ്തിത്വത്തിന്റെ വിളിയും പ്രത്യുത്തരവും കണ്ടെത്തുന്ന കാലഘട്ടമാണിത്. ആദ്യ ചൈതന്യത്തിലേക്കും ഉറവിടങ്ങളിലേക്കുള്ള യാത്രയാണിത്. വെളിപ്പെടുത്തുന്ന ത്രിയേക ദൈവത്തിന്റെ രഹസ്യങ്ങൾ ആഘോഷിക്കപ്പെടുവാനുള്ള വേദിയാണിത്. സഭയുടെ തിരുവചന സമ്പത്തും പാരമ്പര്യവും സമഞ്ജസമായി സമ്മേളിക്കുന്ന ആത്മീയ സമ്പത്ത് കണ്ടെത്തുന്ന ഒരു കാലഘട്ടമാണിത്. തിരുവചനാ ധനാഢ്യത വിവരിക്കപ്പെടുന്ന പ്രതീകാത്മകങ്ങൾ അർത്ഥപൂർണ്ണമായി ആഘോഷിക്കുവാനുള്ള അവസരവും സഭയുടെ ജീവാത്മാവിനെ കണ്ടെത്തുവാനുള്ള ഒരു വേദിയുമാണിത്. സഭയുടെ ആരാധനാ സ്വഭാവത്തെ സാക്ഷാത്ക്കരിക്കുതിനുള്ള അവസരമാണിത്. സമ്പന്നമായ പ്രതീകാത്മകതയുടെ ആഴവും അർത്ഥവും മനസ്സിലാക്കാനുള്ള ശ്രമം നടത്തുന്നു. ദൈവ മഹത്വീകരണം, ആരാധകരുടെ വിശുദ്ധീകരണം, വിശ്വാസ സത്യങ്ങളുടെ പ്രഘോഷണം, ശൂന്യവൽക്കരണത്തിന്റെ ക്രിസ്തു സംഭവങ്ങളുടെ ആഘോഷം, പ്രാർത്ഥനയുടെ മനുഷ്യനായ ക്രിസ്തുവിനെ അനുധാവനം ചെയ്യൽ, ജീവിത കേന്ദ്രീകൃതവും അസ്തിത്വ പൂർണ്ണവുമായ അർത്ഥം കണ്ടെത്തൽ, യുഗാന്ത്യോൻമുഖമായ യാത്രയ്ക്ക് അർത്ഥപൂർണ്ണത നൽകൽ എന്നിവ സഭയിൽ നടപ്പിലാക്കുവാൻ ഈ കാലഘട്ടം പ്രത്യേകം ശ്രദ്ധ വയ്ക്കുന്നു.

ഉപകാരസ്മരണ



ഒരു വിശ്വാസി

ഉപകാരസ്മരണ



ഒരു വിശ്വാസി

www.malankaralibrary.com

# മലങ്കര സുറിയാനി കത്തോലിക്കാ സഭ

## പുനരൈക്യ ശതാബ്ദി ആഘോഷം

## 2030

മലങ്കര സുറിയാനി കത്തോലിക്കാ സഭ

ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുക

ആരാധനക്രമ വർഷം 2025 - 2026

പുനരൈക്യ ശതാബ്ദി ആഘോഷം - 2030

# ആരാധനക്രമ വർഷം

2025 സെപ്തംബർ 20 - 2026 സെപ്തംബർ 19

ܢܣܓܕܘܢ ܠܐܒܐ ܒܪܘܚܐ ܘܒܫܪܪܐ

"ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുക" (യോഹ. 4:23)

തിരുവനന്തപുരം മേജർ അതിഭദ്രാസനം

www.malankaralibrary.com

# അന്ത്യാഞ്ജലി



**Cardinal Lucian Muresan**
**Major Archbishop of the Romanian Greek-Catholic Church, died on 25 September in Blaj at the age of 94.**

RNI Licence No. 5675/1960
Registered-Postal Reg.No.KL/TV(N)/284/2024-2026
Date of Publication 29-9-2025
www.malankaralibrary.com
Christavakahalam Monthly, OCTOBER 2025
Annual Subscription Rs. 150/-
Single Copy Rs. 15/-

## മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രഥമ പ്രസിദ്ധീകരണം.
## ആകർഷകമായ രൂപകല്പനയിൽ എല്ലാ കുടുംബങ്ങളിലേക്കും....

# ക്രൈസ്തവ കാഹളം



## വായിക്കുക – പ്രചരിപ്പിക്കുക – വരിക്കാരാക്കുക

Published by The Director, Communication Media, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum-4, Ph: 0091 471 2446116, 2443374,
e-mail:stmaryspresspattom@gmail.com